R. No. ... 01 ...

വാർഷികം 2 രൂ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 മിഥുനം 27—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1951 ജൂലൈ 11 | ലക്കം 44

# ഭർത്താവിൻെറ പിന്നാലെ

"ഡെയിലിവർക്കർ" എന്ന അമേരിക്കൻ കമ്മ്യൂണിസ്റ്റ് പത്രത്തിൻെറ അധിപരായിരിക്കവേ കമ്മ്യൂണിസം ഉപേക്ഷിച്ച്
കത്തോലിക്കാസഭയിൽ പ്രവേശിച്ച ലൂയിസ് ബൂഡൻസിൻെറ സഹധർമ്മിണി
മാർഗരററ് ബൂഡെൻസിൻെറ ഭൂതകാലസ്മരണകൾ

എല്ലാ വഴികളും റോമിലേക്കു നയിക്കുന്നു എന്ന ചൊല്ല് വളരെ പഴയതായി തോന്നിയേക്കാം. അതെങ്ങനെയായാലും വിശുദ്ധവത്സരത്തിൽ കരയും കടലും



ആകാശവും കടന്ന് ആയിരക്കണക്കിനു തീർത്ഥകർ നിത്യനഗരത്തിൽ എത്തുകയുണ്ടായി. വീട്ടിൽത്തന്നെ താമസിക്കുവാൻ നിർബന്ധരായിരുന്ന നമ്മിൽ ചിലർ മാനസികമായ ഒരു തീർത്ഥയാത്രകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. ചിലർ തിരിച്ചുവന്നു, ചിലർ ആദ്യമായി വരുന്നു —ഇക്കൂട്ടരാണ് സത്യവിശ്വാസത്തിനു പുറത്തുള്ളവർ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതു. അഞ്ചുകൊല്ലം മുമ്പ് ഞാനും റോമിലേക്കുള്ള എൻെറ പ്രത്യേകവഴി കണ്ടുപിടിക്കുയുണ്ടായി. ഞാൻ സഞ്ചരിച്ച വക്രമായ വഴികൾ ബലിപീഠസമീപത്തിലേക്ക് എന്നെ ആനയിക്കുമെന്ന് അടുത്തകാലംവരെ അല്പമായിട്ടുപോലും ഞാൻ കരുതുകയുണ്ടായില്ല.

കത്തോലിക്കനാകുന്ന ഒരുവനെ ഏററം അത്ഭുതപ്പെടുത്തുന്ന ഒരു സംഗതിയുണ്ട്. മതത്തിൽനിന്നും അകന്ന അകററുന്ന അതേ അനുഭവങ്ങൾതന്നെ ക്രിസ്ത്യാനിയാകുന്നതിനുള്ള അനുഗ്രഹങ്ങൾ പ്രദാനംചെയ്യുന്നു എന്നുള്ളതാണത്. എൻെറ കഴിഞ്ഞകാലത്തെപ്പററി ചിന്തിക്കുമ്പോൾ ദൈവത്തോടുകൂടെയുള്ള ഒരു ജീവിതത്തിനായി സൃഷ്ടിക്കപ്പെട്ട എനിക്ക് ഭൗതികവാദത്തിലും നിരീശ്വരത്വത്തിലും അടിയുറച്ച ഒരു ജീവിതത്തിൽനിന്നും അയത്നമായി പിന്തിരിയുവാൻ എങ്ങനെ സാധിച്ചു എന്നോർത്തു ഞാൻ അത്ഭുതപ്പെടാറുണ്ട്. വിശ്വാസവരത്തിൻെറ അത്യത്ഭുതകരമായ പ്രവർത്തനങ്ങളിൽ ഒന്നാണതു്.

എൻെറ കുട്ടിക്കാലത്തോ, വിദ്യാഭ്യാസകാലത്തോ, യൗവനത്തിലോ ദൈവമാതാവിനെപ്പററി ഒരു ചിന്തപോലും എനിക്കുണ്ടായിട്ടില്ല. ദൈവത്തിൻെറ മഹത്വത്തെപ്പററി ഒരിക്കൽപ്പോലും ഞാൻ ഗാഢമായി ചിന്തിച്ചിട്ടില്ല. ക്രിസ്തുനാഥൻെറ ഉത്ഥാനം, സത്യസഭയുടെ സ്ഥാപനം ഇവസംബന്ധിച്ച് എന്തെങ്കിലും പരിജ്ഞാനിയമായി ഉണ്ടെന്നു ഞാൻ വിചാരിച്ചില്ല. എന്നാൽ ഇന്നാകട്ടെ ഞാൻ സത്യവിശ്വാസത്തിൽ ജനിച്ചില്ലെന്നോർത്തു എൻേറയും എൻെറ കുട്ടികളുടേയും ജീവിതത്തെ ഈ വിഷയങ്ങൾ ഗാഢമായി സ്പർശിച്ചിരിക്കുന്നു.

മതം എൻെറ കുട്ടിക്കാലത്തു് ഞങ്ങളുടെ കുടുംബത്തിൻെറ അനുദിനജീവിതത്തിലെ ഒരു ഭാഗമായിരുന്നില്ല. എൻെറ പിതാവ് വടക്കേ അയർലണ്ടിലെ ഒരു യൂനിറേററിയനായിരുന്നു; മാതാവാകട്ടെ ജർമ്മൻകാരിയായ ഒരു ലൂതറൻ മതാവലംബിനിയും. ഒരു പ്രെസ്ബിറേററിയൻ വൈദികൻ നടത്തിക്കൊടുത്ത "മിശ്രവിവാഹം" മായിരുന്നു അവരുടേതു്. ഞങ്ങളുടെ ജ്ഞാനസ്നാനത്തെപ്പററി ഞാൻ ഓർക്കുന്നുണ്ട്—ഒരു സായാഹ്നത്തിൽ ഞങ്ങളുടെ വീടിൻെറ പൂമുഖത്തു വച്ച് ഞാനും സഹോദരനും സഹോദരിയും ഒരുമിച്ചായിരുന്നു അതു സ്വീകരിച്ചതു്. ഒരു സ്ഫടികക്കടത്തിലെ വെള്ളം

അതിനുപയോഗിക്കപ്പെട്ടു. ഒരു പ്രെസ്ബിറേററിയൻ ദേവാലയത്തിൽ ഞാൻ വേദപാഠം ആരംഭിച്ചു. എൻെറ ഒരു അമ്മാവി അവിടെ അദ്ധ്യാപികയായിരുന്നു. കുട്ടികളുടെ മാതാപിതാക്കന്മാർക്കായി നടത്തപ്പെട്ട വിനോദങ്ങളുടേയും ക്ലാസിൽ ഹാജരാകുന്ന അവസരങ്ങളിൽ കിട്ടിയിരുന്ന വർണ്ണച്ചിത്രങ്ങളുടേയും കാര്യംമാത്രമേ എനിക്കു ഓർമ്മയുള്ളു. ഞങ്ങൾ മറെറാരു സ്ഥലത്തേക്കു മാറിത്താമസിച്ചപ്പോൾ ഞാൻ ഒരു മെത്തോഡിസ്റ്റ് വേദപാഠക്ലാസിലാണു പോയതു്.

ഈ പള്ളിയിലേക്കു ഞങ്ങളെ അയച്ചതു് എന്തിനാണെന്നു് എനിക്കു മനസ്സിലായില്ല. അവിടത്തെ വൈദികനോടു ഞങ്ങളുടെ കുടുംബക്കാർക്ക് ഇഷ്ടമില്ലായിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങളെ അവർ വെറുത്തിരുന്നു. ചീട്ടുകളി, പുകവലി, മദ്യപാനം, നൃത്തം ഇവയെ സംബന്ധിച്ച അദ്ദേഹത്തിൻെറ അഭിപ്രായങ്ങളോട് അവർ യോജിച്ചിരുന്നില്ല. ഇവയെല്ലാം മിതമായരീതിയിൽ ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നു. ഈ വൈപരീത്യം സദാ എന്നെ അലട്ടിയിരുന്നു. പള്ളിയിലെ ആദർശങ്ങളോടു ഞങ്ങളുടെ കുടുംബക്കാർ യോജിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എൻെറ അപ്പൻെറ അപ്പുപ്പനല്ലാതെ മററാരും ഞങ്ങളുടെ കുടുംബത്തിൽനിന്നും പള്ളിയിൽ പോയതായി ഞാൻ ഓർക്കുന്നില്ല; അതും നല്ല ദിവസങ്ങളിൽ മാത്രമായിരുന്നു. വിശേഷവസ്ത്രങ്ങൾ ധരിച്ച് മനോഹരമായ ഒരു വടിയും കൈയിലേന്തിയാണ് അദ്ദേഹം പള്ളിയിലേക്കു പുറപ്പെടാറുണ്ടായിരുന്നതു്. അദ്ദേഹം ഞങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നതിനാൽ ഇക്കാര്യം എൻെറ മനസ്സിൽ നന്നായി പതിഞ്ഞിട്ടുണ്ട്. ഞായറാഴ്ച കാലത്തു് വലിയ ഭോഷത്തിരക്കുകൊണ്ട് പള്ളിയിൽ പോകാൻ നിവൃത്തിയില്ലെന്നു് എൻെറ അമ്മ എപ്പോഴും പറഞ്ഞിരുന്നു.

ലൂതറൻ മതാനുയായികളായിരുന്ന എൻെറ അമ്മൂമ്മയും അപ്പൂപ്പനും മതാനുഷ്ഠാനത്തെപ്പററി പറയുകയാതെമേ ചെയ്തിരുന്നുള്ളു. ഒരു പ്രൊട്ടസ്റ്റൻറു വൈദികനാണു് അവരുടെ വിവാഹം നടത്തിയതു. ജർമ്മൻകാരായിരുന്ന ഇവർ ഞങ്ങളുടെ പട്ടണത്തിലെ എവാഞ്ചലിക്കൻ ജർമ്മൻ പള്ളിയിൽ വിരളമായിട്ടു പോകാറുണ്ടായിരുന്നു. അപ്പൂപ്പൻ കല്യാണവസ്ത്രങ്ങൾ അൻപതുകൊല്ലത്തിനുശേഷം തൻെറ ശവസംസ്കാരത്തിനായി മാററിവച്ചു. ഞാൻ പലപ്പോഴും അവരുടെ വീട്ടിൽ പോയിരുന്നു. ഈ അവസരങ്ങളിൽ ആ കറുത്ത സൂട്ട് അമ്മൂമ്മ ബ്രഷ്കൊണ്ട് തുടച്ചു കാററുകൊള്ളിച്ചശേഷം മടക്കി വീണ്ടും അലമാരിയിൽ വയ്ക്കുന്നതു ഞാൻ നോക്കിനിന്നിട്ടുണ്ട്. എന്നാൽ അവരിൽ ആരുംതന്നെ പള്ളിയിൽ പോയതായി ഞാൻ കേട്ടിട്ടില്ല.


എൻെറ അമ്മ വീട്ടിലെ തൻെറ ചെറുപ്പകാലത്തെപ്പററി ഇപ്പോൾ പറയാറുണ്ട്. കത്തോലിക്കരായ ശേഷം ഞാൻ

ൾ സായാഹ്നപ്രാർത്ഥനകൾ ചൊല്ലുന്ന അവസരങ്ങളിൽ ഞങ്ങളോടൊന്നിച്ച് അമ്മ വീട്ടിൽ ഇരിക്കാറുണ്ട്. ഞങ്ങളുടെ ഈ പതിവ് അമ്മയ്ക്കിഷ്ടമാണ്. അ



മി. ബൂഡെൻസ്

മ്മയുടെ കുട്ടിക്കാലത്തു് അവരുടെ വീട്ടിൽ അത്താഴം കഴിഞ്ഞു് "ആകാശങ്ങളിൽ ഇരിക്കുന്ന" ജപം ചൊല്ലുകയും അതുകഴിഞ്ഞു് ഭക്തിപരമായ ഒരു പാട്ടുപാടുകയും അനന്തരം അമ്മയുടെ മൂത്ത ജ്യേഷ്ഠൻ വേദപുസ്തകത്തിൽനിന്നും ഒരദ്ധ്യായം വായിക്കുന്നതു് എല്ലാവരും ശ്രദ്ധിക്കുകയും ചെയ്യുക പതിവായിരുന്നു. ഈ കാര്യ



മിസ്റ്റർ ബൂഡെൻസും പത്നിയും
മൂന്നു പുത്രിമാരും

ത്തെപ്പററി അമ്മ ഹൃദയസ്പർശകമായി പറയുകയുണ്ടായി. ഏതോ ഒരു ഘട്ടത്തിൽ, വിദേശീയവും പുരാതനവുമെന്നു് അവർ കരുതിയ ഈ ആചാരത്തിൽനിന്നും കുട്ടികൾ എല്ലാം വ്യതിചലിച്ചു. പക്ഷെ എൻെറ കുടുംബത്തിൽ ജർമ്മൻസമ്പ്രദായം പാലിച്ചുകൊണ്ടുപോകണമെന്നു

(ശേഷം 12-ാം പേജിൽ)

വിമർശനവീഥി

# ശിശുവധങ്ങൾതമ്മിൽ സാദൃശ്യമോ, വൈപരീത്യമോ?

സുവിശേഷഗ്രന്ഥത്തിലെ "ശിശുവധകഥ അസത്യവും അസംബന്ധവുമാണ്" എന്നു സ്ഥാപിക്കുവാൻ ശ്രീ പുത്തേഴത്തു രാമമേനോൻ തന്റെ ലേഖനത്തിൽ കൊടുത്ത ന്യായങ്ങളെല്ലാം യുക്തിക്കും വസ്തുതകൾക്കും വിപരീതങ്ങളാണെന്നു് കഴിഞ്ഞ പ്രാവശ്യം ഞങ്ങൾ സമർത്ഥിച്ചുവല്ലോ. സുവിശേഷത്തിലെ കഥ കള്ളക്കഥയാണെന്നുള്ള ലേഖകന്റെ അടിസ്ഥാനവാദം തകർന്നിരിക്കുന്നതിനാൽ, ആ കഥ വിഷ്ണുപുരാണത്തിലെ ശിശുവധകഥയിൽനിന്നു പകർത്തിയതാണെന്ന അദ്ദേഹത്തിന്റെ നിഗമനവും തകർന്നിരിക്കുകയാണ്. എങ്കിലും രണ്ടു കഥകളുംതമ്മിൽ വളരെ സാദൃശ്യമുണ്ടെന്നു് ലേഖകൻ വാദിക്കുന്നതിനാൽ ഇനി ആ സംഗതി പരിശോധിക്കാം.

## പുരാണത്തിലെ ശിശുവധം

ഹൈന്ദവപുരാണത്തിലടങ്ങിയിരിക്കുന്നതെന്നു ലേഖകൻ പറയുന്ന ശിശുവധകഥ എന്താണ്? ഏതൊരു മഹാന്റെ നാമം നിലനിർത്തുവാനായി ലേഖകൻ ഒരു പ്രതിമാസപത്രിക സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നുവോ, ആ തുഞ്ചത്തു് എഴുത്തച്ഛന്റെ "ശ്രീ മഹാഭാഗവതം കേരളഭാഷാഗാനം"ത്തിൽനിന്നു പ്രസ്തുത കഥയുടെ ചുരുക്കം ചുവടെ എഴുതുന്നു:-

രാജാവായ കംസന്റെ സഹോദരി ദേവകിയെ വസുദേവൻ വിവാഹംചെയ്തു. ദമ്പതിമാർ അത്യാഘോഷപൂർവ്വകമായ അകമ്പടിയോടുകൂടി വരന്റെ ഗൃഹത്തിലേക്കു പുറപ്പെട്ടു. അവരെ വഹിച്ചിരുന്ന തേർ തെളിച്ചതു കംസൻതന്നെയാണ്. തേരോടിച്ചുകൊണ്ടു പോകുമ്പോൾ ഒരു അശരീരിവാക്കു് അദ്ദേഹം കേട്ടു. സഹോദരിയായ ദേവകിയിൽനിന്നു ജനിക്കുന്ന സന്താനങ്ങളിൽ 8-ാമൻ കംസനെ കൊല്ലുമെന്നായിരുന്നു അതു്. ഇതു കേട്ടു ഭയപ്പെടുകയും ക്രുദ്ധിക്കുകയും ചെയ്ത കംസൻ തൽക്ഷണം സഹോദരി ദേവകിയെ വധിക്കുവാനൊരുമ്പെട്ടു. ആ ഭയങ്കരകൃത്യം ചെയ്യരുതെന്നു് വസുദേവൻ, ജനനമരണങ്ങളെക്കുറിച്ചുള്ള ഹൈന്ദവവേദാന്തതത്വങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു്, കംസനോടു അഭ്യർത്ഥിച്ചു. അതുകൊണ്ടൊന്നും കംസൻ അടങ്ങാതായപ്പോൾ, ദേവകിയിൽനിന്നു ജനിക്കുന്ന ഓരോ സന്താനത്തേയും അപ്പഴപ്പോൾ കൊണ്ടുചെന്നു കംസന്റെ മുമ്പിൽ ഹാജരാക്കിക്കൊള്ളാമെന്നു് വസുദേവൻ ആണയിട്ടു വാക്കുപറഞ്ഞു. അതുകൊണ്ടു തൃപ്തനായ കംസൻ സഹോദരിയെ വധിക്കാനുള്ള ഉദ്യമത്തിൽനിന്നു വിരമിച്ചു.

ദേവകിക്കു് യഥാകാലം ഒരു ആൺകുട്ടി ജനിച്ചു. മനസ്സില്ലാമനസ്സോടെയാണെങ്കിലും വസുദേവൻ തന്റെ സത്യപ്രതിജ്ഞയനുസരിച്ചു് ആ കുട്ടിയെ കംസന്റെ മുമ്പിൽ ഹാജരാക്കി. കംസൻ വസുദേവന്റെ ഈ സത്യപ്രതിജ്ഞാപാലനത്തിൽ സന്തോഷിച്ചു് ഇങ്ങനെ പറഞ്ഞു:- തന്നെ ദേവകിയുടെ 8-ാമത്തെ പുത്രൻ വധിക്കുമെന്നാണല്ലോ അശരീരിവാക്കു്. ആകയാൽ അവനെ തന്റെ മുമ്പിൽ ഹാജരാക്കിയാൽമതി. ഈ കൊണ്ടുവന്നിരിക്കുന്ന പുത്രനെ മടക്കിക്കൊണ്ടുപോയി വളർത്തിക്കൊള്ളുക. കംസന്റെ ഈ അനുവാദമനുസരിച്ചു് വസുദേവൻ കുട്ടിയെ മടക്കിക്കൊണ്ടുപോയി.

നാരദൻ ഈ വിവരങ്ങളറിഞ്ഞു് കംസന്റെ പക്കൽചെന്നു. ദേവകിയിൽ ജനിക്കാനിരിക്കുന്ന 8-ാമത്തെ സന്താനം മഹാവിഷ്ണുവിന്റെ അവതാരമായിരിക്കുമെന്നും, അതിന്റെ ഫലമായി കംസനു ശക്തിക്ഷയവും ശത്രുക്കൾക്കു ശക്തിവർദ്ധനവും ഉണ്ടാകുമെന്നും, ആകയാൽ അതിനുവേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതാണെന്നും അദ്ദേഹം കംസനെ ഉപദേശിച്ചു. ഇതു വിശ്വസിച്ച കംസൻ പരിഭ്രമത്താലും ക്രോധത്താലും പ്രേരിതനായി ഉടൻതന്നെ പുറപ്പെട്ടു് വസുദേവഗൃഹത്തിൽചെന്നു്, അദ്ദേഹത്തേയും ദേവകിയേയും ചങ്ങലകൊണ്ടു ബന്ധിച്ചു് അവരുടെ കുട്ടിയെ, ബലമായി പിടിച്ചെടുത്തു വട്ടക്കല്ലിന്മേൽ എറിഞ്ഞുകൊന്നു. തുടർന്നു് ദേവകിക്കു് പിന്നാലെ പിന്നാലെ 5 പുത്രന്മാരുണ്ടാകയും അവരെയെല്ലാം അപ്പഴപ്പോൾ കംസൻ കൊല്ലുകയും ചെയ്തു.

## കൃഷ്ണന്റെ ജനനം

പിന്നീടു 7-ാമത്തെ സന്താനം ദേവകിയുടെ ഉദരത്തിൽ ഉത്ഭവിച്ചു. അപ്പോൾ മഹാവിഷ്ണു മായയെ വിളിച്ചു് ഒരു സന്ദേശം നൽകി: താൻ ദേവകിയുടെ പുത്രനായി അവതരിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. എന്നാലതിനു മുൻപു് മായ ഒരു കാര്യം ചെയ്യണം. ദേവകിയുടെ ഉദരത്തിലെ പ്രജയെ അവിടെനിന്നു മാററി വസുദേവന്റെ വേറൊരു പത്നിയായ രോഹിണിയിൽ കൊണ്ടാക്കണം. അതു കഴിയുമ്പോൾ താൻ ദേവകിയുടെ ഉദരത്തിൽ ഉത്ഭവിക്കും. അനന്തരം മായ ചെന്നു് നന്ദനന്ദിനിയായ യശോദയുടെ ഉദരത്തിൽ ഒരു പെൺകുട്ടിയായി ഉത്ഭവിക്കണം. മായ ഈ സന്ദേശം നിർവഹിച്ചു. ദേവകിയുടെ ഉദരത്തിൽ മഹാവിഷ്ണു ഉത്ഭവിക്കുകയും ചെയ്തു. ദേവകിയെ സന്ദർശിച്ച കംസനു്, അവളുടെ പതിവില്ലാത്ത ദീപ്തിമത്തായ ആകൃതികണ്ടു്, അവളുടെ ഉദരത്തിൽ വിഷ്ണു അവതാരം ചെയ്തോയെന്നു സംശയം തോന്നാതിരുന്നില്ല. എങ്കിലും അവളെ കൊല്ലേണ്ടെന്നും, അവളിൽനിന്നു ജനിക്കുന്ന കുട്ടി വളർന്നുവന്നു തന്നെ കൊല്ലുന്നതിനുമുമ്പു് താൻ അവനെ കൊന്നുകൊള്ളാമെന്നും നിശ്ചയിച്ചു. എങ്കിലും കംസൻ ഇടവിടാതെ ഭയാശങ്കകൾക്കു വിധേയനായിത്തീർന്നു.

അങ്ങനെയിരിക്കെ ദേവകിയുടെ ഉദരത്തിൽക്കിടന്ന ശിശു, കൃഷ്ണൻ, ഭൂജാതനായി. അതാരാണെന്നു മനസ്സിലായ ദേവകിയും വസുദേവനും മററു ഭക്തജനങ്ങളും അവനെ കീർത്തിച്ചാരാധിച്ചു. ശിശുവായ കൃഷ്ണൻ വിഷ്ണുചിഹ്നങ്ങളോടുകൂടിയാണു് അവതരിച്ചതു്. തന്റെ ജനനം കംസൻ അറിഞ്ഞു് അവിടെ വരുന്നതിനുമുമ്പു്, തന്നെ അമ്പാടിയിൽ കൊണ്ടുപോയി യശോദയുടെ ചാരത്തു കിടത്തുകയും, അവൾക്കു ജനിച്ച പെൺകുട്ടിയെ എടുത്തുകൊണ്ടുവന്നു് ദേവകിക്കു കൊടുക്കുകയും, കംസൻ വരുമ്പോൾ ആ കുട്ടിയെ ദേവകിയുടേതായി കാണിച്ചുകൊടുക്കുകയും ചെയ്യണമെന്നു് ശിശുവായ കൃഷ്ണൻ ഉപദേശിച്ചു. തദനുസരണം വസുദേവൻ കൃഷ്ണനേയുംകൊണ്ടു് അമ്പാടിക്കു പുറപ്പെട്ടു. അവിടെചെന്നു് മററാരുമറിയാതെ കൃഷ്ണനെ യശോദയുടെ അരികെ കിടത്തി, അവൾക്കു ജനിച്ച പെൺകുട്ടിയെ എടുത്തുകൊണ്ടു് മടങ്ങിവന്നു് ദേവകിക്കു കൊടുത്തു.

ഈ കുട്ടി നിലവിളിക്കുന്ന സ്വരംകേട്ടു്, ദേവകിയുടെ ഗൃഹത്തിൽ കാവൽക്കാരായി കംസൻ ആദ്യംമുതൽ നിർത്തിയിരുന്ന ഭടന്മാർ ഉടൻചെന്നു് ദേവകിക്കു് ഒരു കുട്ടി ജനിച്ചിരിക്കുന്നെന്നു് കംസനെ അറിയിച്ചു. തന്നെ കൊല്ലുവാനിരിക്കുന്നവൻ ജനിച്ചുകഴിഞ്ഞോ എന്നു വിചാരിച്ചു പരിഭ്രമത്തോടുകൂടി കംസൻ തൽക്ഷണം ദേവകിയുടെ ഗൃഹത്തിലേക്കു പുറപ്പെട്ടു. കംസന്റെ ക്രുദ്ധമായ വരവു കണ്ടു ഭയന്നു് ദേവകി ഹൃദയം തകർന്നു് അപേക്ഷിച്ചു, ആ കുട്ടിയെ ഒന്നും ചെയ്യരുതെന്നു്. കാരണം, അശരീരിവാക്കനുസരിച്ചു് കംസനെ കൊല്ലുവാൻ ജനിക്കുന്ന ശിശു ആൺകുട്ടിയാണു്, അല്ലാതെ പെൺകുട്ടിയല്ല. ഈ ന്യായവാദങ്ങളും അപേക്ഷകളും ചെവിക്കൊള്ളാതെ കംസൻ പെൺകുട്ടിയെ ബലമായി പിടിച്ചെടുത്തു് വട്ടക്കല്ലിന്മേൽ എറിഞ്ഞു കൊല്ലാൻ തുടങ്ങിയപ്പോൾ കുട്ടി കംസന്റെ കൈയിൽനിന്നു വഴുതി മേല്പോട്ടുയർന്നു നിന്നുകൊണ്ടു് കംസനെ ഭർത്സിച്ചു. താൻ കംസനു് ഒരു ദോഷവും ചെയ്യാനുള്ളവളല്ലെന്നും, എന്നാൽ കംസനെ കൊല്ലുവാനുള്ള ശിശു വേറൊരിടത്തുണ്ടെന്നും, അവനോടു് ഒന്നും ചെയ്യാൻ കംസനു സാധിക്കുകയില്ലെന്നും, നേരെമറിച്ചു് അവൻ കംസനെ ഒടുവിൽ കൊല്ലുകതന്നെ ചെയ്യുമെന്നും അവൾ പറഞ്ഞു. ഇതുകേട്ട കംസൻ താൻ ദേവകിയോടു് അതുവരെ ചെയ്ത ക്രൂരകൃത്യങ്ങളെപ്പററി പശ്ചാത്തപിക്കുകയും അവളോടു മാപ്പുചോദിക്കുകയും, അവളെ ബന്ധനത്തിൽനിന്നു വിമുക്തയാക്കുകയും ചെയ്തു. അവളെ ആശ്വസിപ്പിക്കുവാനും തന്റെ പ്രവൃത്തികൾ നീതീകരിക്കുവാനുംവേണ്ടി ഹൈന്ദവവേദാന്തതത്വങ്ങൾ, പുനർജ്ജന്മത്തെയും കർമ്മഫലങ്ങളെയും അദ്വൈതത്തേയും കുറിച്ചുള്ളവ, പറഞ്ഞുകേൾപ്പിച്ചു. അവയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് ദേവകിയും വസുദേവനും സമാധാനപ്പെടുകയും കംസനെ പ്രസാദിപ്പിച്ചു് അയക്കുകയും ചെയ്തു.

കംസൻ സ്വഗൃഹത്തിൽചെന്നു് ഭൃത്യജനങ്ങളോടു മാറും ഈ വിവരങ്ങളെല്ലാം അറിയിച്ചു. അപ്പോൾ "ദുഷ്ടന്മാരാം ദേവവൈരികളസുരകൾ" കംസനെ അപകടത്തിൽനിന്നു രക്ഷിക്കുവാൻ ഉപായം പറഞ്ഞുകൊടുത്തു. അന്നേക്കു 10 ദിവസത്തിനുള്ളിൽ പിറന്നിട്ടുള്ള സകല ബാലന്മാരേയും കൊന്നൊടുക്കണമെന്നും, കംസനെ കൊല്ലുവാൻ അവതരിച്ചിട്ടുള്ള ശിശു തീർച്ചയായും ആ ഗണത്തിൽ ഉൾപ്പെടുമെന്നും, ആ വധകൃത്യം തങ്ങൾതന്നെ നിർവ്വഹിച്ചുകൊള്ളാമെന്നുമായിരുന്നു ആ നിർദ്ദേശം. കംസൻ അതിനു വഴിപ്പെടുകയും അവരെ വധകൃത്യത്തിനു നിയോഗിക്കുകയും ചെയ്തു.

## സുവിശേഷത്തിലെ ശിശുവധകഥ

ഇനി വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ഹേറോദേശിന്റെ ശിശുവധം പദാനുപദം ഇവിടെ പകർത്താം:-

"യേശു യൂദായിലെ ബേത്ത്‌ലെഹമ്മിൽ ഹേറോദേശ്‌രാജാവിന്റെ കാലത്തു ജനിച്ചു. തദവസരത്തിൽ ചില ജ്ഞാനികൾ കിഴക്കുനിന്നു ജറുശലെമിൽവന്നു. യൂദന്മാരുടെ രാജാവായി ജനിച്ചിരിക്കുന്ന ആൾ എവിടെ? എന്നവർ ചോദിച്ചു. അവിടുത്തെ നക്ഷത്രം ഞങ്ങൾ കിഴക്കു കണ്ടിരിക്കുന്നു, അവിടുത്തെ ആരാധിക്കുവാൻ ഞങ്ങൾ വരികയും ചെയ്തിരിക്കുന്നു. ഇതുകേട്ടപ്പോൾ ഹേറോദേശ്‌രാജാവു് പരിഭ്രമിച്ചു; അദ്ദേഹത്തോടൊന്നിച്ചു് ജറുശലെം മുഴുവനും. ആകയാൽ പ്രധാനാചാര്യന്മാരെയും ജനങ്ങളിലുള്ള പണ്ഡിതന്മാരേയും അദ്ദേഹം വിളിച്ചുവരുത്തി, ക്രിസ്തു ജനിക്കുവാനിരിക്കുന്നതു് എവിടെയാണെന്നു് അവരോടു ചോദിച്ചു. അവർ അദ്ദേഹത്തോടു പറഞ്ഞു, യൂദായിലെ ബേത്ത്‌ലഹമ്മിലാണെന്നു്; അങ്ങനെയാണ് പ്രവാചകന്മാർ എഴുതിയിട്ടുള്ളതെന്നു്: യൂദായിലെ പ്രദേശങ്ങളിൽപ്പെട്ട ബേത്ത്‌ലഹമേ, യൂദായിലെ രാജപ്രമുഖന്മാരിൽ നീ ഏററവും ചെറുതല്ലതന്നെ; എന്തുകൊണ്ടെന്നാൽ എന്റെ ജനമായ ഇസ്രായേലിന്റെ ഇടയനാകുവാനിരിക്കുന്ന നേതാവു് നിന്നിൽനിന്നു് ഉയർന്നുവരും. അപ്പോൾ ഹേറോദേശ് ജ്ഞാനികളെ രഹസ്യമായി വിളിച്ചുകൊണ്ടു്, നക്ഷത്രം പ്രത്യക്ഷപ്പെട്ട സമയത്തെപ്പററി കണിശമായി അവരോടു ചോദിച്ചു. അനന്തരം ബേത്ത്‌ലഹമ്മിലേക്കു് അവരുടെ യാത്ര തുടർന്നുകൊള്ളുവാൻ അവരെ അനുവദിച്ചു നിങ്ങൾപോയി ശിശുവിനെപ്പററി ശ്രദ്ധാപൂർവ്വം അന്വേഷിക്കുകയും, അവനെ കണ്ടെത്തിക്കഴിയുമ്പോൾ ഞാനുംവന്നു് അവിടുത്തെ ആരാധിക്കുവാൻവേണ്ടി നിങ്ങൾ മടങ്ങിവന്നു് എന്നെ വിവരമറിയിക്കുകയും ചെയ്യുകയെന്നു് അവരോടു പറയുകയും ചെയ്തു. അവർ രാജാവിനെ അനുസരിക്കുകയും അവരുടെ യാത്ര തുടരുകയുമുണ്ടായി. അപ്പോൾ പൊടുന്നനവേ, അവർ കിഴക്കു കണ്ടിരുന്ന നക്ഷത്രം അവരുടെ മുമ്പേപോയി. ഒടുവിൽ ശിശു കിടന്നിരുന്ന സ്ഥലത്തിനുമുകളിൽ അതു നിലകൊണ്ടു. അവരാകട്ടെ, നക്ഷത്രം കണ്ടപ്പോൾ, സീമാതീതമായി സന്തോഷിച്ചു. അനന്തരം വസതിക്കുള്ളിൽചെന്നപ്പോൾ അവർ അവിടെ ശിശുവിനെ അവിടുത്തെ മാതാവായ മറിയത്തോടുകൂടി കാണുകയും, സാഷ്ടാംഗംചെയ്തു് അവിടുത്തെ ആരാധിക്കുകയും, അവരുടെ നിക്ഷേപശേഖരം തുറന്നു് സ്വർണ്ണം, കുന്തുരുക്കം, മീറ എന്നീ കാഴ്ചകൾ അവിടുത്തേക്കു സമർപ്പിക്കുകയുംചെയ്തു. അതിനുശേഷം, ഹേറോദേശിന്റെ പക്കലേക്കു മടങ്ങിപ്പോകരുതെന്നു വിലക്കുന്ന ഒരു മുന്നറിവു് ഒരു സ്വപ്നത്തിൽ അവർക്കു ലഭിച്ചതിനാൽ, അവർ വേറൊരുവഴിക്കു് സ്വരാജ്യത്തേക്കു മടങ്ങി.

"അവർ പൊയ്ക്കഴിഞ്ഞയുടനെ ഒരു ദൈവദൂതൻ ഒരു സ്വപ്നത്തിൽ യൗസേപ്പിനു കാണപ്പെട്ടുകൊണ്ടു പറഞ്ഞു: എഴുന്നേററു്, ശിശുവിനേയും അവിടുത്തെ മാതാവിനേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേക്കു ഓടിപ്പോകുക. ഞാൻ അറിവുതരുന്നതുവരെ അവിടെ താമസിക്കുകയും ചെയ്യുക. കാരണം, ഹേറോദേശ് ശിശുവിനെ കൊല്ലുവാൻവേണ്ടി, താമസിയാതെ തെരഞ്ഞുപിടിക്കുവാൻ ശ്രമിക്കും. ആകയാൽ അദ്ദേഹം എഴുന്നേററു്, ആ രാത്രിയിൽത്തന്നെ ശിശുവിനെയും അവിടുത്തെ മാതാവിനേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേക്കുപോയി. അവിടെ ഹേറോദേശിന്റെ മരണംവരെ അദ്ദേഹം താമസിക്കുകയുംചെയ്തു. എന്റെ പുത്രനെ ഈജിപ്തിൽനിന്നു ഞാൻ വിളിച്ചു എന്നു് ദൈവം തന്റെ പ്രവാചകൻ വഴി പറഞ്ഞവാക്കു് അങ്ങനെ നിറവേറി. അതിനിടയിൽ ജ്ഞാനികൾതന്നെ കളിപ്പിച്ചുവെന്നു കണ്ടപ്പോൾ, ഹേറോദേശ് അത്യന്തം കുപിതനായി. ജ്ഞാനികളോടു ശ്രദ്ധാപൂർവ്വം ചോദിച്ചറിഞ്ഞസമയം കണക്കാക്കിക്കൊണ്ടു് രണ്ടു വയസ്സിനും അതിനു താഴെയും പ്രായമുള്ള സകല ആൺകുട്ടികളേയും ബേത്‌ലഹമ്മിലും സകല സമീപപ്രദേശത്തും കൊന്നൊടുക്കുവാൻ അദ്ദേഹം ആളുകളെ നിയോഗിക്കുകയും ചെയ്തു. അപ്പോഴാണു് ജറമിയാസു് പ്രവാചകൻ പറഞ്ഞവാക്കു് നിറവേറിയതു്: റാമായിൽ ഒരു സ്വരംകേട്ടു. പ്രലാപവും വലിയ വിലാപവും; റാഹേൽ തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി കരയുന്നതായിരുന്നു അതു്. അവരിൽ ആരും ശേഷിക്കാഞ്ഞതിനാൽ അവളെ ആശ്വസിപ്പിക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നാൽ ഹേറോദേശ് മരണമടഞ്ഞയുടനെ ഒരു ദൈവദൂതൻ ഈജിപ്തിൽവച്ചു് ഒരു സ്വപ്നത്തിൽ യൗസേപ്പിനു കാണപ്പെട്ടുപറഞ്ഞു: എഴുന്നേററു് ശിശുവിനേയും അവിടുത്തെ മാതാവിനേയുംകൊണ്ടു് ഇസ്രായേലിന്റെ രാജ്യത്തിലേക്കു മടങ്ങു; എന്തുകൊണ്ടെന്നാൽ ശിശുവിനു ജീവനാശം വരുത്താൻ ശ്രമിച്ചവർ മരണമടഞ്ഞിരിക്കുന്നു. ആകയാൽ അദ്ദേഹം എഴുന്നേററു്, ശിശുവിനേയും അവിടുത്തെ മാതാവിനേയും കൂട്ടിക്കൊണ്ടു് ഇസ്രായേലിന്റെ രാജ്യത്തിലേക്കു പോന്നു. എന്നാൽ അർക്കലാവോസാണു് തന്റെ പിതാവായ ഹേറോദേശിന്റെ സ്ഥാനത്തു് യൂദിയായിലെ രാജാവായിരിക്കുന്നതു് എന്നു കേട്ടപ്പോൾ അദ്ദേഹം ആ സ്ഥലത്തേക്കു മടങ്ങിപ്പോകാൻ ഭയപ്പെട്ടു. ആകയാൽ, ഒരു സ്വപ്നത്തിൽ ഒരു മുന്നറിവു ലഭിച്ചശേഷം, അദ്ദേഹം ഗലീലായിലെ പ്രദേശത്തേക്കുപോയി; അവിടെ നസ്രത്തെന്നു പേരുള്ള ഒരു നഗരത്തിൽ ചെന്നുവസിച്ചു. അവിടുന്നു് ഒരു നസ്രായക്കാരൻ എന്നു വിളിക്കപ്പെടും എന്നു പ്രവാചകന്മാർ പറഞ്ഞതു് അങ്ങനെ നിറവേറുകയുംചെയ്തു." (From Mgr. Knox's translation)

## വൈപരീത്യങ്ങൾ

കംസന്റെയും ഹേറോദേശിന്റെയും ശിശുവധങ്ങൾതമ്മിൽ സാദൃശ്യമുള്ളതെവിടെയാണ്? ഒരു ശിശുവിന്റെ ജനനം തങ്ങൾക്കപകടകരമാണെന്നു് രണ്ടുപേരും ഭയപ്പെടുന്നു. തന്മൂലം ആ ശിശുക്കളെ കൊല്ലണമെന്നു് രണ്ടുപേരും നിശ്ചയിക്കുന്നു. ശിശുക്കളെ തിരഞ്ഞുപിടിക്കുവാൻ സാധിക്കാതെവന്നപ്പോൾ ശിശുക്കളുടെ ഒരു കൂട്ടക്കൊല നടത്തിയാൽ അതിൽ തങ്ങളുദ്ദേശിക്കുന്ന ശിശുക്കളും ഉൾപ്പെടുമെന്നു പ്രതീക്ഷിച്ചു് ആ കൂട്ടക്കൊലയ്ക്കു് രണ്ടുപേരും ആജ്ഞ നൽകുകയും ചെയ്യുന്നു. ഇത്രമാത്രമേ സാദൃശ്യമുള്ളു.

കംസന്റെയും ഹേറോദേശിന്റെയും ശിശുവധങ്ങൾതമ്മിലുള്ള ഈ സാദൃശ്യത്തിൽനിന്നു് ഒന്നിന്റെ വിവരണം മറേറതിന്റേതിൽനിന്നു പകർത്തിയതാണെന്നു് അനുമിക്കുവാൻ യാതൊരു ന്യായവും ഇല്ല. രണ്ടും അത്രകണ്ടു സ്വാഭാവികമാണ്, തന്മൂലം സ്വതന്ത്രങ്ങളുമാണ്. ഒരുരാജ്യത്തു് ഒരുകാലത്തു് ഒരു രാജാവിനു് ഒരു ശിശുവിനെപ്പററി വല്ല പ്രത്യേകകാരണങ്ങളാലും ഇങ്ങനെയൊരു ഭയമുണ്ടാവുക സ്വാഭാവികമല്ലയോ?

(ശേഷം 11-ാം പേജിൽ)

ഭാവന

# കുരങ്ങും പുസ്തകവും

(ജി. സി. ടീലാർ)

സുപ്രസിദ്ധമായ ബോഡ്‌ലിയൻ ഗ്രന്ഥശാലയുടെ അധിപതിയായിരുന്നു അന്നു വിൻസൻറ്. മനുഷ്യൻ കുരങ്ങിൽനിന്നും പരിണാമംപ്രാപിച്ച ഒരു മൃഗമാണെന്നു് സുദൃഢമായി വിശ്വസിച്ചിരുന്നവരിൽ പ്രധാനി. സ്വഭവനത്തിൽ വളർത്തിയിരുന്നു അദ്ദേഹം ഒരു കുരങ്ങിനെ. പരിണാമവാദത്തിൽ വിപ്ലവകരമായ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്ത ഡാർവിനോടുള്ള ബഹുമാനം നിമിത്തം ആ കുരങ്ങിനു് അദ്ദേഹം "ഡാർവിൻ" എന്നുതന്നെ പേരുനൽകി. ഒരു പുതിയ ആശയംകൂടി സ്ഥലംപിടിച്ചു വിൻസൻറിൽ; വളരെക്കാലത്തെ പരിശീലനംകൊണ്ടു് കുരങ്ങിനെ മനുഷ്യനാക്കിത്തീർക്കാമെന്നു്. ഡാർവിനെ സ്വന്തം മുത്തച്ഛനെപ്പോലെ ബഹുമാനിക്കുവാൻ അദ്ദേഹം നിശ്ചയിക്കയും ചെയ്തു.

ഡാർവിനും താനും സമന്മാരാണെന്നു് പൊതുജനം ധരിക്കുന്നതിനുവേണ്ടി അദ്ദേഹം ആ കുരങ്ങിനെ തന്നോടൊപ്പം ഒരു കസേരയിൽ ഇരുത്തി. എന്നാൽ ആ ജന്തു അവിടെ ഉറച്ചിരുന്നില്ല. കസേരയുടെ കൈയേൽ കയറി ഇരുന്നു കൊഞ്ഞനം കാണിക്കുന്നതായിരുന്നു അതിനു പ്രിയംകരം. കസേരയിൽനിന്നും താഴേക്കു ചാടുന്നതും തുടയിൽ വികൃതമായി ചൊറിയുന്നതും അതിൻെറ ഒരു പതിവായിത്തീർന്നു. വിൻസൻറ് അസ്വസ്ഥനായി തൻെറ മുതുമുത്തച്ഛൻ ഇങ്ങനെ വകതിരിവില്ലാതെ പ്രവർത്തിക്കുന്നല്ലോ എന്നോർത്തു്. അദ്ദേഹം കുരങ്ങിനിരിക്കുവാൻ ഒരു പ്രത്യേകതരം കസേര ഉണ്ടാക്കിച്ചു. അതിൽ ഡാർവിനെ ഇരുത്തി അവൻെറ അരയിൽ ബന്ധിച്ചിട്ടുള്ള ഒരു കൊളുത്തു് കസേരയോടു ഘടിപ്പിച്ചുകഴിഞ്ഞാൽ അവൻ അനങ്ങാതെ അവിടെ ഇരുന്നുകൊള്ളും. അങ്ങനെ ഡാർവിനെ കസേരയിൽ അനങ്ങാതെ ഉറച്ചിരുത്തുവാനുള്ള വിദ്യകണ്ടുപിടിച്ചതിൽ അദ്ദേഹം സ്വയം അഭിമാനിച്ചു.

കുറെ പാഠങ്ങൾ നൽകുവാനുള്ള ശ്രമമായി പിന്നെ. ഇംഗ്ലീഷ് അക്ഷരങ്ങൾ ആദ്യം അതിൻെറ മുമ്പിൽവച്ചു് ഉറക്കെ ഉച്ചരിച്ചു. ഏ ബി സി ഡി എന്നൊക്കെ ആ മുറിയിൽ മുഴങ്ങി. എന്നാൽ ഡാർവിൻ ഇതൊന്നും കേട്ട ഭാവമേ നടിച്ചില്ല. കൂടക്കൂടെ പല്ലിളിച്ചുകാണിക്കതന്നെ. ചിലപ്പോൾ പട്ടിയെപ്പോലെ മുരുമുരക്കയും ചെയ്യും. വിൻസൻറു് ഒരു ചാട്ടയുമായി അതിൻെറ അടുക്കൽ വന്നിരുന്നു. അടികൊള്ളുമ്പോൾ അതു പുളയും; ചില ദയനീയശബ്ദങ്ങൾ പുറപ്പെടുവിക്കും. എന്നാലും ഏ ബി സി ഡി പഠിക്കയുമില്ല, ഉച്ചരിക്കയുമില്ല.

വിൻസൻറു് വിചാരിച്ചു:— കഷ്ടം! ഞാനിതു ചെയ്യേണ്ടതില്ലായിരുന്നു. സംസാരിക്കുവാൻപാടില്ലാത്ത മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ടല്ലോ. അത്തരത്തിൽ ഒന്നായിരിക്കാം എൻെറ ഡാർവിൻ. അതുകൊണ്ടു് ഞാൻ വേറൊന്നു ചെയ്യും. ആശയങ്ങൾ പറഞ്ഞുകൊടുക്കുക. അതു ഡാർവിൻ ഗ്രഹിച്ചു് അതനുസരിച്ചു പ്രവർത്തിക്കും. ഡാർവിനു് ആശയങ്ങൾ നൽകുവാനുള്ള സ്ഥലം അദ്ദേഹം ആലോചിച്ചു കണ്ടുപിടിച്ചു—ബോഡ്‌ലിയൻ ലൈബ്രറി. അദ്ദേഹത്തിൻെറ അധികാരത്തിൻകീഴാണു് അപ്പോൾ അതു സ്ഥിതിചെയ്തിരുന്നതു്.

മുത്തച്ഛനെ ഒരു തുടൽകൊണ്ടു ബന്ധിച്ചു് ബോഡ്‌ലിയൻ ഗ്രന്ഥശാലയിലേക്കു കൊണ്ടുപോയി അദ്ദേഹം. അതിവിശാലമായ അനേകം ഹാളുകളിലായിട്ടാണു് അവിടെ ഗ്രന്ഥങ്ങളെല്ലാം സൂക്ഷിച്ചിരിക്കുന്നതു്. കണ്ണാടിച്ചില്ലിട്ടവാതിലിനിടയിൽക്കൂടി ഗ്രന്ഥങ്ങളെല്ലാം തന്നെ ദൃഷ്ടിഗോചരം. അദ്ദേഹം കുരങ്ങിനേയുംകൊണ്ടു് ഒരു ഹാളിൽനിന്നും മറ്റൊരു ഹാളിലേക്കു് എന്നമട്ടിൽ നടന്നുതുടങ്ങി. ഓരോ ഹാളിലും നിന്നു് ഓരോ പ്രസംഗവും അദ്ദേഹം ചെയ്തു.

ആദ്യത്തെ ഹാൾ. കണ്ണാടിച്ചില്ലുകൾ ഇട്ട അനേകം അൽമാരികൾ അവിടെ. കളിമണ്ണു് അടപോലെ പരത്തി ഉണക്കി കൂർത്തകോലുകൊണ്ടു് ചിത്രങ്ങൾവരച്ചു് എഴുതിയിട്ടുള്ള അനേകം ചരിത്രങ്ങളാണു് അതിൽ അടുക്കിവച്ചിരിക്കുന്നതു്. വിൻസൻറു് ഡാർവിനെനോക്കി പറഞ്ഞു:— "ഇതാ നോക്കു; കുരങ്ങിൽനിന്നും, അതെ, നിൻെറ കുലത്തിൽനിന്നും പരിണാമംപ്രാപിച്ചു് അധികം കഴിയുന്നതിനുമുമ്പേ മനുഷ്യൻ അവൻെറ വിജ്ഞാനം രേഖപ്പെടുത്തുവാൻ തുടങ്ങിയ രീതിയാണിതു്. നിൻെറ കുലത്തിനു് അനേകലക്ഷം കൊല്ലത്തെ പഴക്കം കാണും. എങ്കിലും നിൻെറ കുലത്തിൽപ്പെട്ട ആർക്കും ഒരക്ഷരം കണ്ടുപിടിക്കുവാനോ ഒരു ചരിത്രം എഴുതുവാനോ കഴിഞ്ഞില്ല. ഇനി ഞാൻ നിന്നെ എങ്കിലും ഒന്നു പഠിപ്പിക്കാം. നീപഠിച്ചു് ഡാർവിൻെറ പരിണാമവാദം ശരിയാണെന്നു തെളിയിക്കണം. അതുകൊണ്ടു് സൂക്ഷിച്ചു നോക്കിക്കൊൾക. കളിമണ്ണെടുത്തു് അടപോലെ പരത്തി ഉണക്കുവാൻ നിനക്കു കഴിയും. അതിൽ നഖംകൊണ്ടു് വല്ലതും പോറുവാനും നിനക്കു സാധിക്കും. ഈ അൽമാരികൾ നിനക്കായി ഞാൻ തുറന്നുതരുവാൻ പോകയാണു്. കളിമൺതകിടുകളിൽ എഴുതിയിരിക്കുന്നതെന്താണെന്നു നീതന്നെ വായിച്ചുകൊള്ളുക.—"

തുറിച്ച കണ്ണുകളോടുകൂടി ഡാർവിൻ അതെല്ലാം കേട്ടുകൊണ്ടിരുന്നു എന്നു തോന്നി. ചിലപ്പോഴെല്ലാം അവൻ ഇളകിയതു് ഭൃത്യൻെറ കൈവശമുണ്ടായിരുന്ന ആപ്പിൾപഴങ്ങൾ തട്ടിയെടുക്കുവാൻ മാത്രമായിരുന്നു. പ്രസംഗം കഴിഞ്ഞപ്പോൾ രണ്ടു് ആപ്പിൾപഴങ്ങൾ ഡാർവിനു ലഭിച്ചു അതു കൈയിൽ കിട്ടിക്കഴിഞ്ഞപ്പോൾ ആനന്ദഭരിതനായി അവൻ കുറേ ഗോഷ്ടികൾ കാണിക്കയുണ്ടായി. ആപ്പിൾപഴങ്ങളുടെ രുചി അവനു വളരെ ഇഷ്ടപ്പെട്ടു. അവൻ ചാടുകയും മറിയുകയും ചെയ്തു.

അടുത്ത ഹാൾ. കണ്ണാടിച്ചില്ലിട്ട അനേകം അൽമാരികൾ അവിടെയും. തുകൽത്താളുകളിൽ എഴുതിയിട്ടുള്ള വിജ്ഞാനഭണ്ഡാഗാരമാണതു്. അതിലെ അക്ഷരങ്ങൾക്കു മുള്ളിൻെറ ആകൃതി. വിൻസൻറു് പറഞ്ഞു:— "ഇതാ നോക്കു; നിൻെറ സഹോദരന്മാർ പരിഷ്കാരത്തിൻെറ പടികളിൽക്കൂടി മുകളിലേക്കു കയറുന്നതു്. മൃഗങ്ങളുടെ തോൽ ഉരിഞ്ഞു് ഉണക്കി ഒരു പ്രത്യേകരീതിയിൽ കണ്ടിച്ചു് അതിൽ അവരുടെ ആശയങ്ങൾ എഴുതിയിരിക്കുന്നതു കണ്ടാലും. ഒരു മൃഗത്തെ കൊല്ലുവാൻ നിനക്കു കഴിയും. അതിൻെറ തോലുരിഞ്ഞു് ഉണക്കുവാൻ നിനക്കു കഴിയും. ഒരു മുള്ളുകൊണ്ടു് അതിൽ വല്ലതുമൊക്കെ പോറുവാനും നിനക്കു കഴിയും. എന്നാൽ നിൻെറ കുലത്തിൽപ്പെട്ട ഒരുത്തരും അതു് ഇതുവരെ ചെയ്തില്ല. നീയെങ്കിലും അതു ചെയ്തു് നിൻെറ കുലത്തിനു് അഭിമാനംചേർത്തവനായ ഡാർവിനെ സഹായിക്കുമോ?"

രണ്ടു് ആപ്പിൾപഴങ്ങൾ വീണ്ടും ഭൃത്യൻെറ കൈയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഡാർവിൻ ആഹ്ളാദംകൊണ്ടു് കുതിച്ചുചാടി. പക്ഷേ വിൻസൻറു് വിചാരിച്ചതു് ഉന്നതമായ ആശയങ്ങൾ ആ കുരങ്ങിൻെറ തലമണ്ടയിൽ ഇറങ്ങിയതിൻെറ ലക്ഷണമാണെന്നായിരുന്നു. ഡാർവിൻ അതുരണ്ടും ധൃതിയിൽ തിന്നുതീർത്തു. എന്നിട്ടു് അൽമാരിയുടെ മുകളിൽ ചാടിക്കയറി അവിടെ ഇരിപ്പായി. "ഡാർവിൻ, ഡാർവിൻ, താഴെ ഇറങ്ങു, ഇനിയും കാണാനുണ്ടു് പലതും." വിൻസൻറിൻെറ ആജ്ഞ അനുസരിച്ചു് അതു താഴെ ഇറങ്ങി.

മൂന്നാമത്തെ ഹാൾ. മരത്തോലിൽ എഴുതിയിട്ടുള്ള വിജ്ഞാനമാണവിടെ. വിൻസൻറു് തുടർന്നു:- "നോക്കു; നിൻെറ സഹോദരന്മാർ പരിഷ്കാരത്തിൻെറ മൂന്നാംപടിയിൽ കാലൂന്നിനില്ക്കുന്നതു. മരത്തിൻെറ തൊലി ഉരിഞ്ഞു ഉണക്കി ആശയങ്ങൾ അതിൽ രേഖപ്പെടുത്തുവാൻ അവർ പഠിച്ചു. നിനക്കും മരത്തിൻെറ തോൽ ഉരിയുവാനറിയാം; അതുണക്കുവാൻ അറിയാം; അതിൽ വല്ലതും പോറുവാനും അറിയാം. എന്നാൽ നിൻെറ കുലത്തിൽപ്പെട്ട ഒരുത്തനും ഇതുവരെ അതു ചെയ്തില്ല. നീയെങ്കിലും അതു ചെയ്തു് നിൻെറ കുലത്തിൻെറ അഭിമാനത്തെ സംരക്ഷിക്കുമോ?"

ഡാർവിൻ ഭൃത്യൻെറ നേരേ തുറിച്ചു നോക്കി. അയാൾ രണ്ടു് ആപ്പിൾപഴങ്ങൾ അവൻെറ നേരേ കാണിച്ചു. പക്ഷേ കൊടുത്തില്ല. ക്രൂരഭാവം അതിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു. ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് അതു ഭൃത്യൻെറ നേർക്കു് ഒററച്ചാട്ടം. ഭൃത്യൻെറ കൈയിൽനിന്നും ആ രണ്ടുപഴങ്ങളും താഴെവീണു. അതുരണ്ടും കൈയിലെടുത്തു് ഡാർവിൻ തൻെറ വായിലേക്കു തള്ളിക്കയററി. താടിക്കു താഴെയുള്ള രണ്ടു സഞ്ചികളും വീർത്തുവരികയുംചെയ്തു.

നാലാമത്തെ ഹാൾ. 16-ാം നൂററാണ്ടു കഴിഞ്ഞുള്ള ഗ്രന്ഥങ്ങളെല്ലാം ശേഖരിച്ചിരിക്കയാണു് അവിടെ. അതിൻെറ പ്രധാനവാതിലിനു മുകളിലായി അച്ചടിയന്ത്രം കണ്ടുപിടിച്ച ജോൺ ഗുട്ടൻബർഗ്ഗിൻെറ ഒരു ചിത്രം സ്ഥാപിച്ചിരുന്നു. ആ ഹാളിൽ നിരനിരയായി സ്ഥലംപിടിച്ചിരിക്കുന്ന അൽമാരികൾ രമണീയങ്ങളാണു്. അതിൽ അടങ്ങിയിരിക്കുന്നു അധുനാതനരീതിയിലുള്ള അനവധി മഹാഗ്രന്ഥങ്ങൾ. അഭിമാനവിജൃംഭിതനായി വിൻസൻറു് കുരങ്ങിനോടുപറഞ്ഞു:- "ഡാർവിൻ, നീ ഇതു കാണുന്നുണ്ടോ? നിൻെറ സഹോദരനായ മനുഷ്യൻ എത്രമാത്രം പുരോഗമിച്ചിരിക്കുന്നു! അനേകം തലമുറകളിലെ ആശയങ്ങൾ, പരിചയങ്ങൾ, കണ്ടുപിടിത്തങ്ങൾ, ചരിത്രങ്ങൾ—ഇതെല്ലാം എത്ര സുരക്ഷിതമായിരിക്കുന്നു ഇവിടെ! മനുഷ്യൻ കുരങ്ങിൻെറ സന്താനമാണെന്നു ശാസ്ത്രീയലോകത്തിനു തെളിവുകൾ നൽകി ഉറപ്പിച്ചിട്ടുള്ള ഡാർവിൻെറ മഹാഗ്രന്ഥങ്ങൾ നിനക്കു് ഇവിടെ കാണാം. ആ ഗ്രന്ഥങ്ങൾക്കുമുമ്പിൽ നിൻെറതല ആചാരസൂചകമായി കുനിയുകതന്നെവേണം. നിനക്കും നിൻെറ കുലത്തിനും നിരുപമമായ മഹിമ ലഭിച്ചിരിക്കുന്നതു് ഡാർവിനും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളും മൂലമാണു്. കടലാസുണ്ടാക്കുവാനും, അച്ചടിയന്ത്രം കണ്ടുപിടിക്കുവാനും ഇത്തരത്തിൽ ഗ്രന്ഥങ്ങൾ ചമയ്ക്കുവാനും നിനക്കു കഴിയും. ഡാർവിൻെറ വാദങ്ങൾ ശരിയാണെന്നു് ഒരു പുസ്തകമെഴുതിത്തന്നെ സ്ഥാപിക്കുവാനും നിനക്കുകഴിയും. എന്നാൽ നിൻെറ കുലം ഇതുവരെയും അതിനായി ശ്രമിച്ചിട്ടില്ല. ഇനി നീയെങ്കിലും അതു ചെയ്യുക. ഡാർവിനെയും പരിണാമവാദത്തിൽ വിശ്വസിക്കുന്ന ഞങ്ങളെയും നിനക്കു മാത്രമേ രക്ഷിക്കുവാൻ കഴിയൂ. നിനക്കുവേണ്ട സകല ഒത്താശകളും ഞാൻ ചെയ്തുതരാം. ഈ വലിയ ഗ്രന്ഥശാല നിനക്കിഷ്ടംപോലെ വിനിയോഗിക്കയുംചെയ്യാം. മനുഷ്യൻെറ ചരിത്രം നിൻെറ ചരിത്രംകൂടിയാണു്."

വിൻസൻറിൻെറ പ്രൗഢഗംഭീരമായ പ്രസംഗങ്ങൾ മാർബിൾഭിത്തികളിൽ ചെന്നടിച്ചതല്ലാതെ മുത്തച്ഛൻകുരങ്ങിൻെറ ഹൃദയത്തിൽ കയറിപ്പററിയില്ല. ആപ്പിൾപഴങ്ങൾ ഇനി എപ്പോൾ ലഭിക്കും എന്നായിരുന്നു അവൻെറ ചിന്താവിഷയം. എങ്കിലും ഡാർവിൻ ശാന്തനായി വിൻസൻറിൻെറ പിറകേ വളരെനേരം നടന്നു. ഡാർവിൻെറ ബുദ്ധി വികസിച്ചുകഴിഞ്ഞിരിക്കുമെന്നാണു് ശുഭഗതിക്കാരനായ വിൻസൻറു് ധരിച്ചുപോയതു്. കീഴ്‌സിൽബന്ധികൾക്കു് അന്നുതന്നെ അദ്ദേഹം ഒരാജ്ഞനൽകി, ഡാർവിനുവേണ്ടി ഗ്രന്ഥശാല തുറന്നുകൊടുക്കണമെന്നു്.

അന്നു സ്വതന്ത്രനായി ഡാർവിൻ. പതിവുള്ള ഭക്ഷണം ലഭിച്ചുകഴിഞ്ഞപ്പോൾ മരങ്ങളിൽക്കൂടി ചാടിത്തത്തി നടക്കുന്നതിനുപകരം അവൻ ബോഡ്‌ലിയൻ ഗ്രന്ഥശാലയിലേക്കു നടന്നു. മുകളിൽനിന്നും നോക്കിക്കൊണ്ടിരിക്കയായിരുന്നു വിൻസൻറു്. തൻെറ ശ്രമങ്ങൾ സഫലീകൃതമാകുവാൻപോകുന്നു എന്നു വിചാരിച്ചു വിൻസൻറിനു് അനുണ്ടായ സന്തോഷം വാചാമഗോചരമത്രേ. അദ്ദേഹം വിശ്വസിച്ചു ലോകത്തിൽ ഒരു വലിയ വിപ്ലവമുണ്ടാക്കിക്കൊണ്ടു് ഡാർവിൻ സുപ്രസിദ്ധമായ ബോഡ്‌ലിയൻ ഗ്രന്ഥാലയത്തിൽനിന്നും ഇറങ്ങിവരുമെന്നു്. അനേകായിരം കൊല്ലത്തെ മനുഷ്യൻെറ വിജ്ഞാനവും, പരിചയവും, ചരിത്രവും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥശാല ബുദ്ധിയുള്ള ഒരാളുടെ അധീനത്തിലായിക്കഴിഞ്ഞാൽ അവൻ ഒരു വിജ്ഞാനിയായിത്തീരാതിരിക്കുന്നതെങ്ങനെ?

നാലഞ്ചുകുതികൊണ്ടു് ഡാർവിൻ ഗ്രന്ഥശാലയിൽ എത്തി. വിൻസൻറിൻെറ നിർദ്ദേശമനുസരിച്ചു് അവിടത്തെ തൊഴിൽക്കാർ ഡാർവിനുവേണ്ടി ഗ്രന്ഥശാല തുറന്നിട്ടിരുന്നു. അവൻ അകത്തു കടന്നു നിർബാധം. അപ്പുറം വിൻസൻറുംകൂടി തലേദിവസം പ്രവേശിച്ച ഒന്നാമത്തെ ഹാളിലേക്കാണു് ഡാർവിൻ ആദ്യമായിക്കടന്നതു്. കുറേ കളിമൺകട്ടകൾ അടുക്കിയിരിക്കുന്ന തുറന്നുകിടന്നിരുന്ന അൽമാരികളിൽ. അവൻ അൽമാരികൾക്കുള്ളിലേക്കു ചാടിക്കയറി ആ മൺകട്ടകൾ ഓരോന്നോരോന്നായി വലിച്ചു ദൂരെ എറിഞ്ഞു. മാർബിൾ തറയിൽവണു പലതും ഉടഞ്ഞുപോയി—അനർഘനിക്ഷേപങ്ങൾ. പല കട്ടകളും അവൻ കടിച്ചുപൊട്ടിച്ചുനാക്കി. ഡാർവിൻ നാശമാണു ചെയ്യുന്നതെന്നു മനസ്സിലാക്കി ഒരു ഭൃത്യൻ ഓടിവന്നു. തലേദിവസത്തെ ആപ്പിൾപ്പഴങ്ങളുടെ രുചിയാണു ഡാർവിനുണ്ടായതപ്പോൾ. പഴങ്ങൾ ഉണ്ടോ എന്നു് ഭൃത്യനെ ഒരു സിംഹാവലോകനംകൊണ്ടു അവൻ പരിശോധിച്ചു. ഭൃത്യൻെറ കൈവശം ഒരു വടിയാണവൻ കണ്ടതു്. അവനു കോപമുണ്ടായി. ഒരു കട്ട എടുത്തു് ഭൃത്യൻെറ നേർക്കു വലിച്ചെറിഞ്ഞിട്ടു് അവൻ അടുത്ത ഹാളിലേക്കു ചാടി. അവിടെയും നാശങ്ങൾ പലതുചെയ്തു. അതിനുശേഷം മൂന്നാമത്തേതിലേക്കു ചാടി. അവിടെനിന്നും ഭൃത്യന്മാർ ഓടിച്ചപ്പോൾ നാലാമത്തേതിലേക്കു കടന്നു. തങ്കാക്ഷരങ്ങൾകൊണ്ടു തിളങ്ങിയ ഡാർവിൻെറ ഗ്രന്ഥങ്ങളാണു് അവനെ ആകർഷിച്ചതു്. ആ ഗ്രന്ഥങ്ങൾ ഓരോന്നായി അവൻ എടുത്തു് കടിച്ചുകീറി ദൂരെ വലിച്ചെറിഞ്ഞുകൊണ്ടിരുന്നു.

ഓടിക്കിതച്ചു വരുന്നു ഒരാൾ ആ ഹാളിനകത്തേക്കു്. "ഡാർവിൻ, ഡാർവിൻ"—ഉച്ചത്തിൽ വിളിച്ചു വിൻസൻറു്. ഒരു തടിയൻ പുസ്തകം വലിച്ചെടുത്തു് ഉടൻ വിൻസൻറിനെനോക്കി ഒററ ഏറു്. അതു കുത്തഴിഞ്ഞു വിൻസൻറിൻെറ തലയ്ക്കടിച്ചു് "പ്ലോം" എന്നു നിലംപതിച്ചു. വിറയ്ക്കുന്ന കൈകളോടുകൂടിയാണു് വിൻസൻറു് കുനിഞ്ഞു് അതു എടുത്തതു്. അതിൻെറ പേരുകണ്ടപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി—Origin of Species "എൻെറ ഡാർവിൻ നീ എന്നെ ചതിച്ചു" എന്നുമാത്രം പറഞ്ഞിട്ടു് ആ മുത്തച്ഛനെ പിടിച്ചുവലിച്ചുകൊണ്ടുപോയി തുടലേൽ പൂട്ടിയിട്ടു അദ്ദേഹം.

"താങ്കൾ എന്താണു് ഈ ചെയ്തതു്? ഒരു മുതുക്കൻ കുരങ്ങിനെ കളിപ്പിക്കാനുള്ള സ്ഥലമാണോ ഭുവനപ്രസിദ്ധമായ ബോഡ്‌ലിയൻ ഗ്രന്ഥശാല?" ചോദിച്ചു ഓക്സ്‌ഫോർഡ് മേയർ.

"മി. ലോറൻസ്, ക്ഷമിക്കണം. ഞാൻ ഡാർവിൻെറ പരിണാമവാദത്തിൽ ദൃഢമായി വിശ്വസിക്കുന്ന ഒരാളാണു്."

"പരിണാമവാദമെന്നുവച്ചാൽ?"

ദി യൂണിയൻ വീവിംഗ്സ്

ഏജൻസികൾ

ടി സ്ഥാപനത്തിൽനിന്നും, ഈടും നേർമ്മയുമുള്ള ഇഴയിലും, കനകാഭമായ കസവിലും നിർമ്മിക്കപ്പെടുന്ന, കവണികൾ സാരികൾ എന്നിവ വില്ക്കുന്നതിനുള്ള ഏജൻസികൾ എല്ലാ സ്ഥലത്തും കൊടുക്കുന്നതാണു്. ആകർഷണീയമായ കമ്മീഷൻ നൽകപ്പെടും. വ്യവസ്ഥകൾക്കു ആവശ്യപ്പെടുക.

എന്നു്

മാനേജിംഗ് ഡയറക്ടർ
ദി യൂണിയൻ വീവിംഗ്സ്
തൊടുപുഴ

"മനുഷ്യർ കുരങ്ങിൽനിന്നും പരിണാമം പ്രാപിച്ച ഒരു മൃഗമാണെന്നു്."

"ശരിക്കു മനസ്സിലായില്ല. ഒന്നു വിശദമാക്കിത്തരണം. ഒരു തള്ളക്കുരങ്ങു് രണ്ടു കുട്ടികളെ പ്രസവിച്ചു എന്നു വിചാരിക്കുക. അതിൽ ഒന്നു കുരങ്ങും മറേറതു മനുഷ്യനുമായിത്തീർന്നു എന്നാണോ നാം മനസ്സിലാക്കേണ്ടതു്?"

"അതല്ല. കുരങ്ങുതന്നെ ചില പ്രത്യേക സാഹചര്യങ്ങളിൽ പെട്ടപ്പോൾ അതു പരിണാമംപ്രാപിച്ചു മനുഷ്യനായിത്തീർന്നു."

"കൊള്ളാം. അങ്ങനെയെങ്കിൽ നമ്മുടെ വീട്ടുകളിൽ നാം വളർത്തുന്ന കുരങ്ങുകൾ എല്ലാംതന്നെ മനുഷ്യരായിത്തീരണം. ഇതിനെക്കാൾ പററിയ മററു് സാഹചര്യങ്ങൾ ഒരു കുരങ്ങിനു് എപ്പോഴാണുണ്ടാകുക?"

"പെട്ടെന്നല്ല പരിണാമംസിദ്ധിക്കുന്നതു്. അനേകായിരം കൊല്ലങ്ങൾ വേണ്ടിവന്നേക്കും ഒരു കുരങ്ങു് ഒരു മനുഷ്യനായിത്തീരുവാൻ."

"മി. വിൻസൻറു്, ക്ഷോഭത്തോടെ പറയാതിരിക്കണം. ഒരു കുരങ്ങിനു് അനേകായിരം കൊല്ലത്തെ ജീവിതമുണ്ടോ?"

"ഒരു കുരങ്ങിന്റെ ജീവിതകാലത്തുതന്നെ ആയിരിക്കയില്ല ഇതെല്ലാം സംഭവിക്കുന്നതു്. അനേകം കുരങ്ങുകളുടെ കാലം വേണ്ടിവന്നേക്കാം."

"അങ്ങനെയെങ്കിൽ നിങ്ങളുടെ ഡാർവിന്റെ എത്രാമത്തെ തലമുറ ഒരു മനുഷ്യനായിത്തീരും?"

"അതറിഞ്ഞുകൂടാ. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ ഡാർവിൻതന്നെ ഒരു മനുഷ്യനായിത്തീരുമോ എന്നറിയുവാൻ ഞാൻ ഒരു പരീക്ഷണം നടത്തുകയായിരുന്നു."

"അനേകം വിശിഷ്ടഗ്രന്ഥങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള പരീക്ഷണം വളരെ സാഹസമായിപ്പോയി. പതിനായിരം രൂപാ നഷ്ടപരിഹാരം ചെയ്യേണ്ടിവരുമെന്നാണു് ഇപ്പോൾ കണക്കാക്കിയിരിക്കുന്നതു്. നിങ്ങളുടെ ഉദ്യോഗവും നഷ്ടപ്പെട്ടിരിക്കുന്നു."

"എന്റെ ഉദ്യോഗം പോകുന്നതിൽ എനിക്കു സങ്കടമുണ്ടു്. ആ നഷ്ടത്തിനു ഞാനല്ല ഉത്തരവാദി."

"പിന്നെ ആരാണുത്തരവാദി?"

"പരിണാമവാദത്തിൽ വിശ്വസിക്കുന്ന ഒരു ലോകം."

"അതെ. അതിലെ ഒരു വിശിഷ്ടവ്യക്തി എന്ന നിലയിൽ താങ്കൾ പരിഹാരം ചെയ്യണം. പ്രായോഗികജീവിതത്തിൽ ആരും പരിണാമവാദത്തിനു വിലകല്പിക്കുന്നില്ല. അല്ലെങ്കിൽ താങ്കളുടെ ഡാർവിൻതന്നെ ആ തുക കെട്ടിവയ്ക്കുവാൻ വിധിയുണ്ടാകുമായിരുന്നു."

"പരിണാമവാദത്തിൽ മി. ലോറൻസിനു് ഒട്ടും വിശ്വാസമില്ലെന്നാണോ പറയുന്നതു്?"

"തീർച്ചയായും. പരിണാമവാദം—ഇന്നു നിങ്ങൾ സ്വീകരിച്ചിരിക്കുന്നതരത്തിലുള്ളതു ഒരസംബന്ധംതന്നെ. പരിണാമം കുറെയൊക്കെ ലോകത്തിൽ നടക്കുന്നുണ്ടു്. ആരോഗ്യവാന്മാരായ മാതാപിതാക്കന്മാരുടെ സന്താനങ്ങൾക്കു് കൂടുതൽ ആരോഗ്യമുണ്ടായേക്കാം. ബുദ്ധിമാന്മാർക്കു് ബുദ്ധിമാന്മാരായ മക്കളുണ്ടായേക്കാം. തൊഴിൽക്കാരുടെ മക്കൾക്കു് അതതു തൊഴിലുകളിൽ പ്രത്യേക വാസന ലഭിച്ചേക്കാം. എന്നിരുന്നാലും ഒരു കാട്ടുകോഴി ഒരു കാട്ടുപോത്തായി പരിണാമം പ്രാപിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാൻ വിഷമം. അതിൽക്കൂടുതൽ വിഷമമുണ്ടു് കുരങ്ങു മനുഷ്യനായിത്തീരുന്നകാര്യത്തിൽ. യാതൊരു മൃഗത്തിനുമില്ലാത്ത ഒരു വിശിഷ്ടഗുണം മനുഷ്യനുണ്ടെന്നു സമ്മതിച്ചു മതിയാകൂ. ഒരു പിതാവിന്റെ പല ഗുണങ്ങളും മകനു പാരമ്പര്യത്തിന്റെ നിയമമനുസരിച്ചു് ലഭിക്കും. എന്നാൽ പിതാവു പഠിച്ചിട്ടുള്ള ഭൂമിശാസ്ത്രമോ ചരിത്രമോ പ്രകൃതിശാസ്ത്രമോ ജനനംകൊണ്ടു മകനു ലഭിക്കുകയില്ല. അതിന്റെ കാരണം എന്താണെന്നു തോന്നുന്നു?"

"വിജ്ഞാനം ശരീരത്തെ ആശ്രയിച്ചു നിൽക്കാത്തതുകൊണ്ടായിരിക്കണം."

"അതു ശരിയാണെന്നു തോന്നുന്നു. ശരീരത്തെ സംബന്ധിച്ച ഗുണങ്ങൾ പിതാവിൽനിന്നും സന്താനത്തിലേക്കു പകരുന്നു. എന്നാൽ ആത്മാവിനെമാത്രം സംബന്ധിക്കുന്ന ഗുണങ്ങൾ ആത്മാവിൽനിന്നും ആത്മാവിലേക്കു പകരുന്നില്ല. അതെല്ലാം ഓരോരുത്തരും സ്വയമായി സമ്പാദിക്കേണ്ടിയിരിക്കുന്നു. മൃഗങ്ങൾക്കാകട്ടെ സ്വയമായി സമ്പാദിക്കേണ്ട ഗുണങ്ങളൊന്നുംതന്നെ ഇല്ല. ഒരു മൃഗത്തിന്റെ ജീവിതത്തിനുവേണ്ട സകലതും ജനനാൽത്തന്നെ അതിനു് അതിന്റെ തന്തതള്ളമാരിൽനിന്നും ലഭിക്കുന്നു. ഒരു തേനീച്ചക്കൂട്ടിൽ നോക്കുക. അവിടത്തെ ഭരണരീതി കണ്ടാൽ നമുക്കു് അത്ഭുതംതോന്നും. പക്ഷെ യാതൊരു തേനീച്ചയും മറെറാന്നിന്റെ അടുത്തു് ശിഷ്യപ്പെട്ടു് ഭരണരീതി പഠിക്കുന്നില്ല. ഒരിക്കലും പഠിക്കാതെ മൃഗങ്ങൾ പലതും പഠിച്ചിട്ടുണ്ടു്. മറിച്ചൊന്നു പഠിക്കുവാനോ, വേറൊരു രീതിയിൽ പ്രവർത്തിക്കുവാനോ മൃഗങ്ങൾക്കു സാദ്ധ്യമല്ല. അതുകൊണ്ടാണു് മൃഗങ്ങൾക്കു പുരോഗമനമില്ലാത്തതു്. പുറകോട്ടുതിരിഞ്ഞു് തന്റെ പ്രവൃത്തികളെ നിരീക്ഷണംചെയ്യുവാൻ കഴിവുള്ള ഒരു ജീവി മാത്രമേ ലോകത്തിലുള്ളു. അവനാണു മനുഷ്യൻ. അവനേയുള്ളു പുരോഗമനം. ആ മനുഷ്യൻ എങ്ങനെയാണു് ഒരു കുരങ്ങിൽനിന്നും പരിണാമംപ്രാപിച്ചു എന്നു വിശ്വസിക്കുക? ഡാർവിന്റെമേൽ താങ്കൾ നടത്തിയ പരീക്ഷണങ്ങൾ എന്തു തെളിയിക്കുന്നു?"

"വളരെ ഉപകാരം. ഞാൻ ഇത്രമാത്രം ചിന്തിച്ചില്ല."

ആരോഗ്യപംക്തി

# മദ്യം—ഒരു ഭിഷഗ്വരന്റെ നോട്ടത്തിൽ

ശസ്ത്രക്രിയ ഏതുപ്രകാരമുള്ളതായാലും മനുഷ്യശരീരത്തിനു് അസഹ്യമായ അനുഭവങ്ങളാണുളവാക്കുന്നതു്. ശരീരത്തിന്റെ പ്രതിരോധശക്തിയെ ഹനിക്കുകയും, രോഗശമനമാർഗ്ഗങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന ഏതും, പ്രായേണ രോഗശമനത്തിനു് കാലതാമസവും വൈഷമ്യവും വർദ്ധിപ്പിക്കുന്നു. അമിതമായ മദ്യോപയോഗംമൂലം ചില പ്രത്യേകതരം രോഗത്തെ ചെറുത്തുനില്പാനുള്ള കെല്പു് ശരീരത്തിനു നഷ്ടപ്പെടുന്നു.

രോഗപ്രതിരോധശക്തി ക്ഷയിക്കുന്നതു് വെളുത്ത രക്തകണങ്ങൾ (White blood cells) രക്തതന്തുക്കികളിൽ (Capillaries) നിന്നു്, മാംസപേശികളിലുള്ള ആക്രമണാങ്കങ്ങളിലേക്കു് മാറുന്നതിനെ മദ്യം തടയുന്നതുകൊണ്ടാകുന്നു. മദ്യം എത്ര കുറച്ചുപയോഗിച്ചാലും, അതിൽ ശരീരത്തിനു കേടുവരുത്തുന്നതിനു് കഴിവുള്ള ഒരിനം വിഷാംശമുണ്ടു്. മദ്യം കുറെക്കാലം തുടരെയുപയോഗിച്ചാൽ ആമാശയത്തിൽ വീക്കം ഉണ്ടാകുന്നു. അതിനെയാണു് "ആമാശയവീക്കം" എന്നു വിളിച്ചുവരുന്നതു്. ഇപ്രകാരം ഉദരാശയത്തിലുണ്ടാകുന്ന വീക്കം ദീപനക്രിയകളെ ബാധിക്കയും, തന്മൂലം പോഷണസംബന്ധിയായ കുറവുകൾ കിടയാക്കുകയും ചെയ്യുന്നു. പല കാലമായി ചാരായം കുടിക്കുന്നവരെപ്പററിയുള്ള സ്ഥിതിവിവരങ്ങൾ പരിശോധിച്ചെടുത്തിട്ടുള്ള രേഖകളിൽനിന്നുമാണു് ഇതു് വെളിവാകുന്നതു്.

ജീവകങ്ങളെപ്പററി ആരായുകയും പഠിക്കുകയും ചെയ്യുന്ന യുഗമാണല്ലോ ഇതു്; പോഷകപ്രധാനങ്ങളായ ധാതുക്കളേയും, വസ്തുക്കളേയും സംബന്ധിച്ചു് ബോധമുള്ളവരാണു് ജനങ്ങളിൽ ഭൂരിഭാഗവും. എങ്കിലും വളരെക്കാലം ചാരായം തുടരെ കുടിക്കുന്നതുകൊണ്ടു്, പരമപ്രധാനമായ പോഷണങ്ങൾക്കു് കേടുണ്ടാകുമെന്ന കാര്യം പലരും ഗ്രഹിക്കുന്നില്ല. ഇങ്ങനെ ഹാനി ഭവിക്കുന്നതു്, ധാരാളം മദ്യം കുടിക്കുന്നവർ ആഹാരം ആവശ്യത്തിനു് ഭക്ഷിക്കായ്കകൊണ്ടാകുന്നു. കൂടാതെ പോഷകാംശങ്ങളെ വലിച്ചെടുക്കാനുള്ള കെല്പു് ദഹനേന്ദ്രിയങ്ങൾക്കു് നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ കാര്യങ്ങൾ ശസ്ത്രക്രിയയെ ഗണ്യമായി ബാധിക്കുന്നു.


ഏതു ശസ്ത്രക്രിയയിൽനിന്നും, വേഗത്തിലും പൂർണ്ണമായും സുഖംപ്രാപിക്കുന്നതിനു് പോഷകാംശങ്ങൾ, പ്രത്യേകിച്ചു ജീവകങ്ങളും (Vitamins), മാംസ്യാംശങ്ങളും (Protieus) തുല്യമായി ധാരാളം ഉണ്ടായിരിക്കണം. ഇവയുടെ കുറവുമൂലം രോഗം വാശിയാകാൻ തടസ്സം നേരിടും. ആമാശയം, ചെറുകുടൽ എന്നിവയിൽനിന്നു് ഗ്രസിക്കപ്പെട്ടതായ ചാരായം, കരളിലുള്ള മാംസപേശികളിൽക്കൂടെ കടന്നു്, രക്തത്തിൽ പ്രവേശിക്കയും, അങ്ങനെ ശരീരത്തിലെങ്ങും പ്രസരിക്കയുംചെയ്യുന്നു. ഇതധികമായി ബാധിക്കുന്നതു് തലച്ചോറിനെയാണു്; അസ്ഥികളെ കുറവായിട്ടേയുള്ളു. ഇങ്ങനെ ചാരായം കരളിനെ ബാധിക്കയും, ആഹാരത്തിൽ പോഷകാംശങ്ങൾ കുറയുകയും ചെയ്യുന്നതോടുകൂടി കരളിന്റെ ശക്തിയും ഓജസ്സും നശിക്കുന്നതാണു്. ഇതു് വളരെ സംവത്സരങ്ങൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ കരളിൽ ഒരിനം സുഖക്കേടു് വർദ്ധിക്കുന്നു. സാധാരണമായ മാംസപേശിയിലെ രന്ധ്രങ്ങൾ (Cell) നഷ്ടപ്പെട്ടശേഷം ചില വടുക്കൾ ഉണ്ടാകുകയാണു് ചെയ്യുന്നതു്. ഇതിനെ "സിറോസിസ്സ്" (Cirrhosis) എന്നു പറഞ്ഞുവരുന്നു. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ യുവജനങ്ങളുടെ ഇടയിൽ ഈ രോഗം താരതമ്യേന വളരെ വർദ്ധിച്ചിട്ടുണ്ടെന്നു് കണക്കുകളിൽനിന്നു തെളിഞ്ഞിരിക്കുന്നു. തുടരെയുള്ള മദ്യപാനംമുഖാന്തരം കരളിൽ ഉണ്ടാകുന്ന മാററങ്ങളുടെ ഫലമായി മഞ്ഞപ്പിത്തവും ഉണ്ടാകാറുണ്ടു്.

ശസ്ത്രക്രിയക്കു് വിധേയനാകുന്ന രോഗിയുടെ കരൾ പൂർണ്ണാരോഗ്യമുള്ളതായിരിക്കണം. കാരണം മാംസ്യാംശം പോഷകാംശമാക്കി ശരീരത്തിൽ പ്രസരിപ്പിക്കുന്നതും, രക്തം കട്ടപിടിപ്പിക്കുന്നതിനാവശ്യമുള്ള വസ്തുക്കൾ നിർമ്മിക്കുന്നതും, പഞ്ചസാരയും ഗ്ലൈക്കൊജെനും സ്വരൂപിച്ചുവയ്ക്കുന്നതും കരൾതന്നെയാകുന്നു. പോഷകാംശവും, രക്തം കട്ടയാക്കുന്ന ധാതുക്കളും, രക്തവും ശരീരത്തിൽ കുറവുള്ള ഒരാൾ, ശസ്ത്രക്രിയ ഏല്ക്കേണ്ടിവരുമ്പോൾ, തന്റെ കരളിനെ പ്രത്യേകിച്ചും, ശരീരത്തെ പൊതുവെയും ഒരു വൈഷമ്യാവസ്ഥയിൽ ചാടിക്കുകയാണു് ചെയ്യുന്നതു്. അതു പലപ്പോഴും മരണകാരണമായിത്തീരും.

മദ്യപന്മാരെ പിടിപെടാറുള്ള രോഗങ്ങൾ കണ്ടുപിടിച്ചു രോഗനിർണ്ണയം ചെയ്യുകയെന്നതു് ഏററവും പ്രയാസമാണു്. മദ്യപാനംമൂലം ചിലപ്പോൾ ഉണ്ടാകാറുള്ള ലക്ഷണങ്ങൾ, മററുചില രോഗങ്ങളുടെ ലക്ഷണങ്ങളുമായി വളരെ സാമ്യമുണ്ടു്. തന്മൂലം രോഗനിർണ്ണയം ചെയ്യാൻ പ്രയാസം വർദ്ധിക്കുന്നു. ഇതു തലയിലുണ്ടാകുന്ന മുറിവുകളെയും ആമാശയത്തിലുണ്ടാകുന്ന രോഗങ്ങളെയും സംബന്ധിച്ചു വളരെ ശരിയാണു്. ചില പ്രധാന ശസ്ത്രക്രിയ സംബന്ധിച്ചു് ആമാശയം ഓപ്പറേറു് ചെയ്തിട്ടു് അവിടെ ഒരു കേടുമില്ലാതിരുന്നതായി ഞാൻ പലതവണ കണ്ടിട്ടുണ്ടു്. മദ്യപാനംമൂലം ആമാശയത്തിലും കുടലിലും ഉണ്ടായ വീക്കം സകലവിധരോഗലക്ഷണങ്ങളോടുംകൂടിയതായിരുന്നു. ഇവ, കൂടിയ തരത്തിലുള്ള വ്രണങ്ങളുടേയും കണയ (Pancreas) ത്തിലുണ്ടാകുന്ന വീക്കത്തിന്റെയും അപ്പൻഡിസൈററിസിന്റേയും ലക്ഷണങ്ങളുമായിട്ടു് വലിയ സാമ്യമുള്ളവയാണു്.

ഈയിടയ്ക്കു് എനിക്കുണ്ടായ ഒരനുഭവം മേൽപ്പറഞ്ഞ യാഥാർത്ഥ്യം നന്നായി തെളിയിക്കുന്നു. ഒരു ദിവസം രാവിലെ അടുത്തുള്ള ആശുപത്രിയിലേക്കു് എന്നെ ക്ഷണിച്ചുകൊണ്ടുപോയി. അവിടെ, 25വയസ്സു പ്രായമുള്ള ഒരു യുവാവു് അസഹ്യമായ വയറുവേദനകാരണം നിലവിളിക്കുകയായിരുന്നു. അയാളുടെ ആമാശയം പരിശോധിച്ചപ്പോൾ അതു് നല്ല ഉറപ്പും ആരോഗ്യവുമുള്ളതായി കാണപ്പെട്ടു. ഉദരത്തിൽ മലം അനങ്ങുന്നതിന്റെ അടയാളമോ ശബ്ദമോ അറിയാൻ നിർവ്വാഹമില്ലായിരുന്നു. എന്നാൽ രക്തം പരിശോധിച്ചപ്പോൾ വലിയ വ്രണത്തിന്റെ ലക്ഷണങ്ങൾ കാണപ്പെട്ടു. എന്നാൽ അയാൾ അതിനു തൊട്ടു മുമ്പുള്ള മൂന്നു വർഷങ്ങളിൽ, ഓരോരാത്രിയും ആറേഴുകുപ്പി ബീർ കുടിച്ചിരുന്നതായി പറയുകയുണ്ടായി. എന്നാൽ, ഇയാൾക്കു മുമ്പേ ഉദരവ്രണം ഉണ്ടായിരുന്നോ, അതല്ല, ഇതു മദ്യപാനം നിമിത്തം ആമാശയത്തിലുണ്ടായ നീർവീക്കമായിരുന്നോ എന്നറിയാൻ നിർവാഹമില്ല. ഞാൻ ഓപ്പറേറു് ചെയ്തു നോക്കിയപ്പോൾ ആമാശയത്തിൽ സുഷിരങ്ങളോ, വ്രണമോ, മററിനത്തിലുള്ള തകരാറുകളോ ഉണ്ടായിരുന്നില്ല. ഉദരത്തിലെ പുറംതൊലി നനഞ്ഞു കാണ

(ശേഷം 9-ാം പേജിൽ)



തൃശ്ശൂർ രൂപതയിലെ വിൻസെൻറു് ഡി പോൾ സഹോദരന്മാർ ഏകാന്തധ്യാനത്തിൽ — അവർക്കായി കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു് നടത്തപ്പെട്ട രണ്ടാമത്തെ ധ്യാനം.

# അനുഭവസാക്ഷ്യം No. 81.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

മാന്യവൈദ്യരെ,

എനിക്കു് കഴുത്തുകഴപ്പു്, നെഞ്ചിടിപ്പു് (ഹൃദയസ്പന്ദനം വർദ്ധിക്കുക) തല ചുററുക, നീർവീഴ്ച (തുമ്മൽ), മൂലക്കുരു, പുളിച്ചുതികട്ടൽ, ഓർമ്മക്കുറവു്, രുചിക്കുറവു്, തളച്ച, കാലുകളുടെ അടിയിൽ വിള്ളിച്ച, രക്തക്കുറവു് തുടങ്ങിയവകൾ മൂലം ഞാൻ കഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണു് 15-5-50 ൽ നെല്ലായിൽ വന്നു് താങ്കളെ കണ്ടതു്. താങ്കൾ അന്നു് എനിക്കു് നിർദ്ദേശിച്ചു് തന്നതുപോലെ ഞാൻ "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം" എന്നീ ഔഷധങ്ങൾ നാലുമാസം ഉപയോഗിച്ചതുകൊണ്ടു് മേൽപറഞ്ഞ രോഗലക്ഷണങ്ങളെല്ലാം നിശ്ശേഷം വിട്ടുമാറുകയും പ്രവൃത്തികൾക്കു് വേണ്ടതായ ഉന്മേഷവും ആരോഗ്യവും എനിക്കു് സിദ്ധിക്കയും ചെയ്തിട്ടുള്ള വിവരം സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

എനിക്കു് ഉണ്ടായതുപോലെയുള്ള രോഗങ്ങൾകൊണ്ടു് കഷ്ടപ്പെടുന്നവരുടെ ഉപയോഗാർത്ഥം എന്റെ ഈ അനുഭവസാക്ഷ്യം പ്രസിദ്ധപ്പെടുത്തുവാൻ താല്പര്യപ്പെടുകയും ചെയ്യുന്നു.

7—4—51 Pulloot

Mrs. K. Parvathi Kuttyan (Sd)
Teacher, M. S., Pulloot






# മൂന്നു ദേവാലയങ്ങൾ

അവൻ അടുത്തുവന്നു പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു് കരഞ്ഞുകൊണ്ടു് അരുളിച്ചെയ്തു: നിന്റെ സമാധാനത്തിനുള്ളവ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നു. എന്നാൽ ഇപ്പോൾ അവ നിന്റെ കണ്ണുകളിൽനിന്നു് മറയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിന്റെ സന്ദർശനത്തിന്റെ സമയം നീ അറിയാതിരുന്നതുകൊണ്ടു് നിന്നെ ശത്രുക്കൾ വളയുകയും, എല്ലാ സ്ഥലത്തുനിന്നും പീഡിപ്പിക്കുകയും, നിന്നെയും നിന്നിലുള്ള നിന്റെ മക്കളേയും അടിയോടെ നശിപ്പിക്കുകയും, നിന്നിൽ കല്ലിന്മേൽ കല്ല ശേഷിക്കാതിരിക്കുകയും ചെയ്യുന്ന ദിവസങ്ങൾ വന്നുകൂടും. അവൻ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ അതിൽ ക്രയവിക്രയം ചെയ്തിരുന്നവരെ ബഹിഷ്കരിക്കുവാൻ തുടങ്ങി. അവൻ അവരോടു അരുളിച്ചെയ്തു: എന്റെ ഭവനം പ്രാർത്ഥനാലയമാകുന്നു എന്നു എഴുതപ്പെട്ടിരിക്കുന്നു. നിങ്ങൾ അതു് മോഷ്ടാക്കളുടെ ഗുഹയാക്കിത്തീർത്തു. അവൻ എല്ലാദിവസവും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ പ്രധാനാചാര്യന്മാരും, നിയമജ്ഞരും, ജനങ്ങളുടെ മൂപ്പന്മാരും അവനെ നശിപ്പിക്കുവാൻ വഴിനോക്കിയിരുന്നു. (പന്തക്കുസ്ത 9-ാം ഞായർ; സുവിശേഷം: ലൂക്കാ XIX 41—47.)

ദൈവത്തിന്റെ സാന്നിദ്ധ്യത്താൽ പരിപൂതമാക്കപ്പെട്ടിട്ടുള്ള മൂന്നു ദേവാലയങ്ങൾ ഉണ്ടു്: ഒന്നു്, പ്രകൃതിയാകുന്ന ദേവാലയം; രണ്ടു്, ജറുസലം ദേവാലയം; മൂന്നു്, മനുഷ്യാത്മാവാകുന്ന സജീവദേവാലയം. മനുഷ്യൻ ആദ്യമായി ദൈവാർച്ചന നടത്തിയിട്ടുള്ളതു് പ്രകൃതിയാകുന്ന ബ്രഹ്മാണ്ഡദേവാലയത്തിൽ വച്ചാണു്. ആദംമുതൽ സോളമൻ വരെയും മൂവായിരം വർഷങ്ങൾ മനുഷ്യവർഗ്ഗം സത്യദൈവാരാധന നടത്തിയതു് ദൈവനിർമ്മിതമായ ഈ ഉത്തുംഗസൗധത്തിലായിരുന്നു. അബ്രാഹം, ഇസഹാക്കു്, യാക്കോബു് തുടങ്ങിയ പിതാക്കന്മാരുടെ ബലിയർപ്പണം നടന്നതു് ഈ ദേവാലയത്തിലായിരുന്നു. ദാവീദ്‌രാജാവു് സുപ്രസിദ്ധങ്ങളായ സങ്കീർത്തനങ്ങൾ രചിച്ചതു് ഇവിടെവച്ചാണു്. സൃഷ്ടവസ്തുക്കളുടെ വൈചിത്ര്യവും അഭിരമ്യതയും അഭിവീക്ഷിച്ചുകൊണ്ടു് ആ രാജർഷി ഇപ്രകാരം ദൈവത്തെ പ്രകീർത്തിച്ചു: "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു; നഭോമണ്ഡലം അങ്ങേ കൈവേലയെ പ്രഘോഷിക്കുന്നു." "ഓ കർത്താവേ ഞങ്ങളുടെ നാഥാ, പ്രപഞ്ചം മുഴുവനിലും അങ്ങേ നാമം അത്ഭുതജന്യംതന്നെ." ഒരു അജ്ഞേയവാദിയുടെയോ അവിശ്വാസിയായ ജ്യോതിശ്ശാസ്ത്രജ്ഞന്റെയോ വക്രമായ വീക്ഷണഗതിയെ മാററിവച്ചുകൊണ്ടു സൃഷ്ടിജാലങ്ങളെ അഭിവീക്ഷിക്കുന്ന ഏതൊരുവനും രാജകീയപ്രവാചകനെപ്പോലെ പ്രകൃതിയിൽനിന്നു് പ്രകൃതിയുടെ നാഥനിലേക്കു ഉയരുപോകാതിരിക്കയില്ല. അങ്ങനെ നോക്കുമ്പോൾ സൃഷ്ടവസ്തുക്കളെല്ലാംതന്നെ ദൈവത്തിന്റെ അനന്തശക്തിയുടെ ദർപ്പണങ്ങളായി പ്രത്യക്ഷപ്പെടും. "വൃക്ഷങ്ങളിൽ നാവുകളും, ഒഴുകുന്ന അരുവികളിൽ ഗ്രന്ഥങ്ങളും, കല്ലുകളിൽ പ്രസംഗങ്ങളും, എല്ലാററിലും നന്മയും" നാം കണ്ടെത്തും. എന്നാൽ കഷ്ടം! നാമാകട്ടെ, പിതാക്കന്മാരുടെ വിശാലമായ വീടുകളിൽ തങ്ങളെ ഉറക്കുനാക്കിക്കൊണ്ടു് അങ്ങിങ്ങായി തൂങ്ങിക്കിടക്കുന്ന പിതാക്കന്മാരുടെ ചിത്രങ്ങളെ തിരിച്ചറിയാതെ ഓടിക്കളിക്കുന്ന വിചാരഹീനരായ കുട്ടികളെപ്പോലെയാണു് വ്യാപരിക്കുന്നതു്. പ്രകൃതിയാകുന്ന മണിമന്ദിരത്തിൽ നമ്മുടെ പിതാവായ ദൈവത്തിന്റെ ഛായ മുദ്രിതമായിരിക്കുന്നതിനെ നാം ദർശിക്കുന്നില്ല. ഭക്തിയോടെ നാം പരിചിന്തിക്കയാണെങ്കിൽ നഭോമണ്ഡലത്തിലെ ഓരോ നക്ഷത്രത്തിലും വൃക്ഷങ്ങളിലെ ഓരോ ഇലയിലും ഈ ദിവ്യമുദ്രയെ നാം ദർശിക്കുന്നതാണു്. പ്രകൃതിയുടെ ഭയങ്കരതയോ രാമണീയകതയോ എന്തുതന്നെ നാം കാണുമ്പോഴൊക്കയും ദൈവത്തെ സ്തുതിക്കയും ആരാധിക്കയുംചെയ്യുന്ന ഒരു പതിവു് നമ്മിൽ ക്രമേണ നട്ടുവളർത്തണം.

രണ്ടാമത്തെ ദേവാലയം ജറുശലം ദേവാലയമാണു്—ഇന്നാകട്ടെ നമ്മുടെ കത്തോലിക്കാ ദേവാലയങ്ങളും. ജറുശലം ദേവാലയം ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായിരുന്നു. വിലപിടിച്ച സാധനസാമഗ്രികൾ സംഭരിച്ചശേഷം 3600 മേസ്തിരികളുടെ മേൽനോട്ടത്തിൽ 80000 കല്ലണിക്കാരും 70000 മരപ്പണിക്കാരും ദിവസംതോറും 7 കൊല്ലം തുടർച്ചയായി വിയർപ്പൊഴുക്കിയതിന്റെ ഫലമായിരുന്നു ആ ദേവാലയം. വാഗ്ദാനത്തിന്റെ പേടകം—മരുഭൂമിയിൽവെച്ചു വർഷിക്കപ്പെട്ട മന്നായും മൂശയ്ക്കു നൽകപ്പെട്ട പ്രമാണപ്പലകയും നിക്ഷേപിച്ചിരുന്ന പെട്ടി—അതിൽ സംപൂജ്യമായി സ്ഥാപിക്കപ്പെട്ടു. അതിന്റെ പ്രതിഷ്ഠയിൽ ദൈവം പ്രസാദിച്ചു് "ഈ ആലയത്തെ ഞാൻ പരിശുദ്ധമാക്കുന്നു" എന്നു് കല്പിച്ചരുളുകയുണ്ടായി. മനോഹരമായ ആ സൗധം ഈജിപ്തിലെ രാജാവായ സെസാക്കിനാൽ നശിപ്പിക്കപ്പെട്ടശേഷം, മുമ്പിലത്തെപ്പോലെ വമ്പിച്ച ചെലവുചെയ്തു സെറോബാബേൽ രാജാവിന്റെ കാലത്തു് പുനരുദ്ധരിക്കപ്പെട്ടു. ഇത്ര പാവനമായ ദൈവഭവനം കള്ളന്മാരുടെ ഒരു ഗുഹയാക്കിത്തീർത്ത നീചന്മാരുടെ നേരെ ദിവ്യരക്ഷകന്റെ രോ


For favours received



K. C. V.


ഷം ആളിക്കത്തിയെങ്കിൽ അതു് എത്രയോ ന്യായപൂർവ്വമാണു്. ആ ദേവാലയത്തിൽവെച്ചാണു് ദൈവമായ ഉണ്ണിയീശോ നിത്യപിതാവിനു് കാഴ്ചവയ്ക്കപ്പെട്ടതു്; അതിലാണു് ദിവ്യബാലൻ തന്റെ വേദവിജ്ഞാനത്താൽ യഹൂദശാസ്ത്രികളെ അത്ഭുതസ്തബ്ധരാക്കിയതു്. ദൈവമായ ക്രിസ്തുനാഥൻ അനേകംപ്രാവശ്യം അവിടെ സന്നിഹിതനായി ജനങ്ങളെ പഠിപ്പിക്കയും പിതാവിനെ ആരാധിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇന്നത്തെ നമ്മുടെ കത്തോലിക്കാ ദേവാലയങ്ങളുടെ സംപൂജ്യത ജറുസലംദേവാലയത്തിന്റേതിനെക്കാൾ എത്രയോ കൂടുതലാണു്! പ്രമാണപ്പലകയും മരുഭൂമിയിലെ മന്നായുമല്ല, പ്രത്യുത പ്രമാണദാതാവായ ദൈവം—സാക്ഷാൽ സ്വർഗ്ഗീയമന്നായായ ക്രിസ്തുനാഥൻ—തന്നെയാണു് നമ്മുടെ ദേവാലയങ്ങളിൽ രാപകൽ എഴുന്നള്ളിയിരിക്കുന്നതു്. എത്രതന്നെ എളിയ ദേവാലയമായാലും അവിടേയും ദൈവമായ ക്രിസ്തുനാഥൻ യഥാർത്ഥത്തിൽ സന്നിഹിതനാണെന്നുള്ള വിചാരം നമ്മെ കർത്തവ്യബോധമുള്ളവരാക്കിത്തീർക്കട്ടെ. ചിരി, കളി, സംസാരം, മുട്ടുകുത്തുന്നതിലും ഇരിക്കുന്നതിലുമുള്ള അനാചാരങ്ങൾ, എന്നിവയെല്ലാം ഉപേക്ഷിച്ചു്, വളരെ ആചാരവും അച്ചടക്കവും പാലിക്കുവാൻ ഓരോരുത്തരും ശ്രമിക്കട്ടെ. പള്ളിയുടെ അകത്തുമാത്രമല്ല പള്ളിപ്പരിസരങ്ങളിലും ഈ ഒരു സംപൂജ്യതയും അച്ചടക്കബോധവും പാലിക്കേണ്ടതാണു്. ദേവാലയം അവനവന്റെ വീടല്ല; ഒരു ക്ലബ്ബല്ല; സാമൂഹ്യസമ്മേളനരംഗമല്ല; സിനിമാശാലയല്ല; പ്രത്യുത, ദൈവത്തിന്റെ ആലയമാണെന്നു് ഓരോരുത്തരും പ്രത്യേകം സ്മരിക്കട്ടെ.

മൂന്നാമത്തെ ദേവാലയം ഓരോരുത്തന്റെയും ആത്മാവാണു്. പ്രസാദവരത്തിലിരിക്കുന്ന ഒരാത്മാവിൽ ദൈവം പ്രത്യേകവിധത്തിൽ സന്നിഹിതനാണു്. അതു് പരിശുദ്ധാത്മാവിന്റെ ആലയമാണു്. "എന്നെ ആരെങ്കിലും സ്നേഹിക്കുമെങ്കിൽ, എന്റെ പിതാവും അവനെ സ്നേഹിക്കുകയും ഞങ്ങൾവന്നു് അവനോടുകൂടി നിവസിക്കുകയുംചെയ്യും." ദൈവം തന്റെ സർവ്വശക്തിയാലും, തന്റെ സർവ്വജ്ഞാനത്താലും തന്റെ സത്ത (Essence) യാലും എല്ലാ വസ്തുക്കളിലും—പാപികളിലും—സന്നിഹിതനാണു്. എന്നാൽ പ്രസാദവരംവഴിയുള്ള തന്റെ സാന്നിദ്ധ്യം ഒരു പ്രത്യേകതരത്തിലുള്ളതാണു്—പിതാവു്, സ്നേഹിതൻ, പ്രാണവല്ലഭൻ എന്നീ നിലകളിൽ വളരെ അടുത്ത ഒരു ബന്ധമാണു് സംജാതമാകുന്നതു്. ദൈവത്തിന്റെ ജീവനിലും സ്വഭാവത്തിലും നാം പങ്കുകാരാകയുംചെയ്യുന്നു. ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ള എത്ര മനോഹരമായ ദേവാലയവും—സോളമന്റെ ദേവാലയംമുതൽ ഇന്നത്തെ വി. പത്രോസിന്റെ ബസിലിക്കവരേയും—നശ്വരമാണു്, നിർജ്ജീവമാണു്. എന്നാൽ ആത്മാവാകുന്ന ദേവാലയം അനശ്വരമാണു്, സജീവമാണു്. പ്രപഞ്ചമാകുന്ന ദേവാലയവും ആത്മാവിനോടു തുലനംചെയ്യുമ്പോൾ എത്രയോ നിസ്സാരമാണു്. വിശ്വത്തിന്റെ വിസ്തൃതമാനങ്ങൾ തകർന്നുപോകും; നക്ഷത്രങ്ങൾ നിഷ്പ്രഭങ്ങളായിത്തീരും; സൂര്യൻ യുഗാന്തരങ്ങൾകൊണ്ടു മങ്ങിപ്പോകും; എന്നാൽ അപ്പോഴും ആത്മാവാകുന്ന ദൈവാലയം ആനന്ദനിലയമായി വർത്തിച്ചുകൊണ്ടിരിക്കും. ഈ ദേവാലയത്തെക്കുറിച്ചാണു് ജറമിയാസു് പ്രവാചകൻ പറയുന്നതു്: "ഞാൻ എന്റെ നിയമങ്ങൾ അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനങ്ങളുമായിത്തീരും." ഈ ദേവാലയത്തെക്കുറിച്ചാണു് വി. പൗലോസു് പ്രസ്പഷ്ടമായി പ്രസ്താവിക്കുന്നതു്: "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാകുന്നുവെന്നും പരിശുദ്ധാത്മാവു് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ? എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. അതു് നിങ്ങൾ ഓരോരുത്തരുംതന്നെ." ഈ ഒരു ബോധം—നാമോരോരുത്തരും ദൈവത്തിന്റെ പ്രത്യേകസാന്നിദ്ധ്യമുള്ള പരിശുദ്ധാലയങ്ങളാണെന്നുള്ള ബോധം—നമ്മിൽ ദൃഢമൂലമാകുമ്പോൾ തദനുസാരമുള്ള പരിശുദ്ധി നമ്മുടെ വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ഉണ്ടാകാതിരിക്കയില്ല. ആത്മാവിനെയോ ശരീരത്തെയോ നാം ഒരിക്കലും അശുദ്ധപാപത്താൽ പങ്കിലമാക്കയില്ല. ജറുസലം ദേവാലയത്തിൽ അനാചാരമായി പെരുമാറിയവരോടു ദിവ്യരക്ഷകൻ എന്തൊരു നയമാണു് അനുവർത്തിച്ചതെന്നു് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുകഴിഞ്ഞു. അതിലും വലിയ ശിക്ഷയാണു് ദൈവത്തിന്റെ ആലയമായ ആത്മശരീരങ്ങളെ അശുദ്ധമാക്കുന്നവർക്കു ലഭിക്കുക. "ഈ ദേവാലയത്തെ ആരെങ്കിലും അശുദ്ധമാക്കുന്നെങ്കിൽ അവനെ ദൈവം നശിപ്പിക്കും" എന്നാണു് വി. പൗലോസു് പറയുന്നതു്. പലതരത്തിലുള്ള അശുദ്ധപാപങ്ങളിൽ നിപതിക്കുന്നവരും ദുസ്സ്വഴക്കങ്ങളിൽ വേരുറച്ചുകിടക്കുന്നവരും ഈ യാഥാർത്ഥ്യം മനസ്സിലാക്കട്ടെ. പ്രലോഭനങ്ങൾ നേരിടുമ്പോൾ, തങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നു അവർ സ്മരിക്കട്ടെ; എന്തു ത്യാഗം സഹിക്കേണ്ടിവന്നാലും ഇനിമേലിൽ ആത്മശരീരങ്ങളാകുന്ന ദേവാലയത്തെ ഒരിക്കലും അശുദ്ധമാക്കയില്ലെന്നു അവർ ദൃഢപ്രതിജ്ഞയെടുക്കട്ടെ. "നിങ്ങളുടെ ശരീരത്തെ സജീവവും വിശുദ്ധവും ദൈവത്തിനു് സ്വീകാര്യവുമായ ഒരു ബലിയായി സമർപ്പിക്കുവിൻ" (റോമ XII, 1.) ഈ ഒരു ബലിസമർപ്പണം നമ്മുടെ ആന്തരികദേവാലയത്തിൽ അനുസ്യൂതം നിർവ്വഹിക്കപ്പെടട്ടെ.

(ജെ. ചെമ്മണൂർ)




ഭാര്യ: "കാററും മഴയും മററും ഉണ്ടാകയില്ലെങ്കിൽ ഇന്നു വൈകുന്നേരം കുറെ തുണിവാങ്ങാൻ പോയാൽ കൊള്ളാമെന്നുണ്ടു്. പത്രത്തിൽ എന്തു പറയുന്നു?"

ഭർത്താവു: "ഇടിവെട്ടും മഴയും കൊടുങ്കാററുമെല്ലാം ഉണ്ടാകുമെന്നു്."

*   *   *

മജിസ്ട്രേററു് (വിധി പ്രസ്താവിച്ച ശേഷം): "ഇനി താനതു കട്ടതു വാസ്തവത്തിൽ എങ്ങനെയാണെന്നു് ഒന്നു പറയു. ചുററുപാടു് ആലോചിച്ചിട്ടു് ആശ്ചര്യം തോന്നുന്നല്ലോ."

പ്രതി: "ഏമാനു് അതൊക്കെ അറിഞ്ഞിട്ടു് എന്തു ഗുണം? ഏമാനു് ഈ തൊഴിലുതന്നെയാണു നല്ലതു്."

*   *   *

അദ്ധ്യാപകൻ: "കുരങ്ങന്മാരായിരുന്നു നമ്മുടെയെല്ലാം പൂർവ്വികർ."

വിദ്യാർത്ഥി: സാറിന്റെ അങ്ങനെയായിരുന്നിരിക്കാം. ഞങ്ങളുടെ കാരണവന്മാരെല്ലാം മിടുമിടുക്കന്മാരായ മനുഷ്യരായിരുന്നെന്നാണു അപ്പൻ പറഞ്ഞതു്."

*   *   *

കോടതിയിൽ ഇരിക്കുന്നതു് ഒരു വനിതാജഡ്ജിയാണെന്നു കണ്ടമാത്രയിൽ പ്രതി: "ഏമാനത്തി ആണോ എന്നെ വിസ്തരിക്കാൻ പോകുന്നതു്! എന്നാൽ എന്നെക്കൊണ്ടാവുല്ല."

വക്കീൽ: "എടാ കഴുതേ, ഒന്നു മിണ്ടാതിരിക്കു."

പ്രതി: "സാറൊന്നു അറിഞ്ഞിട്ടാ പറയണേ. എന്റെ കെട്ട്യോളെത്തന്നെ പറഞ്ഞുപററിക്കാൻ എന്നെക്കൊണ്ടാവത്തില്ല. പിന്നയല്ലേ ഏമാനത്തിയെ! (ജഡ്ജിയോടു്) ഏമാനത്തി, ഞാൻ കുററമെല്ലാം സമ്മതിക്കുന്നു."

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 24 | ERNAKULAM, JULY 11, 1951 | No 44


# കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടികളുടെ മുന്നേററം

ഡെമോക്രസിയെ (ജനകീയഭരണത്തെ) സുപ്രസിദ്ധനായ അമേരിക്കൻ പ്രസിഡൻറ് എബ്രഹാം ലിങ്കൺ നിർവ്വചിച്ചിട്ടുള്ളതു്, "ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെമേൽ, ജനങ്ങൾ നടത്തുന്ന ഭരണം" എന്നാണു്. ഈ ഭരണം പ്രയോഗത്തിൽ വരുത്തുന്നതു് തിരഞ്ഞെടുപ്പു സമ്പ്രദായത്താലുമാണു്. പരിപൂർണ്ണമായ ഡെമോക്രസിയിൽ പ്രായപൂർത്തിവന്ന ഓരോ പൗരനും വോട്ടുചെയ്യുവാൻ അവകാശമുണ്ടായിരിക്കും. എല്ലാംകൊണ്ടും കൊള്ളുന്നവനെന്നു തനിക്കു ബോദ്ധ്യമുള്ള ആളെ തന്റെ പ്രതിനിധിയായി നിയമസഭയിലേക്കു് അവൻ വോട്ടുചെയ്തു തിരഞ്ഞെടുത്തയക്കുന്നു. ആ തിരഞ്ഞെടുപ്പു് വാസ്തവത്തിൽ അർത്ഥമുള്ളതാകണമെങ്കിൽ അവൻ സ്വതന്ത്രനായി നിന്നു വോട്ടുചെയ്യണം. കൊള്ളുന്നവനെന്നു തനിക്കു ബോദ്ധ്യമുള്ളവനുവേണ്ടി വോട്ടുചെയ്യാനും, കൊള്ളാത്തവനെന്നു തനിക്കു ബോദ്ധ്യമുള്ളവനുവേണ്ടി വോട്ടുചെയ്യാതിരിക്കുവാനും അവനു കഴിവുണ്ടായിരിക്കണം. ഈ കഴിവു് എപ്പോൾ അവനില്ലാതാകുന്നുവോ അപ്പോൾ അവന്റെ വോട്ടിനും, അതുമൂലമുള്ള തിരഞ്ഞെടുപ്പിനും, തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾവഴിയായി രാജ്യഭരണത്തിൽ അവനു പങ്കുണ്ടെന്നു പറയുന്നതിനും ഒരർത്ഥവുമില്ല.

എന്നാൽ പ്രസ്തുതകഴിവു് ഒരു പൗരനുണ്ടാകണമെങ്കിൽ അവൻ സ്വതന്ത്രനായി ജീവിതം നയിക്കുന്നവനായിരിക്കണം. ഭക്ഷണം, വസ്ത്രം, ഭവനം മുതലായ ജീവിതാവശ്യങ്ങൾക്കു് അവൻ മററു പൗരന്മാരെയോ സർക്കാരിനെത്തന്നെയോ ആശ്രയിക്കേണ്ട ആവശ്യമില്ലാത്തവനായിരിക്കണം. വേലയ്ക്കും; അതിൽനിന്നു കിട്ടുന്ന കൂലിക്കോ, കൂലികൊണ്ടു കൈവശം വരുത്തേണ്ട സാധനങ്ങൾക്കോ അവൻ മററു പൗരന്മാരെയോ സർക്കാരിനെത്തന്നെയോ ആശ്രയിക്കേണ്ട ആവശ്യമില്ലാത്തവനായിരിക്കണം. അതാരാണു്? സ്വകാര്യസ്വത്തിന്റെ ഉടമയുള്ളവൻ മാത്രം; സ്വന്തം ഉടമയിലിരിക്കുന്ന ഭൂമിയിൽനിന്നോ വ്യവസായോപകരണങ്ങളിൽ നിന്നോ മറേറതെങ്കിലും തൊഴിലിൽനിന്നോ തന്റെയും കുടുംബാംഗങ്ങളുടേയും, തല്ക്കാലത്തേക്കും പിൽക്കാലത്തേക്കുമുള്ള, ആവശ്യങ്ങൾക്കു വേണ്ട വകകൾ ആദായമായി കിട്ടിക്കൊണ്ടിരിക്കുന്നവൻമാത്രം.

### മാർക്സ്യൻ സോഷ്യലിസത്തിൽ വോട്ടിനു സ്വാതന്ത്ര്യമില്ല

സോഷ്യലിസത്തിന്റെ സാമ്പത്തികവശത്തിലെ പ്രത്യേകത സ്വകാര്യസ്വത്തുടമയും അതിന്റെ കൈകാര്യകർത്തൃത്വവും പൗരന്മാർക്കു നിഷേധിക്കപ്പെടുന്നുവെന്നതാണു്; സകല സ്വത്തുക്കളുടേയും ഉടമയും, അതിന്റെ കൈകാര്യകർത്തൃത്വവും സമുദായത്തിന്റെ പൊതുവായ നാമത്തിൽ രാഷ്ട്രം കയ്യടക്കുന്നുവെന്നതാണു്. ഇംഗ്ലീഷ്ഭാഷയിലെ പ്രാമാണികമായ ഏതു് അകരാദിയിലും സോഷ്യലിസത്തിനു കൊടുത്തിട്ടുള്ള നിർവചനത്തിൽനിന്നുതന്നെ ഈ വസ്തുത വ്യക്തമാകുന്നുണ്ടു്. ഉദാഹരണമായി "ആക്സ്ഫോർഡ് കൺസൈസ് ഡിക്ഷ്ണറി" (Oxford Coucise Dictionary) നോക്കുക. എന്നാൽ സോഷ്യലിസം എന്നു സ്വയമോ മററുള്ളവരോ വിളിക്കുന്ന സകലവിധ സാമ്പത്തികവ്യവസ്ഥിതികൾക്കും ഈ നിർവ്വചനം പററുന്നില്ല. കാൾമാർക്സിന്റെ സിദ്ധാന്തം മൗലികപ്രമാണമായി ഏറെക്കുറെ സ്വീകരിക്കുന്ന സോഷ്യലിസത്തിനുമാത്രമേ അതു ബാധകമാകയുള്ളു. കമ്മ്യൂണിസം എവിടെയും മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം സ്വീകരിക്കുന്നു. ഇൻഡ്യയിലെ കാര്യംപറഞ്ഞാൽ, ശ്രീ ജയപ്രകാശ് നാരായണന്റെയും മററും സോഷ്യലിസവും പ്രസ്തുത സിദ്ധാന്തം സ്വീകരിക്കുന്നു; തന്മൂലം അവരണ്ടും ശരിയായ അർത്ഥത്തിൽ സോഷ്യലിസമാണു്, മാർക്സ്യൻ സോഷ്യലിസമാണ്. കമ്മ്യൂണിസത്തിന്റെ സാമ്പത്തികവശം മാർക്സ്യൻസോഷ്യലിസമാണെന്നു് പരക്കെ ബോദ്ധ്യമുണ്ടു്. എന്നാൽ ജയപ്രകാശിന്റേതു മാർക്സ്യൻ സോഷ്യലിസം ആണെന്നുള്ള വസ്തുത അറിയാത്തവരോ സമ്മതിക്കാത്തവരോ ഉണ്ടു്. അങ്ങനെയുള്ളവർ, ഇൻഡ്യൻ സോഷ്യലിസ്റ്റു പാർട്ടി പ്രഖ്യാപിച്ചിട്ടുള്ളതും സ്വീകരിച്ചിരിക്കുന്നതുമായ പ്രമാണപത്രിക (Policy Statement) ഒരാവർത്തി വായിച്ചുനോക്കിയാൽ ബോദ്ധ്യംവരും. അതിൽ മൗലികമായി സ്വീകരിച്ചിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതി മാർക്സ്യൻ സിദ്ധാന്തം അനുസരിച്ചുള്ളതാണെന്നു്. കൃഷിയും വ്യവസായവും മററു തൊഴിലുകളും മിക്കവാറും മുഴുവൻതന്നെ പൗരന്മാർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നതായും, സമുദായത്തിന്റെ നാമത്തിൽ രാഷ്ട്രം കയ്യടക്കുന്നതായും അതിൽ കാണാൻ കഴിയും.

അങ്ങനെ കയ്യടക്കുമ്പോൾ സകല പൗരന്മാരും രാഷ്ട്രമാകുന്ന ഏകമുതലാളിയുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾമാത്രമായിരിക്കും. ആ ഏകമുതലാളി നിശ്ചയിക്കുന്ന ജോലി അവർ ചെയ്യണം; നൽകുന്ന കൂലി അവർ വാങ്ങണം; ഉല്പാദിപ്പിക്കുന്നതും വിതരണംചെയ്യുന്നതുമായ ഭക്ഷണം, വസ്ത്രം, ഭവനം തുടങ്ങിയുള്ള ജീവിതവിഭവങ്ങൾ ആ കൂലികൊണ്ടു വാങ്ങി അനുഭവിക്കണം. ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ അനേകം മുതലാളികളുടെ സ്ഥാനത്തു് രാഷ്ട്രം ഏകമുതലാളിയായിത്തീരുകയും, ഇന്നത്തെ അനേകം മുതലാളികളുടെ ദുഷ്പ്രഭുത്വത്തിനു വിധേയരായി കഷ്ടപ്പെടുന്നവരെന്നുപറയുന്ന തൊഴിലാളികളുടെ സ്ഥാനത്തു് രാഷ്ട്രമാകുന്ന ഏകമുതലാളിയുടെ ദുഷ്പ്രഭുത്വത്തിനു വിധേയരായി സകല പൗരന്മാരും കഴിയേണ്ടിവരികയും ചെയ്യും. ഇന്നത്തെ അനേകം മുതലാളികളെ അവശ്യം ആശ്രയിച്ചുകഴിയേണ്ട തൊഴിലാളികൾക്കു തിരഞ്ഞെടുപ്പിൽ സ്വതന്ത്രമായി വോട്ടുചെയ്യാൻ കഴിവില്ലെന്നാണു് പരാതിയെങ്കിൽ, രാഷ്ട്രമാകുന്ന ഏകമുതലാളിയെ അവശ്യം ആശ്രയിച്ചുകഴിയേണ്ടിവരുന്ന ഒന്നൊഴിയാതെയുള്ള പൗരന്മാർക്കു തിരഞ്ഞെടുപ്പിൽ സ്വതന്ത്രമായി വോട്ടുചെയ്യാനുള്ള കഴിവു് നിശ്ശേഷം ഇല്ലാതാകും. മാർക്സ്യൻസോഷ്യലിസം സ്വീകരിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയോ സോഷ്യലിസ്റ്റു പാർട്ടിയോ തിരഞ്ഞെടുപ്പിൽ വിജയംവരിച്ചു് ഭരണാധികാരം കൈക്കലാക്കിയാൽ ഇതായിരിക്കും സകല പൗരന്മാരുടേയും സ്ഥിതി.

### ഇന്നുള്ള സ്വാതന്ത്ര്യത്തിനു കാരണം

കമ്മ്യൂണിസ്റ്റു പാർട്ടിയിലോ ഇൻഡ്യൻ സോഷ്യലിസ്റ്റു പാർട്ടിയിലോനിന്നു് ഇന്നു വോട്ടുചെയ്യുന്നവർക്കു സ്വതന്ത്രമായിത്തന്നെ വോട്ടുചെയ്യാൻ കഴിവുണ്ടല്ലോയെന്നും, ആ സ്ഥിതിക്കു് കമ്മ്യൂണിസ്റ്റു പാർട്ടിയോ ഇൻഡ്യൻ സോഷ്യലിസ്റ്റു പാർട്ടിയോ അധികാരത്തിൽവന്നാലും പ്രസ്തുതസ്വാതന്ത്ര്യം ഇല്ലാതാകുമെന്നു വിചാരിക്കാൻ ന്യായമില്ലല്ലോയെന്നും സംശയംതോന്നിയേക്കാം. അല്പം ആലോചിച്ചാൽ ഈ സംശയം പാടേ നീങ്ങും. കമ്മ്യൂണിസ്റ്റു പാർട്ടിയിലോ ഇൻഡ്യൻ സോഷ്യലിസ്റ്റു പാർട്ടിയിലോ ഉള്ളവർക്കു സ്വതന്ത്രമായി വോട്ടുചെയ്യാൻ ഇന്നു കഴിവുള്ളതു്, ഇന്നു് ആ പാർട്ടികൾ അധികാരത്തിലിരിക്കാത്തതുകൊണ്ടാണു്; അവരുടെ സാമ്പത്തികവ്യവസ്ഥിതി നിലവിലില്ലാത്തതുകൊണ്ടാണു്; ജോലിചെയ്യാനും, കൂലി കിട്ടാനും, കിട്ടുന്നകൂലികൊണ്ടു് ജീവിതാവശ്യങ്ങൾക്കുവേണ്ട വിഭവങ്ങൾ കൈവശപ്പെടുത്താനും ആ പാർട്ടികളെ അവശ്യം ആശ്രയിക്കേണ്ടിവരുന്നില്ലാത്തതുകൊണ്ടാണു്. ഇന്നത്തെ കോൺഗ്രസ്സുഗവമ്മെൻറു് സ്വീകരിച്ചിരിക്കുന്ന ഭരണനയമാണു് ഇതിന്റെ കാരണം. പൗരന്മാർക്കു് ഇഷ്ടമുള്ള ജോലിചെയ്യാനും, അതിനു കിട്ടേണ്ടകൂലി ഇത്രയെന്നു ഇഷ്ടാനുസാരം ഉടമ്പടിചെയ്യാനും, രാജ്യത്തു സ്വതന്ത്രമായി ഉല്പാദനവും വിതരണവും നടത്തുവാനും, അങ്ങനെ ആരോഗ്യപരമായ കിടമത്സരം നടക്കുന്ന കമ്പോളങ്ങളിൽ ജീവിതാവശ്യങ്ങൾക്കു വേണ്ട വിഭവങ്ങളുടെ ക്രയവിക്രയം നടത്തുവാനും മററും പൗരന്മാർക്കു കോൺഗ്രസ്സു് ഗവമ്മെൻറു് നിർബാധം അനുമതി നൽകിയിരിക്കുകയാണു്. മാത്രമല്ല, ഇന്നത്തെ വ്യവസ്ഥിതിയിലും ഭരണക്രമത്തിന്റെ പ്രയോഗത്തിലും, ആളുകളുടെ കുററംകൊണ്ടോ അനിയന്ത്രിതമായ സാഹചര്യങ്ങളുടെ പ്രാതികൂല്യംകൊണ്ടോ, രാജ്യത്തിൽ അനുഭവപ്പെടുന്ന വൈഷമ്യങ്ങളെപ്പററി ക്രമസമാധാനങ്ങൾക്കു ഭംഗംവരാത്ത വിധത്തിൽ പരസ്യമായിത്തന്നെ പരാതികൾ പറയാനും വിമർശനങ്ങൾ നടത്താനും പൗരന്മാർക്കു് കോൺഗ്രസ്സു് ഗവമ്മെൻറു് സ്വാതന്ത്ര്യം നിഷേധിച്ചിട്ടില്ല. എന്നാൽ ഈ സ്ഥിതിയൊന്നും കമ്മ്യൂണിസ്റ്റുപാർട്ടിയുടേയോ ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയുടേയോ ഭരണത്തിൽ സ്വപ്നംകാണാൻപോലും സാധിക്കുകയില്ല. ഇന്നു മാർക്സ്യൻ സോഷ്യലിസത്തിന്റെ സാമ്പത്തികസിദ്ധാന്തം നടപ്പിൽവരുത്തിയിരിക്കുന്നതു സോവ്യററുറഷ്യയിലും, അവരുടെ പിടിയിലും സഖ്യത്തിലും കമ്മ്യൂണിസ്റ്റുപാർട്ടികൾ ഭരിക്കുന്ന രാജ്യങ്ങളിലും മാത്രമാണു്. ആ രാജ്യങ്ങളിൽ ഏകപാർട്ടിഭരണമാണെന്നു പ്രസിദ്ധമാണല്ലോ. പ്രതിപക്ഷത്തിനോ മറേറതെങ്കിലും പാർട്ടിക്കോ കാര്യമായ യാതൊരു സ്ഥാനവും അവിടങ്ങളിലില്ല. ഗവമ്മെൻറിനെപ്പററി പരസ്യമായി പരാതികൾ പറയുവാനോ വിമർശിക്കുവാനോ സാക്ഷാത്തായ സ്വാതന്ത്ര്യമോ സൗകര്യമോ അവിടെയില്ല. അവിടങ്ങളിലെ തിരഞ്ഞെടുപ്പു് വെറും പ്രഹസനംമാത്രമാകുന്നു. ഭരണം നടത്തുന്ന പാർട്ടി നിർത്തുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽപ്പെട്ടവർക്കല്ലാതെ മററാർക്കും വോട്ടുചെയ്യാൻ പൗരന്മാർക്കു് സാദ്ധ്യമല്ല. ഇത്തരം കടുത്ത സ്വേച്ഛാധിപത്യമായിരിക്കും കമ്മ്യൂണിസ്റ്റുപാർട്ടിയുടേയോ ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയുടേയോ ഭരണത്തിൽ ഇൻഡ്യയിലും ഉണ്ടാകാൻ ന്യായമുള്ളതു്. ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയുടെ മേല്പറഞ്ഞ നയപ്രഖ്യാപനത്തിൽ പരോക്ഷമായിട്ടെങ്കിലും ഇക്കാര്യം സമ്മതിക്കുന്നുണ്ടു്.

### തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി

അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി മത്സരിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണു്. അതിനുവേണ്ട പരിശ്രമങ്ങളും പ്രചരണങ്ങളും ആരംഭിച്ചിട്ടുമുണ്ടു്. മലബാർ ഡിസ്ട്രിക്ട് കമ്മ്യൂണിസ്റ്റു പാർട്ടി കൺവെൻഷൻ കോഴിക്കോട്ടുവച്ചു് ജൂൺ 17, 18 തീയതികളിൽ സമ്മേളിച്ചു. ഡിസ്ട്രിക്ടിന്റെ വിവിധഭാഗങ്ങളിലുംനിന്നു് 365 പ്രതിനിധികൾ കൺവെൻഷനിൽ സംബന്ധിച്ചു. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നക്കൽ പരിപാടിയെപ്പററിയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നയപ്രഖ്യാപനത്തെപ്പററിയും കൺവെൻഷൻ സുദീർഘമായ ചർച്ചകൾ നടത്തി ഇവ രണ്ടിനേയും സ്വാഗതംചെയ്തുകൊണ്ടു കൺവെൻഷൻ ഒരു പ്രമേയവും പാസാക്കി. അടുത്ത പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നു കൺവെൻഷൻ തീരുമാനിച്ചു. 6 അംഗങ്ങളടങ്ങിയ തിരഞ്ഞെടുപ്പു കമ്മിററി രൂപീകരിച്ചു. "പിൻതിരിപ്പൻ" കോൺഗ്രസ്സു ഭരണത്തിനെതിരായി ഒരു ഐക്യമുന്നണി രൂപീകരിക്കുവാൻ എല്ലാം ജനകീയ രാഷ്ട്രീയകക്ഷികളേയും ആഹ്വാനംചെയ്തുകൊണ്ടുള്ള ഒരു പ്രസ്താവന പുറപ്പെടുവിക്കുവാനും തീരുമാനിച്ചു. മലബാറിനു ഒരു ഡിസ്ട്രിക്ട് സംഘടനാകമ്മിററിയെ തിരഞ്ഞെടുക്കുകയും, കേരള പ്രാദേശിക കമ്മ്യൂണിസ്റ്റു പാർട്ടി കോൺഫറൻസിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്തു. കൺവെൻഷനു ശേഷം കേരള പ്രാദേശിക സംഘടനാകമ്മിററിയുടെ ഒരു യോഗം കൂടി ശ്രീ എ. കെ. ഗോപാലനെ അതിന്റെ സിക്രട്ടറിയായി തിരഞ്ഞെടുത്തു. ഈ ഗോപാലൻ കേരളാപ്രസ്സു് പ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിൽ ഇടതുപക്ഷപാർട്ടികളുടെ ഐക്യത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. അനന്തരം കേരളത്തെ പരാമർശിച്ചു് ഇപ്രകാരം പ്രസ്താവിച്ചു:-

"കേരളത്തിലെ ജനസംഖ്യ വളരെ വർദ്ധിച്ചിരിക്കുകയാണു്. ഭൂവ്യവസ്ഥയിൽ സമൂലപരിവർത്തനമുണ്ടായെങ്കിലേ അവിടെ സാമ്പത്തികസ്വാതന്ത്ര്യം കൈവരികയുള്ളു. അവിടത്തെ ജനങ്ങൾ അഭ്യസ്തവിദ്യരും ബുദ്ധിമാന്മാരുമാണു്. ലോകത്തിലെ സംഭവങ്ങൾ അവർ ശ്രദ്ധാപൂർവ്വം പഠിച്ചുവരികയാണു്. കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിക്കു പലസ്ഥലങ്ങളിലും ധാരാളം അനുഭാവികളുണ്ടു്. തെരഞ്ഞെടുപ്പിൽ തീർച്ചയായും കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ അവർക്കു കഴിയും."

### തിരഞ്ഞെടുപ്പിൽ സോഷ്യലിസ്ററു പാർട്ടി

ഇൻഡ്യൻ സോഷ്യലിസ്ററു് പാർട്ടിയുടെ പ്രവർത്തനങ്ങൾ 1948-ൽ തിരുക്കൊച്ചി സംസ്ഥാനത്തിലേക്കു വിസ്തൃതപ്പെടുത്തി. സംസ്ഥാനമൊട്ടുക്കു ഡിസ്ട്രിക്ററും, താലൂക്കും, പ്രാദേശികവുമായ യൂണിററുകൾ രൂപീകരിച്ചിരിക്കുകയാണു്. പാർട്ടിയുടെ ഒന്നാമത്തെ പ്രൊവിൻഷ്യൽ കൺവെൻഷൻ കഴിഞ്ഞ ജൂൺ 9-ാംനു തിരുവനന്തപുരത്തു സമ്മേളിച്ചു. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ഏകദേശം 250 പ്രതിനിധികൾ സന്നിഹിതരായിരുന്നു തിരുക്കൊച്ചി നിയമസഭയിലെ 16 സോഷ്യലിസ്ററു് സാമാജികന്മാർ അവരിലുൾപ്പെട്ടിരുന്നു. സുദീർഘമായ ഒരു പ്രമേയം ഐകകണ്ഠ്യേന പാസാക്കിയതിൽ, സോഷ്യലിസ്റ്റുകാരെപ്പോലുള്ള ഒരു പാർട്ടിക്കേ സാക്ഷാത്തായ ജനകീയമുന്നണി രൂപീകരിച്ചു് "കോൺഗ്രസ്സിനെ അടിപ്പെടുത്തുവാനും ജനങ്ങളുടെ സ്വന്തമായ ഒരു ഗവർമ്മെൻറു് കരുപ്പിടിപ്പിക്കുവാനും" സാധിക്കുകയുള്ളു എന്നു പ്രസ്താവിച്ചിരുന്നു. പാർട്ടിയുടെ നേതൃത്വത്തിൽ ഇപ്പോൾ തിരുക്കൊച്ചിയിൽ 62 ട്രേഡ്യൂണിയനുകളുണ്ടു്. കൂടാതെ പാർട്ടിയോടു് അഫിലിയേററു് ചെയ്തിട്ടില്ലാത്ത വേറെ 80-ഓളം ട്രേഡ്യൂണിയനുകൾ പാർട്ടിയുടെ നേതൃത്വം സ്വീകരിച്ചുകൊണ്ടു് പ്രവർത്തനങ്ങൾ നടത്തുന്നു. പ്രൊവിൻഷ്യൽ കൺവീനറിന്റെ റിപ്പോർട്ടനുസരിച്ചു്, "രാജ്യത്തിലെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും നിർദ്ധനരായ മധ്യവർഗ്ഗക്കാരുടേയും സകല ചൂഷിതജനങ്ങളുടേയും സംരക്ഷകരായി പാർട്ടി അതിവേഗം ഉയർന്നിരിക്കുകയാണു്. സ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും സമൃദ്ധിയുടേയും ഒരു പുതിയ രാജ്യം പാർട്ടി ജനങ്ങൾക്കു തുറന്നു കാണിച്ചിരിക്കുന്നു. ചൂഷിതരായ സകലരുടേയും ഒത്തൊരുമിച്ചുള്ള പരിശ്രമത്താൽ ഈ പുതിയ രാജ്യം കൈവരുത്തുകയും സ്വകീയമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു."

### ഇടതുപക്ഷ ഐക്യമുന്നണി കേരളത്തിലും

കമ്മ്യൂണിസ്റ്റു പാർട്ടിയെപ്പററിയുള്ള മനോഭിപ്രായങ്ങളെല്ലാം ഉപേക്ഷിച്ചിട്ടു് ആവശ്യമെന്നു തോന്നുന്ന എല്ലാ പ്രവർത്തനരംഗങ്ങളിലും അവരുമായി സഹകരിക്കണമെന്നു് ക്രിഷക് പ്രജാ മസ്ദൂർ പാർട്ടിയോടും സോഷ്യലിസ്റ്റു പാർട്ടിയോടും അഭ്യർത്ഥിച്ചുകൊണ്ടു യുണൈററഡ് ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ ജനറൽ സിക്രട്ടറിയായ മിസ്റ്റർ മൃണാളകാന്തി ബോസ് കൽക്കട്ടായിൽ

ഒരു പ്രസ്താവന കഴിഞ്ഞ ജൂണിൽ പുറപ്പെടുവിക്കുകയുണ്ടായി. ഒരു ഐക്യമുന്നണി രൂപീകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി വിശദീകരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണ്:-

"തെററിദ്ധാരണകളും സംശയങ്ങളും മാററിയിട്ട് തൽസ്ഥാനത്തു പരസ്പരവിശ്വാസ്തതയിൽ ഇടതുപക്ഷപാർട്ടികൾ ഒന്നിച്ചുചേരുന്നപക്ഷം കോൺഗ്രസ്സിനെ പരാജയപ്പെടുത്താമെന്ന് എനിക്ക് പരിപൂർണ്ണവിശ്വാസമുണ്ട്. ഇടതുപക്ഷ ഐക്യമുന്നണി സ്ഥാപിക്കുന്നതിനും, വർഗ്ഗീയസംഘടനകൾ ഒഴിച്ച് മററു പാർട്ടികളുമായി സഹകരിക്കുന്നതിനും ബഹുഭൂരിപക്ഷം ഇടതുപക്ഷപാർട്ടികളും അഭിലഷിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ ഈ ഇടതുപക്ഷപാർട്ടികൾ തൊഴിലാളിരംഗത്തു പരസ്പരം സഹകരിച്ചു പ്രവർത്തനം നടത്തിവരുന്നുണ്ട്."

കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടിയും സോഷ്യലിസ്റ്റുപാർട്ടിയുംകൂടി ഐക്യമുന്നണി സ്ഥാപിക്കുവാനും നിശ്ചയിച്ചിരിക്കുകയാണ്. അതു സംബന്ധിച്ചു രണ്ടു പാർട്ടിയുടേയും ഓരോ നേതാക്കന്മാർ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:-

"രാഷ്ട്രീയമായി എന്തെല്ലാം അഭിപ്രായഭിന്നതകൾ ഉണ്ടായിരുന്നാലും ട്രേയ്ഡ്യൂണിയൻ രംഗത്തു ഞങ്ങൾ ഒന്നിച്ചു നില്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഒരു പ്രദേശത്തു, ഒരു വ്യവസായത്തിൽ, ഒന്നിൽക്കൂടുതൽ യൂണിയനുകൾ പാടില്ലെന്നുള്ള [illegible] ഞങ്ങൾ ഇരുകൂട്ടരും അംഗീകരിക്കുന്നു. ഒന്നിൽക്കൂടുതൽ യൂണിയനുകളുള്ള സ്ഥലങ്ങളിൽ [illegible] യൂണിയൻ ഭൂരിപക്ഷയൂണിയനിൽ ലയിക്കുന്നതാണ്. ഈ ഐക്യമുന്നണി തൊഴിലാളി കർഷകവിഭാഗങ്ങളുടെ അവകാശസംരക്ഷണാർത്ഥം നടക്കുന്ന എല്ലാ സമരങ്ങളേയും ഒററക്കെട്ടായിനിന്നു സഹായിക്കുന്നതാണ്. ട്രേയ്ഡ്യൂണിയൻരംഗത്തു നാം ഇന്ന് ആരംഭിക്കുന്ന ഈ ഐക്യമുന്നണി ഒരു പക്ഷെ വിശാലമായ അടിസ്ഥാനത്തിൽ വികസിക്കേണ്ട ഒരു പ്രസ്ഥാനത്തിന്റെ വിത്തു പാകലായിരിക്കാം. ഉണ്ണിയും ആഹാരവും കിട്ടാതെ വിഷമിക്കുന്നവർക്കു പ്രശ്നങ്ങൾ വിഭിന്നമല്ല. രക്തം വിയർപ്പാക്കി പണിയെടുക്കുന്നവരുടെ പേരിൽ നാം ഒന്നിച്ചുചേരുന്നു. നമ്മുടെ യൂണിയനുകളും നമ്മുടെ പ്രസ്ഥാനവും വളർത്താൻ ഞങ്ങൾ എല്ലാ തൊഴിലാളി സഖാക്കളേയും ഹൃദയംഗമമായി ആഹ്വാനം ചെയ്യുന്നു."

### ക്രിസ്ത്യാനികൾ ഉറങ്ങുകയാണോ?

ജയിലിൽനിന്നു വിമുക്തരായ തിരുക്കൊച്ചിയിലെ കമ്മ്യൂണിസ്റ്റുനേതാക്കന്മാർ പ്രധാനതൊഴിലാളികേന്ദ്രങ്ങൾ സന്ദർശിക്കുന്നതും, ഭീമമായ സ്വീകരണങ്ങൾ അവർക്കു ലഭിക്കുന്നതും, തദവസരമുപയോഗിച്ച് അവർ തിരഞ്ഞെടുപ്പിനുള്ള പ്രചരണം നടത്തുന്നതും, തൊഴിലാളികളിലും മററു പാവങ്ങളിലുംനിന്നു നാടകീയമായ വിധത്തിൽ പണം പിരിക്കുന്നതും അറിയാത്തവർ ക്രിസ്ത്യാനികളുടെ ഇടയിൽ ഇനിയും ഉണ്ടോ ആവോ? അത്തരമൊരു സ്വീകരണത്തിന്റേയും പ്രകടനത്തിന്റേയും പ്രചാരണത്തിന്റേയും മാറെറാലി കണ്ണുപുടങ്ങളിൽ വന്നടിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഇതെഴുതുന്നതു്. തെരഞ്ഞെടുപ്പെന്നു പറയുന്നതു് രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള ഒരു മത്സരമാണെന്നും, കോൺഗ്രസ്സിനെതിരായുള്ള കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ഐക്യമുന്നണിമത്സരത്തെ നേരിടുവാൻ പരിശ്രമിക്കേണ്ടതു് കോൺഗ്രസ്സിന്റെതന്നെ ചുമതലയാണെന്നും, മർക്സ്യൻ സോഷ്യലിസ്റ്റുപാർട്ടികൾക്കു വോട്ടുകൊടുക്കാതിരിക്കുകയെന്ന ചുമതലമാത്രമേ തങ്ങൾക്കുള്ളുവെന്നും ക്രിസ്ത്യാനികൾ വിചാരിക്കുന്നുണ്ടെങ്കിൽ, ഇതിലധികം ആത്മഹത്യാപരമായ നില അവർക്കു അവലംബിക്കുവാനില്ലതന്നെ! കോൺഗ്രസ്സു പാർട്ടി ബഹുഭൂരിപക്ഷത്തോടുകൂടി അധികാരത്തിലിരിക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽപ്പോലും [illegible] വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി ഇത്രവലിയ ധർമ്മസമരം തങ്ങൾക്കു നടത്തേണ്ടിവന്നിരിക്കുന്നതെന്ന വസ്തുത ക്രിസ്ത്യാനികൾ അനുസ്മരിക്കുന്നില്ലായിരിക്കാം. കമ്മ്യൂണിസ്റ്റു, സോഷ്യലിസ്റ്റ് പാർട്ടികൾക്കു നിയമസഭയിലും ഭരണസമിതികളിലും കൂടുതൽ ശക്തി ലഭിക്കുന്നപക്ഷം, അഥവാ ഭൂരിപക്ഷം കിട്ടി അവർ അധികാരത്തിൽ വരുന്നപക്ഷം, തങ്ങളുടെ മതസ്വാതന്ത്ര്യത്തിന്റെ ഗതിയെന്തായിരിക്കുമെന്ന് ക്രിസ്ത്യാനികൾ അല്പംപോലും ചിന്തിക്കുന്നില്ലെന്നോ! കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടികളുടെ പ്രചരണപ്രവാഹത്തിൽ തൊഴിലാളികളും മററു പാവങ്ങളുമായ ക്രിസ്ത്യാനികൾ, കത്തോലിക്കാ ക്രിസ്ത്യാനികൾതന്നെ, അടിമററിഞ്ഞു് ഒഴുകിപ്പോകുന്നുണ്ടായിരിക്കുന്ന അത്യന്തം പരിതാപകരമായ കാഴ്ചകണ്ടു് അടങ്ങിയിരിക്കുവാൻ, തന്റെ മതവിശ്വാസം വിലമതിക്കുന്ന, അതു സംരക്ഷിക്കുവാൻവേണ്ട സ്വാതന്ത്ര്യം അഭിലഷിക്കുന്ന, ഏതൊരു ക്രിസ്ത്യാനിക്കു്, ഏതൊരു കത്തോലിക്കനു് സാധിക്കും?

ഡെമോക്രസിയുടേയും, അതിന്റെ സാരസർവ്വമായ സ്വാതന്ത്ര്യത്തിന്റേയും, അതിനു താങ്ങായി നില്ക്കുന്ന പാരസാമ്പത്തിക ഭദ്രതയുടേയും നാമത്തിലാണല്ലോ കമ്മ്യൂണിസ്റ്റു സോഷ്യലിസ്റ്റ് പാർട്ടികൾ സകല ഇടതുപക്ഷ പാർട്ടികളുടേയും ഐക്യമുന്നണി സൃഷ്ടിച്ചു് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, കോൺഗ്രസ്സു ഗവമ്മെൻറിനെ അടിപെടുത്തി നിവൃത്തിയുണ്ടെങ്കിൽ അധികാരം പിടിച്ചെടുക്കാനും മുന്നോട്ടു വന്നിരിക്കുന്നതു്. എന്നാൽ [illegible] കമ്മ്യൂണിസ്റ്റു സോഷ്യലിസ്റ്റു പാർട്ടിയുടെ ഭരണത്തിൽ [illegible] അവർക്കാർക്കും യഥാർത്ഥമായ സ്വാതന്ത്ര്യമുണ്ടാകയില്ലെന്നും, തന്നിമിത്തം ഡെമോക്രസിയുടെ പൊടിപോലും [illegible] കയില്ലെന്നും ബോദ്ധ്യപ്പെടുത്തി, ഇടതുപക്ഷപാർട്ടിയിലേക്കു് ഒഴുകിപ്പോകുന്നവരെ ആ പ്രവാഹത്തിൽനിന്നു തടുത്തുനിർത്തി രക്ഷിക്കുവാൻ [illegible] പ്രചരണം, അതിനാവശ്യമായ കാലോചിതങ്ങളായ സകല മാർഗ്ഗങ്ങളും ഉപയോഗിച്ചു്, നടത്തുവാൻ [illegible] ഇപ്പോൾ ഇല്ലെങ്കിൽ നമ്മുടെ തങ്ങളുടെ മതവിശ്വാസത്തേയും അതു സംരക്ഷിക്കുവാനുള്ള സ്വാതന്ത്ര്യത്തേയും യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന സകലരുടേയും കർത്തവ്യം. അതു നിർവ്വഹിക്കുവാൻ വേണ്ട പ്രകാശം നമ്മുടെ ബുദ്ധിക്കും പ്രചോദനം നമ്മുടെ മനസ്സിനും മാത്തോമ്മാശ്ലീഹാ ദിവ്യനാഥനിൽനിന്നു വാങ്ങിത്തരുവാൻ പ്രാർത്ഥിക്കാം.

### അടുത്തയാഴ്ചയിൽ

ജൂലൈ

15 ഞാ: പന്തക്കുസ്താ 9-ാം ഞായർ
16 തി: കർമ്മലമാതാവു്
17 ചൊ: അലെക്സീസ്
18 ബു: കമിലോസ്
19 വ്യാ: വിൻസെൻറ് ഡി പോൾ
20 വെ: മർഗ്ഗരീത്താ
21 ശ: പ്രക്സേദിസ്

### സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

എഴുത്തുപെട്ടി

## ദിവ്യജനനി

സർ,

"ദിവ്യജനനി"യെക്കുറിച്ചു് നിങ്ങളുടെ പത്രപംക്തികളിൽ ചേർത്തിരുന്ന അഭിപ്രായത്തിനു് നിങ്ങളോടും നിങ്ങളുടെ നിരൂപകനോടും ഞാൻ പ്രത്യേകം കൃതജ്ഞനാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ആ നിരൂപണംകൊണ്ടു് കത്തോലിക്കരായ വായനക്കാരുടെ ഇടയിൽ ഉണ്ടായേക്കാവുന്ന ചില തെററിദ്ധാരണകളെ മാറേറണ്ടതു് നിങ്ങളുടേയും എന്റേയും ചുമതലയായിത്തീർന്നിരിക്കുന്നു.

"ദിവ്യജനനി"ക്കു Imprimatur വാങ്ങിയിട്ടില്ലെന്നു എങ്ങനെ നിർണ്ണയിച്ചു എന്നറിയുന്നില്ല. Imprimatur അച്ചടിക്കാത്തതുകൊണ്ടായിരിക്കാം. ഷീഡ് ആൻഡു് വാർഡിന്റെ പുതിയ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ Imprimatur അച്ചടിക്കാതിരിക്കുന്നതുകൊണ്ടു് Imprimatur ഇല്ലാത്തവയാണെന്നു വിവരമുള്ളവരാരും പറയാറില്ല. Imprimatur അടിച്ചാൽ എത്രനല്ല പുസ്തകമായാലും ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറുകാർ വായിക്കുക വിരളമാണു്. കേരളത്തിലെ ഭൂരിപക്ഷംവരുന്ന നമ്മുടെ ഹൈന്ദവസഹോദരന്മാരുടേയും മനോഗതി അതുതന്നെയാണു്. അവർ ദിവ്യജനനിയെപ്പററി കുറച്ചൊക്കെ അറിയുന്നതു നന്നല്ലേ?

പുസ്തകത്തിന്റെ അകവും പുറവും [illegible] എങ്ങും തൊടാത്ത ഒരു [illegible] സമ്പ്രദായമാണു് മല [illegible] പലർക്കുമുള്ളതു്. ഡാക്ടർ പ്ലാസിഡു [illegible] ആളല്ലെന്നു [illegible] പ്രസ്താവനനിരൂപകന്മാർ [illegible] എനിക്കു് അതിയായ വ്യസനമുണ്ടു്. അദ്ദേഹം ദിവ്യജനനി [illegible] മുഖവുരയെഴുതിയതു് "നിഷ്കൃഷ്ടമായ" പരിശോധനക്കുശേഷമാണെന്നു എനിക്കു് ധൈര്യമായി പറയാൻ കഴിയും. കേരളത്തിലെ വേദശാസ്ത്രപണ്ഡിതന്മാരിൽ അദ്ദേഹം അഗ്രഗണ്യനാണെന്നു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതുമാണു്. ഈ നിലക്കു് നിങ്ങളുടെ നിരൂപകൻ "ദിവ്യജനനി"ക്കു് ഒരു വേദശാസ്ത്രജ്ഞന്റെ നിഷ്കൃഷ്ടമായ പരിശോധന വേണം" എന്നു പറയാനുള്ള കാരണവും മനസ്സിലാകുന്നില്ല.

വിശ്വാസസത്യങ്ങളെക്കുറിച്ചു നിങ്ങളുടെ നിരൂപകന്റെ നില എന്താണെന്നു് എനിക്കു അറിയാൻ പാടില്ല. എന്തായാലും പുസ്തകം നിഷ്കർഷിച്ചുവായിച്ചിട്ടായിരിക്കണമല്ലോ അഭിപ്രായം പറയുന്നതു്. "ഇങ്ങനെ മരണശേഷം ദേവമാതാവിന്റെ ശരീരം ആത്മാവിനെക്കൂടാതെ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടശേഷം ... ..." എന്നൊക്കെയുള്ള പ്രസ്താവന "സ്വർഗ്ഗാരോപണ വിശ്വാസസത്യപ്രഖ്യാപനത്തിനുശേഷം വിശ്വാസികൾക്കു് കർണ്ണാരുന്തുദമായി ഭവിക്കാം." "കർണ്ണാരുന്തുദ"മെന്നുള്ളതു് വ്യുൽപത്തിസിദ്ധിച്ചിട്ടുള്ളവരുടെ ഭാഷയാണു്. നേരെ പറഞ്ഞാൽ അങ്ങനെ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതു് വിശ്വാസസത്യത്തിനു എതിരാണു്. എന്നാൽ നിങ്ങളുടെ നിരൂപകൻ ആ പ്രസ്താവന എവിടെയാണു് വായിച്ചതു് എന്നു മനസ്സിലാകുന്നില്ല. എന്തായാലും ദിവ്യജനനിയിൽ അതില്ല എന്നു് അതിന്റെ കർത്താവിനു ധൈര്യമായി പറയാൻ കഴിയും. "താരാപഥം" "സ്വർഗ്ഗമല്ലെ"ന്നാണു് എന്റെ അറിവു്. കൂടാതെ

വിണ്ടലത്തട്ടിൽനിന്നമ്മയെസ്സ്വർഗ്ഗത്തിലേററിയഭിഷേകം ചെയ്തതെല്ലാം
നിത്യവിഭാവനതൻ പരിപാടിയാ-
ണാകയാൽ വാചകാതീതമത്രെ

എന്നു് പറയുന്നതുകൊണ്ടു് ഞാൻ അതു പ്രത്യേകം സൂചിപ്പിക്കുന്നുമുണ്ടു്. വിശ്വാസസത്യത്തെ ആദരിച്ചുതന്നെയാണു് എന്റെ ഭാവന ഈ വിഷയത്തിൽ പ്രവർത്തിച്ചിട്ടുള്ളതു്.

എന്നു് പി. ററി. ചാക്കോ.

[ഞങ്ങളുടെ സാധാരണനയത്തിനു് ഒരപവാദമെന്നോണമാണു് പുസ്തകാഭിപ്രായത്തെപ്പററിയുള്ള ഈ പ്രത്യാഖ്യാനം ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. ഏതത്സംബന്ധമായി രണ്ടുമൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 1) സഭാനിയമം അനുസരിച്ചു്, ഗ്രന്ഥത്തിന്റെ പരിശോധകൻ സ്വാഭിപ്രായം രേഖാമൂലം നല്കേണ്ടതും, സാധാരണമായി ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പേർ അച്ചടിക്കേണ്ടതുമാണു്. എന്നാൽ അസാധാരണമായ സാഹചര്യങ്ങളിൽ, വളരെ ദുർലഭമായിമാത്രം, വൈദികാദ്ധ്യക്ഷന്റെ ഹിതാനുസരണം പരിശോധകന്റെ പേർ വിട്ടുകളയാവുന്നതാണു്.

For favours received



M. E. Joseph,
Ponkunnam

(Can. 1393). ഗ്രന്ഥം അച്ചടിപ്പിക്കുന്നതിനു വൈദികാദ്ധ്യക്ഷൻ നല്കുന്ന അനുമതി രേഖാമൂലം നല്കേണ്ടതും പുസ്തകത്തിന്റെ ആരംഭത്തിലോ അവസാനത്തിലോ, അനുമതി നല്കുന്ന ആളുടെ പേർ, സ്ഥലം, നല്കിയ തിയതി എന്നിവയോടുകൂടി അച്ചടിക്കേണ്ടതുമാണു്. (Can. 1394). മറിച്ചു ചെയ്യുന്നതിനു "ഷീഡ് ആൻറ് വാർഡി"നു വല്ല പ്രത്യേകാനുവാദവും ഉണ്ടോ എന്നറിവില്ല. 2) മേൽപ്പറഞ്ഞ സഭാനിയമങ്ങളുടെ വെളിച്ചത്തിൽ, ഡോക്ടർ പ്ലാസിഡിനെപ്പോലുള്ള ഒരു പണ്ഡിതൻ മുഖവുര എഴുതുന്ന ഗ്രന്ഥത്തിനും ഔദ്യോഗികപരിശോധനയും നിയമാനുസൃതമായ അംഗീകാരവും വേണമെന്നുള്ളതു വ്യക്തമാണല്ലോ. ഡോക്ടർ പ്ലാസിഡ് പരിശോധകന്റെ ചുമതലകൂടി നിർവ്വഹിച്ചിരിക്കുന്നുവെന്നു അദ്ദേഹമോ ഗ്രന്ഥകർത്താവോ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടില്ലെന്നുള്ളതും സ്മരണീയമത്രെ. 3) "കർണ്ണാരുന്തുദം" എന്ന പ്രയോഗത്തിനു "Offensive to pious ears" എന്ന വേദശാസ്ത്രസംബന്ധമായ ശൈലിക്കുള്ള അർത്ഥമേ നിരൂപകൻ കല്പിക്കുന്നുള്ളുവെന്നു തോന്നുന്നു. ശ്രീ ചാക്കോയുടെ ഭാവന വിശ്വാസസത്യത്തിനു എതിരായി വ്യാപരിച്ചു എന്നു പറവാൻ നിവൃത്തിയില്ല പത്രാധിപർ]

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബാങ്ക് ഓഫ്
കൊച്ചിൻ ലിമിറ്റഡ്
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വല്ലിങ്ങ്ടൺ ഐലൻഡ്

കുചേലനേയും കുബേരനേയും യഥായോഗ്യം പ്രീണിപ്പിക്കുവാൻ
തികച്ചും പര്യാപ്തമായ വിധത്തിൽ രൂപീകരിച്ചിട്ടുള്ള
കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യ
യുടെ സേവിംഗ്സ് ബാങ്ക് പൊതുജനങ്ങളെ സദാ സ്വാഗതംചെയ്തുകൊണ്ടിരിക്കുമ്പോൾ സാമ്പത്തിക വൈഷമ്യങ്ങൾ നിങ്ങളെ തീണ്ടുകപോലും ചെയ്യുകയില്ലെന്നു ഉറപ്പു പറയുന്നു. വിശദവിവരങ്ങൾക്കു ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ എഴുതിച്ചോദിക്കുക.
ഹെഡാഫീസ്: ചങ്ങനാശേരി
ബ്രാഞ്ചുകൾ: ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്, ചങ്ങനാശേരി, എടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.



കണ്ണങ്കര: സെൻറ് സേവ്യേഴ്സ് സെൻറ് വിൻസെൻറ് ഡീ പോൾ സഖ്യത്തിൻെറ ഒരു വിശേഷാൽ യോഗം ജൂൺ 17-ാംനു റവ. ഫാ. ലിയോ ഒ. എഫ്. എം. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീ കെ. കെ. കോര ബി. എ. എൽ. ടി. ഒരു പ്രസംഗം ചെയ്തു.

—കുമരകം: റവ. ഫാ. ജേക്കബ് മുടക്കാലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു പൊതുയോഗത്തിൽവച്ച് വിൻസെൻറ് ഡീ പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനംചെയ്തിരിക്കുന്നു. തദവസരത്തിൽ മെ. മാത്യു പോൾ, കെ. സി. ചാക്കോ ബി. എ. എന്നിവർ ഓരോ പ്രസംഗം ചെയ്കയുണ്ടായി.

—പെരുമാനൂർ: ലൂർദ്ദ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡീ പോൾ സഖ്യത്തിൻെറ ഉൽഘാടനമഹാമഹം ജൂലൈ 1-ാംനു വെരി റവ. മോൺ. ജോർജ്ജ് നെടുംപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ ഡേവിഡ് മഹാപിള്ള ഒരു പ്രസംഗം ചെയ്കയുണ്ടായി.

—നിരണം: ഫാത്തിമാമാതൃ തീർത്ഥകസംഘം നിരണം സന്ദർശിച്ചതിൻെറ സ്മാരകമായി ഒരു "ഫാത്തിമാമാതൃസ്ലീബാമണ്ഡപം" പണികഴിപ്പിച്ചിരിക്കുന്നു.

—അഞ്ചൽ: തിരുവനന്തപുരം രൂപതയിൽപ്പെട്ട അഞ്ചൽ എന്ന സ്ഥലത്ത് "മറിയത്തിൻെറ പുത്രിമാർ" എന്ന സന്യാസിനീസമൂഹത്തിൻെറ മേൽനോട്ടത്തിൽ നടത്തുവാൻപോകുന്ന മിഷൻ ആസ്പത്രിയുടെ ശിലാസ്ഥാപനകർമ്മം ജൂൺ 25-ാംനു തിരുവനന്തപുരം പ്രോ വികാരിജനറാൾ വെരി റവ. ഫാ. ആൻറണി കേളംപറമ്പിൽ നിർവ്വഹിച്ചിരിക്കുന്നു.

—ഒല്ലൂർ: സെൻറ് മേരീസ് കുപ്ലേളയുടെ സുവർണ്ണജൂബിലി പ്രമാണിച്ച് ജൂൺ 27-ാംനു റൈററ് റവ. മോൺ. പോൾ കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും റവ. ഫാ. ജേക്കബ് മാഞ്ഞൂരാൻ ബി എ, ശ്രീ പി. ആർ. ഫ്രാൻസിസ് എന്നിവർ ഓരോ പ്രസംഗം ചെയ്കയുമുണ്ടായി.

—തൊടുപുഴ: മുതലക്കോടം "ക്രിസ്ത്യൻ ചേരമൻ മഹാജനസംഘ"ത്തിൻെറ ആഭിമുഖ്യത്തിൽ ജൂൺ 24-ാംനു അഡ്വൊക്കേററ് ശ്രീ പി. വി. മത്തായി ചെമ്പരത്തി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും മെ. സി. പി. ചാക്കോ, പി. എ പൗലോസ്, എം. ജെ. പീററർ, റവ. ഫാ. ജോർജ്ജ് മണ്ണിയാട്ട് റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിക്കുകയുമുണ്ടായി.

— എറണാകുളം: മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് സെൻറ് മേരീസ് സി. വൈ. എം. എ., സെൻറ് സ്റ്റനിസ്ലാവോസ് ബാലസമാജം എന്നിവയുടെ 27-ാമതു സംയുക്തവാർഷികം ജൂലൈ 3-ാംനു സെൻറ് അഗസ്റ്റിൻസ് സ്കൂൾഹാളിൽവച്ച് ശ്രീ തര്യതുകുഞ്ഞിത്തൊമ്മൻ എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ വി. യു. ജോസഫ് ഒരു പ്രസംഗംചെയ്തു. യോഗാനന്തരം "ശില്പി" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

ദേശീയദിനാഘോഷങ്ങൾ

തൃപ്പൂണിത്തുറ, കോന്തുരുത്തി, ഒല്ലൂർ, മല്ലശ്ശേരി, കുറുപ്പന്തറ, മാൻവെട്ടം, നെല്ലിമററം, കണ്ണിഞ്ഞി, മണിമല, കാനറാ മുതലായ സ്ഥലങ്ങളിൽമാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ സാഘോഷം കൊണ്ടാടിയിരിക്കുന്നതായറിയുന്നു.

---

For favours received



Inserted by Antony P. Vadakumcheril, Manjapra

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദേശിച്ച കാര്യം മിക്കവാറും സാധിച്ചതിനു കൃതജ്ഞത. പൂർണ്ണമായി സാധിച്ചതരുന്നതിനപേക്ഷ.

എൻ. എസ്സ്. എ.

## നിര്യാതനായി

എഴുപുന്ന: കരുമാഞ്ചേരിപള്ളി വികാരിയായിരുന്ന റവ. ഫാ. ജറോം ബി. തെക്കേവീടൻ ജൂൺ 28-ാംനു 64-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു. R. I. P.




ഭാരതത്തിലെ പൊതുതിരഞ്ഞെടുപ്പ് അടുത്ത ഒക്ടോബർ മുതൽ ഡിസംബർ വരെയാണല്ലോ നടത്തുവാനുദ്ദേശിച്ചിരിക്കുന്നതു്. തിരു-കൊച്ചിയിൽ നവംബർ രണ്ടാമത്തെ ആഴ്ചമുതൽ ഡിസംബർ രണ്ടാമത്തെ ആഴ്ചവരെയായിരിക്കും തിരഞ്ഞെടുപ്പു നടക്കുന്നതെന്നറിയുന്നു.

—തിരു-കൊച്ചി മന്ത്രിസഭയിൽ കൊച്ചിക്കാരായ രണ്ടുപേരെക്കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ശ്രീ അമ്പാട്ട് ഈച്ചരമേനോൻ, ശ്രീ എ. എം. തോമസ് എന്നിവരെയാണു് ഇതിലേക്കു തിരഞ്ഞെടുത്തിരിക്കുന്നതു്.

—പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി സംബന്ധിച്ച് കോൺഗ്രസ് പ്രസിഡണ്ട് ശ്രീ പുരുഷോത്തമദാസ് താണ്ഡൻ ചില നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെന്നും അവ അടുത്ത പാർട്ടിയോഗത്തിൽ ചർച്ചചെയ്യപ്പെടുന്നതാണെന്നും ചീഫ്മിനിസ്റ്റർ ശ്രീ സി. കേശവൻ വെളിപ്പെടുത്തിയിരിക്കുന്നു.

—കൊച്ചി ഡി. സി. സി. അംഗങ്ങളുടേയും കൊച്ചി ഡിസ്ട്രിക്ടിലെ കോൺഗ്രസ് എം. എൽ. എ. മാരുടേയും മുനിസിപ്പൽ കോൺഗ്രസ് പാർട്ടി നേതാക്കന്മാരുടേയും ഒരു യോഗം ജൂലൈ 7-ാംനു തൃശ്ശൂർ സമ്മേളിച്ച്, തൃശ്ശൂർ ഡി. സി. സി. യുടെ അഭിപ്രായഗതികളെ അവഗണിച്ചുകൊണ്ടുള്ള പാർട്ടിയുടെ നടപടികളിൽ പ്രതിഷേധിച്ച് കൊച്ചി ഡിസ്ട്രിക്ടിലെ കോൺഗ്രസുകാർ കോൺഗ്രസിലെ ഉദ്യോഗസ്ഥാനങ്ങളെല്ലാം രാജിവയ്ക്കണമെന്നു തീരുമാനിച്ചിരിക്കുന്നു. ഇതേതുടർന്നു ശ്രീ കെ. പി. മാധവൻനായർ കൊച്ചി ഡി. സി. സി. പ്രസിഡണ്ടുപദവും കെ. പി. സി. സി. യിലെയും എ. ഐ. സി. സി. യിലേയും കോൺഗ്രസിലെ മററു കമ്മിററികളിലേയും അംഗത്വവും രാജിവയ്ക്കുകയുണ്ടായി. കൂടാതെ മെ. പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ, ഇ. കെ. മാധവൻ, ഡെപ്യൂട്ടിസ്പീക്കർ ശ്രീ കൊച്ചുകുട്ടൻ തുടങ്ങിയ 22 എം. എൽ. എ. മാർ നിയമസഭാസാമാജികത്വം രാജിവച്ചിരിക്കുന്നതായുമറിയുന്നു.

## പേർഷ്യൻപ്രശ്നം

പേർഷ്യയിലെ എണ്ണത്തർക്കം സംബന്ധിച്ച് ബ്രിട്ടൻ അന്തർദേശീയ കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിക്കു് പ്രസ്തുത കോടതി ബ്രിട്ടനനുകൂലമായി വിധി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ പേർഷ്യൻപ്രശ്നം അന്തർദേശീയ കോടതിയുടെ അധികാരപരിധിയിലുൾപ്പെടുന്നില്ലെന്നും തന്മൂലം കോടതിയുടെ വിധി സ്വീകരിക്കുവാൻ പേർഷ്യ സന്നദ്ധമല്ലെന്നുമാണു് പേർഷ്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നതു്.



# D. B. Charities Fund

A lottery is being run by the Salesian Fathers of St. John Bosco in Calcutta for the sake of providing bread and clothing to hundreds of boys to whom they impart a sound technical and social education in their institutions in India. We solicit the co-operation of all good people. It is a work which will no doubt draw God's blessings upon those who so help. Over one lakh of Rupees is distributed in prizes every time, and in addition a large commission is given to collectors. Each ticket costs Rs. 2/- (Rupees two only). The drawing date of the event in course on 27/9/51. All correspondence is to be held in English and addressed to:-

HONORARY SECRETARY,
D. B. Charities Fund,
15, Portuguese Church Street,
Calcutta 1. (Bengal).


## ഇൻഡ്യാവാർത്തകൾ

ജൂൺ 6-ാംനു ഖാരഗ്പൂരിൽവച്ചു കൂടിയ റെയിൽവെമെൻസ് ഫെഡറേഷൻ ജനറൽ കൗൺസിൽ, ആഗസ്റ്റ് 27-ാംനു മുതൽ ഇൻഡ്യയൊട്ടുക്കുള്ള റെയിൽവേ ജീവനക്കാർ പണിമുടക്കാരംഭിക്കണമെന്നു തീരുമാനിച്ചിരിക്കുന്നു.

—കാശ്മീർ പ്രശ്നം സംബന്ധിച്ച് നിയമിതനായിരിക്കുന്ന ഐക്യരാഷ്ട്രസമിതി മദ്ധ്യസ്ഥൻ ഡോക്ടർ ഫ്രാങ്ക് ഗ്രഹാം ഇൻഡ്യയിലെത്തി അധികാരസ്ഥാനങ്ങളുമായി കൂടിയാലോചനകൾ നടത്തിവരുന്നു.

—കാശ്മീരിലെ വെടിനിർത്തൽ രേഖ പാകിസ്ഥാൻ ഉല്ലംഘിച്ചുകൊണ്ടിരിക്കുന്നതായി ഇൻഡ്യ സെക്യൂരിററി കൗൺസിലിൽ റിപ്പോർട്ടുചെയ്തിരിക്കുന്നു.

## കത്തോലിക്കാസഭ അമേരിക്കയിൽ

1951-ലെ അമേരിക്കൻ കത്തലിക് ഡിറക്ടറിപ്രകാരമുള്ള ചില കണക്കുകളാണു് താഴെ ചേർക്കുന്നതു്.

| | |
|---|---|
| കത്തോലിക്കർ | 28634878 |
| കർദ്ദിനാളന്മാർ | 3 |
| മെത്രാപ്പോലീത്താമാർ | 24 |
| മെത്രാന്മാർ | 156 |
| വൈദികർ | 43889 |
| വിദ്യാർത്ഥികൾ | 4939164 |
| ക. അദ്ധ്യാപകർ | 111095 |

കഴിഞ്ഞ വർഷത്തെക്കാൾ ഇക്കൊല്ലം കത്തോലിക്കാ ജനസംഖ്യ 868737 വർദ്ധിച്ചിട്ടുണ്ടു്. കഴിഞ്ഞ 10 വർഷങ്ങളിലായി മാനസാന്തരപ്പെട്ടവരുടെ സംഖ്യ 1006247 ആണു്. ഡിറക്ടറിയുടെ പ്രസാധനത്തിനുശേഷം കാർഡിനൽ ഡൂഹെർട്ടി മെയ്മാസം 31-ാംതിയതി ദിവംഗതനായി എന്നുള്ളതും പ്രസ്താവ്യമാണു്.

## കുട്ടികളും വിവാഹമോചനവും

കുട്ടികളുടെ എണ്ണം കൂടുന്തോറും വിവാഹമോചനത്തിനുള്ള സാദ്ധ്യത കുറയുന്നുവെന്നാണു് അമേരിക്കയിലെ "മെട്രോപ്പോലിററൻ ലൈഫ് ഇൻഷുറൻസ് കമ്പനി"ക്കാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന താഴെ ചേർക്കുന്ന കണക്കിൽനിന്നും മനസ്സിലാക്കേണ്ടതു്.

| വിവാഹത്തിൽ ഉണ്ടായ കുട്ടികൾ | വിവാഹമോചനങ്ങൾ 1000-നു് |
|---|---|
| 0 | 15.3 വീതം |
| 1 | 11.6 " |
| 2 | 7.6 " |
| 3 | 6.5 " |
| 4-ലും അതിലധികവും | 4.6 " |

## കൊറിയയിൽ സന്ധിയാലോചന

കൊറിയൻ സമരം സംബന്ധിച്ച് ഒരു സന്ധിയാലോചന നടത്തുന്നതിനായി ഐക്യരാഷ്ട്രപ്രതിനിധികളും ചൈനീസ് ഉത്തരകൊറിയൻ പ്രതിനിധികളും ജൂലൈ 8-ാംനു 38-ാം അക്ഷരേഖയിലുള്ള കെയ്സോങ്ങിൽ സമ്മേളിക്കുകയുണ്ടായി. കൊറിയയിൽ വെടിനിർത്തൽ സംബന്ധിച്ച് ഔദ്യോഗികാലോചനകൾ ജൂലൈ 10-ാംനു ആരംഭിക്കുവാൻ പ്രസ്തുത സമ്മേളനം തീരുമാനിച്ചിരിക്കുന്നു.


---

For favours received from Our Lady of Fatima and Sister Alphonsa.

Mrs. O. J. Antony, Ernakulam

---

For favours received



Thomas Joseph
Trichinopoly

---

## തിരിച്ചറിവിൻെറ പ്രായം

(മിസ്സിസ് ജോ കിയോൾക്കർ)

അധികം നാളായില്ല, ഇതു സംഭവിച്ചിട്ടു്. ഒരു ഞായറാഴ്ചദിവസം ഞാൻ ആറുവയസ്സായ എൻെറ മകളെവിളിച്ച് വേഗം എഴുന്നേററു് പള്ളിയിൽപോകാനൊരുങ്ങാൻ പറഞ്ഞു:

"അമ്മേ, എൻെറ വയററിലൊരു വേദന. കുറച്ചുനേരംകൂടി കിടന്നുറങ്ങുന്നതല്ലേ നല്ലതു്?" അവൾ ഉറക്കപ്പിച്ചിനിടയ്ക്കു മറുപടിപറഞ്ഞു.

"നിനക്കു വിശന്നിട്ടായിരിക്കും അങ്ങനെ തോന്നുന്നതു്. ഞാൻ കുറച്ചു പാൽ കുടിക്കാൻ തരാം. അപ്പോൾ വേദനയെല്ലാം പോകും." ഞാൻ അവളെ ഉത്സാഹഭരിതയാക്കാൻ ശ്രമിച്ചു.

"എനിക്കു തലവേദനയും ഉണ്ടമ്മേ." അവൾ തുടർന്നു.

ഞാനവളുടെ തലയ്ക്കു പിടിച്ചുനോക്കി. അതു തണുത്തിരുന്നു. തലവേദനയുടെ യാതൊരു ലക്ഷണവും കണ്ടില്ല. "സാരമില്ല മകളേ! നീ കുറച്ചു ശുദ്ധവായു ശ്വസിച്ചാൽ നിൻെറ തലവേദനയെല്ലാം പോകും." ഞാൻ അവളെ വീണ്ടും ആശ്വസിപ്പിച്ചു.

അല്പം കഴിഞ്ഞു നോക്കിയപ്പോൾ, അവൾ എൻെറ മുറിയുടെ വാതിൽക്കൽ വന്നുനിൽപുണ്ടു്. "അപ്പോൾ അമ്മേ, ഞാൻ കുർബാനകാണാൻ പോകേണ്ട ആവശ്യമില്ലല്ലോ. എനിക്കു ആറു വയസ്സല്ലേ ആയിട്ടുള്ളു. ഏഴുവയസ്സിലാണല്ലോ തിരിച്ചറിവിൻെറ പ്രായമാകുന്നതു്." അവൾ വാദിച്ചു.

"വേഗം വസ്ത്രം ധരിക്കടീ പെണ്ണേ," ഞാൻ ശാസനാപൂർവ്വം പറഞ്ഞു. "ഇങ്ങനെ ഓരോ സൂത്രങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുന്ന നീ തീർച്ചയായും തിരിച്ചറിവിൻെറ പ്രായത്തിൽ എത്തിയിട്ടുണ്ടു്."

(Catholic Digest)

## സംഭവകഥകൾ

### അമ്മയും മകനും

വെനീസിലെ പാത്രിയർക്കീസായി നിയമിതനായിരുന്ന ബിഷപ്പ് സർത്തോ (പത്താംപീയൂസ്മാർപ്പാപ്പാ) കർദ്ദിനാൾപദത്തിലേക്കുയർത്തപ്പെട്ട ശേഷം സ്വജന്മദേശമായ റീസ് സന്ദർശിച്ചു. ഒരു "മണ്ണിന്റെ മകൻ" ഇപ്രകാരം മഹത്വം കൈവരിച്ചതിൽ അവിടത്തെ കർഷകജനങ്ങൾ സന്തോഷംകൊണ്ടു് മതിമറന്നുപോയി. അവർ അണിനിരന്നുനിന്നു അദ്ദേഹത്തെ സ്വീകരിച്ച് അനുമോദിച്ചു. തൽസമയം അന്തരീക്ഷത്തിൽ അലതല്ലിയ ഹർഷാരവങ്ങൾ അവരുടെ അകമഴിഞ്ഞ സ്നേഹത്തിന്റെയും ആദരവിന്റെയും ബാഹ്യപ്രകടനങ്ങളായിരുന്നു. എന്നാൽ ഏററവും ഹൃദയസ്പൃക്കായ രംഗം കർദ്ദിനാളിന്റെ പാവപ്പെട്ട കർഷകഭവനത്തിൽ അഭിനയിക്കപ്പെട്ടതാണു്. നഗരത്തിൽ അന്ധകാരം വ്യാപിച്ചതോടെ ജനങ്ങൾ പിരിഞ്ഞുപോയി. അപ്പോൾ അല്പസമയം തന്റെ അമ്മയുമൊരുമിച്ച് ചെലവഴിക്കാമെന്നു കർദ്ദിനാൾ വിചാരിച്ചു. 80 വയസ്സായ ആ വൃദ്ധസ്ത്രീക്കു ഒരാഗ്രഹം അവശേഷിച്ചിരുന്നു. അവർക്കു അനാരോഗ്യം നിമിത്തം പള്ളിയിൽ പോകാൻ സാധിക്കാതിരുന്നതുകൊണ്ടു് സ്വപുത്രനെ കർദ്ദിനാൾവേഷത്തിൽ കാണാൻ സാധിക്കാതെവന്നു. വെനീസിലെ പാത്രിയർക്കീസായി അദ്ദേഹം അവരോധിതനായശേഷം അവിടെച്ചെന്നു കാണാമെന്ന ആശയും ഇല്ലായിരുന്നു. ആകയാൽ കർദ്ദിനാൾവേഷമൊന്നണിഞ്ഞു് തനിക്കൊരാശീർവ്വാദം നൽകണമെന്ന ആഗ്രഹം അവർ പ്രദർശിപ്പിച്ചു. "അതിനു പ്രയാസമില്ലല്ലോ" എന്നു പറഞ്ഞു് കർദ്ദിനാൾ അടുത്ത മുറിയിൽപ്പോയി, ചുവന്ന പട്ടുടുപ്പും കാപ്പയുമണിഞ്ഞു്, തലയിൽ ചുവന്ന തൊപ്പിയും വച്ചു്, സ്വർണ്ണക്കുരിശും ധരിച്ചു സ്വമാതാവിന്റെമുമ്പിൽ വന്നുനിന്നു. അപ്പോൾ ഒരക്ഷരംപോലും ഉരിയാടുന്നതിനു സൗഭാഗ്യവതിയായ ആ സ്ത്രീക്കു സാധിച്ചില്ല. അവർ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടിരുന്നു. കർദ്ദിനാൾ ശാന്തവും വ്യക്തവുമായ സ്വരത്തിൽ അമ്മയെ ആശീർവ്വദിച്ചു. തൽക്ഷണം അവർ താഴെ വീഴാൻപോകുന്നതുപോലെ തോന്നിയതുകൊണ്ടു് കർദ്ദിനാൾ സഹായാർത്ഥം അടുത്തുചെന്നു. വാസ്തവത്തിൽ അവർ താഴെ ഇറങ്ങി മുട്ടുകുത്താൻ ശ്രമിക്കുകയായിരുന്നു. അമ്മയെ വീണ്ടും കസേരയിൽ പിടിച്ചിരുത്തി ആലിംഗനം ചെയ്തശേഷം കർദ്ദിനാൾ ചോദിച്ചു: "എന്റെ ഈ ചുവന്ന വേഷം മനോഹരമായിരിക്കുന്നു, അല്ലേ അമ്മേ?"

സ്വപുത്രൻ തിരുസ്സഭാദ്ധ്യക്ഷൻ എന്ന മഹോന്നതസ്ഥാനം പ്രാപിച്ചുകാണുവാനുള്ള ഭാഗ്യം ആ മഹതിക്കുണ്ടായില്ല. മേൽപ്പറഞ്ഞ കൂടിക്കാഴ്ച കഴിഞ്ഞു 4 മാസങ്ങൾക്കുശേഷം സ്വമാതാവു രോഗശയ്യയായിക്കിടക്കുന്നുവെന്ന വാർത്ത കർദ്ദിനാളിനു ലഭിച്ചു. കാലവിളംബമെന്യേ, അമ്മ സമാധാനപൂർവ്വം മൃതിയടഞ്ഞുവെന്ന വിവരവും ലഭിച്ചു. ശവസംസ്കാരത്തിൽ ചെന്നു സംബന്ധിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. പക്ഷെ വെനീസിലെ കത്തീഡ്രൽ ദേവാലയത്തിൽ അമ്മയുടെ ആത്മാവിനുവേണ്ടി പൊന്തിഫിക്കൽ കുർബ്ബാനയർപ്പിക്കുകയും വെനീസിലേയും മന്റുവായിലേയും പാവപ്പെട്ടവർക്കു ധർമ്മം കൊടുക്കുകയും ചെയ്തു.

### ശിലാലിഖിതം

കർദ്ദിനാൾ സാർത്തോതന്നെയാണു, സ്വമാതാവിന്റെ ശവകുടീരത്തിലെ ശിലാലിഖിതം രചിച്ചതു്. അതിപ്രകാരമാണു്:

"ഉത്തമഭാര്യയും നിസ്തുലമാതാവും വിവേകമതിയായ വനിതയുമായിരുന്ന മർഗ്ഗരീത്ത സാൻസൺ, 1852 മേയ് 2-ാം നു ഭർത്താവു് ഗിയാംബത്തിസ്റ്റ സാർത്തോയുടെ നിര്യാണംനിമിത്തം വിധവയായി ഭവിച്ചു. സന്താപദിനങ്ങളിലും സന്തോഷദിനങ്ങളിലും അവർ വീരോചിതമായ ധൈര്യവും ഭക്തിചൈതന്യവും പ്രദർശിപ്പിച്ചു. തന്റെ 9 മക്കളേയും നല്ല ക്രിസ്ത്യാനികളായി വളർത്തി. 81-ാമത്തെ വയസ്സിൽ, 1894 ഫെബ്രുവരി 2-ാംനു ചരമം പ്രാപിച്ചുകൊണ്ടു് അദ്ധ്വാനത്തിന്റേയും ത്യാഗത്തിന്റേയുമായിരുന്ന ആ ജീവിതത്തിനു മകുടം ചാർത്തുകയും ചെയ്തു.

കർദ്ദിനാൾ ജോസഫ് സാർത്തോയും അദ്ദേഹത്തിന്റെ സഹോദരനും സഹോദരിമാരും അവരുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാർക്കു നിത്യാശ്വാസം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുന്നു."

## മദ്യം ഒരു ഭിഷഗ്വരന്റെ നോട്ടത്തിൽ

(4-ാം പേജ് തുടർച്ച)

പ്പെട്ടു. ചാരായം തുടങ്ങിയുള്ള മദ്യങ്ങൾ തുടരെ ഉപയോഗിക്കുന്നതുകൊണ്ടാണു് ആമാശയം, ചെറുകുടൽ, കണ്ണായം ആദിയായ അവയവങ്ങളിൽ രോഗങ്ങൾ ബാധിക്കുന്നതെന്നുള്ള പ്രബലമായ അഭിപ്രായമാണു് ഡോക്ടർമാർക്കുള്ളതു്. മദ്യം ദഹിക്കാതെ കുടലിൽ ശേഷിക്കുന്നതുകൊണ്ടാണു്, കുടലിൽ ഉദരാശയവ്രണങ്ങളും ഇതരരോഗങ്ങളുമുണ്ടാകുന്നതു്.

ഒരു ശസ്ത്രക്രിയ നടത്തുന്നതിനുമുമ്പേ, മദ്യം കുടിച്ചു് ഹതപ്രജ്ഞനായ ഡോക്ടർ ഓപ്പറേററു് ചെയ്യുന്നതിനു് ഒരു രോഗിയും ഇഷ്ടപ്പെടുകയോ അനുവദിക്കുകയോ ഇല്ലല്ലോ. ശസ്ത്രക്രിയ നടത്തുന്ന വ്യക്തി ബുദ്ധിയും സുബോധവും ഉള്ളവനായിരിക്കേണ്ടതാവശ്യമുണ്ടു്. ശസ്ത്രക്രിയ ചിലപ്പോൾ ജീവന്മരണവ്യത്യാസത്തിനു തന്നെ ഇടവരുത്തിയേക്കാം. അതുമൂലം രോഗിക്കു് ഉണ്ടാകേണ്ട ആരോഗ്യവും സന്തോഷവും, നഷ്ടപ്പെടാനുമിടയുണ്ടു്. തന്റെ ശരീരത്തിൽ ശസ്ത്രക്രിയ നടത്തുന്ന ഡോക്ടർ സുബോധത്തോടും ശാരീരികവൈകല്യങ്ങളൊന്നും കൂടാതെയും ഇരിക്കണമെന്നാഗ്രഹിക്കുന്ന രോഗിക്കു്, സ്വന്തം ശരീരത്തിൽ യാതൊരു കേടും വരുത്താതെ ആരോഗ്യകരമായി സൂക്ഷിക്കത്തക്ക ബുദ്ധിയുണ്ടായിരിക്കണമെന്നുള്ളതു് ന്യായംമാത്രമാണു്.

ശസ്ത്രക്രിയ വിജയകരമായി ചെയ്യുന്നതിനു് ഫലപ്രദമായ മരുന്നു കൊടുത്തു് രോഗിയെ ബോധംകെടുത്തുകയെന്നതു് സാധാരണമത്രെ. ചിലപ്പോൾ അപ്രകാരമുള്ള മരുന്നുപയോഗിച്ചാലും പ്രജ്ഞ കുറയുന്നതു് വളരെ ബുദ്ധിമുട്ടിയാണു്. മദ്യപന്മാരിൽമാത്രമേ അപ്രകാരം സംഭവിക്കയുള്ളു. കാരണം, മേല്പറഞ്ഞതുപോലെ, ചാരായം, രൂപത്തിലും ഫലത്തിലും ബോധം കെടുത്തുന്നതിനുപയോഗിക്കപ്പെടുന്ന മരുന്നിനു തുല്യമാണു്. ബോധം കെടുത്തുന്നതിനുപയോഗിക്കുന്ന ക്ലോറഫോമും ഈതറും, പ്രയോഗത്തിൽ വരുന്നതിനുമുമ്പേ, പ്രധാനപ്പെട്ട ശസ്ത്രക്രിയകൾ നടത്തുന്നതിനു് രോഗികളെ മയക്കാൻവേണ്ടി ചാരായം കൊടുത്തുവന്നിരുന്നു. ചാരായം തുടരെ കുടിക്കുമ്പോൾ, അതിന്റെ ശക്തിയെ ചെറുത്തുനിൽക്കുന്നതിനായി ശരീരത്തിൽ വളർന്നുവരുന്ന കെല്പു്, രോഗിയെ മയക്കുന്നതിനുപയോഗിക്കുന്ന മരുന്നിന്റെ ഫലത്തേയും പ്രതിരോധിക്കുന്നു. തന്മൂലം രോഗിയെ മയക്കാൻ കൂടുതൽ മരുന്നുപയോഗിക്കയും അതു്, രോഗി രക്ഷപെടാനുള്ള സാദ്ധ്യതകളെ ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

പുരാതനകാലം മുതൽക്കു്, ചാരായം ഒരു ലഹരിപാനീയം എന്ന നിലയിൽ മനുഷ്യനു് എന്നും ഒരു ശാപമായിരുന്നിട്ടുണ്ടു്. ഇപ്രകാരം നമ്മുടെ അമൂല്യസ്വത്തായ ആരോഗ്യവും കഴിവും നശിപ്പിക്കുകയും, വിവാഹമോചനങ്ങൾ വർദ്ധിപ്പിക്കയും, കൊലപാതകവും കൊള്ളയും നാൾക്കുനാൾ കൂട്ടുകയും, രോഗികളെക്കൊണ്ടു് ആശുപത്രികൾ നിറയ്ക്കുകയും ചെയ്യുന്ന ഇത്തരം മദ്യപാനത്തിനുവേണ്ടി ജീവിതവും പണവും ചെലവഴിക്കുന്നതു് തികച്ചും മൗഢ്യവും വിചാരശൂന്യതയുമാണു്. എന്നാൽ ഈ അത്യാഹിതങ്ങളെല്ലാം തടയപ്പെടാവുന്നവയത്രെ. ഇതിനെ സംബന്ധിച്ചു് ഒരു ജ്ഞാനി പറഞ്ഞതിപ്രകാരമാകുന്നു: "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടിനടക്കുന്ന ആരും ജ്ഞാനിയാകയില്ല."

(കേരളദീപം)

"ഗി"ക്കു ഉപകാരസ്മരണ.

By Mr. Mathew (ഇലഞ്ഞിക്കൽ) Elenjikal


## കാത്തലിക്ക് സിറിയൻ ബാങ്ക് ലിമിറ്റഡ്

തൃശ്ശിവപേരൂർ

## പുതിയ ത്രൈമാസക്കുറി

Govt. Order S. R. 5-5297/51 B. R. D. d/ 19-6-'51

നറുക്കു 1 ക്കു 500 ക. 128 നറുക്കു. ആകെ സല 64 000 ക.

ആകെ തവണ 64

കൊല്ലത്തിൽ ഫെബ്രുവരി, മേയ്, ആഗസ്റ്റ്, നവമ്പർ 21-ാംനു കളിൽ ഓരോ നറുക്കു എടുപ്പും ഓരോ നറുക്കു ലേലവും.

500 കയുടെ 1 നറുക്കു ചേരുന്നാൾക്കു കിട്ടുന്ന സംഖ്യ 25,000 ക.

അടുത്ത നറുക്കെടുപ്പ് 1951 ആഗസ്റ്റ് 21 / 1127 ചിങ്ങം 5

ചുരുങ്ങിയതു 1,16 അംശം (31 ക. 4 ണ.) വരെ ലേലം.

### ഡയറക്ടർ ബോർഡ്

| | | | | |
|---|---|---|---|---|
| 1 | രാ. രാ. | ചാലിശ്ശേരി അന്തോണി പെരേപ്പാതു | അവർകൾ | മാനേജിംഗ് ഡയറക്ടർമാർ |
| 2 | " | പല്ലൻ അന്തോണി ദേവസ്സി | " | |
| 3 | " | ചാലിശ്ശേരി ലോനപ്പൻ ജോസഫ് | " | |
| 4 | " | ജോസ് ചാക്കോ പൂത്തോക്കാരൻ | " | |
| 5 | " | ചാണ്ടി കുഞ്ഞിപ്പാലു ജോസഫ് | " | |
| 6 | " | ലാസർ പോൾ ആട്ടോക്കാരൻ | " | |
| 7 | " | അക്കര ദേവസ്സി ആഗസ്തി | " | |
| 8 | " | ചിറയത്തു ഈനാശു ഫ്രാൻസിസ്സ് | " | |
| 9 | " | Dr. ചാണ്ടി കുരിയപ്പൻ ജോസഫ് | " | M. B. C. M. |
| 10 | " | ആട്ടോക്കാരൻ ഔസേപ്പ കുഞ്ഞുവറീതു | " | |
| 11 | " | Dr. പാറനേങ്ങാടൻ പാവുണ്ണി അന്തോണി | " | M. B. B. S. |

തൃശ്ശൂർ 21—6—51

വർഗ്ഗീസ്സ് കവലക്കാട്ട്
ജനറൽ മാനേജർ




തിരു-കൊച്ചി ഹൈക്കോടതിജഡ്ജി ശ്രീ ജോസഫ് വിതയത്തിൽ അവർകളുടെ പുത്രൻ ശ്രീമാൻ ജോസഫും ഡോക്ടർ കെ. ടി. കുര്യൻ അവർകളുടെ പുത്രി ശ്രീമതി അന്നമ്മയും തമ്മിൽ ജൂൺ 18-ാം നു എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽവച്ചു നടന്ന വിവാഹാനന്തരം എടുത്ത ഫോട്ടോ.

ഫാത്തിമാബാലസമിതി

# പിരിയാത്ത കൂട്ടുകാരൻ

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളുടെ മാതൃകയും സമപ്രായക്കാരനുമായ ബാലനായ ഈശോയെക്കുറിച്ച് നിങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികളിൽ ചിലതെല്ലാം ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നു. ഇത്തവണ നിങ്ങളോടു പറയുവാനുദ്ദേശിക്കുന്നത് ബാലനായ ഈശോയോട് വ്യക്തിപരമായ സ്നേഹം പുലർത്തുവാൻ നിങ്ങൾ ശ്രമിക്കണമെന്നാണ്.

നിങ്ങൾക്കെല്ലാവർക്കും സ്നേഹിതന്മാരുണ്ടായിരിക്കുമല്ലോ. മനുഷ്യൻ പ്രകൃത്യാ ഒരു സാമുദായികജീവിയാണ്. ഒററയ്ക്കു ജീവിക്കുക എന്നത് അവനു ഇഷ്ടമുള്ള കാര്യമല്ല. എന്തുകൊണ്ടെന്നാൽ, സാമാന്യമായി പറഞ്ഞാൽ, അവനെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങൾക്കും പരസഹായം അവനു അത്യാവശ്യമാണ്. അതുകൂടാതെ ജീവിതം അസാദ്ധ്യമായിത്തീരുന്നു. ജനനംമുതൽ മരണംവരെ ഇത്രയധികം പരസഹായം ആവശ്യപ്പെടുന്ന മറെറാരു സൃഷ്ടിയുമില്ല. തന്മൂലം നല്ലവരോടുകൂടിയുള്ള സഹവാസം എത്ര കൂടുതലായി ഒരുവനു ലഭിക്കുമോ അത്ര വലുതായിരിക്കും ജീവിതത്തിലെ അവന്റെ ഭാഗ്യവും ആനന്ദവും. "ഒരു സ്നേഹിതനെക്കൂടാതെ സൗഭാഗ്യമായി ജീവിക്കുവാൻ നിനക്കു സാദ്ധ്യമല്ല" എന്നു ക്രിസ്ത്വാനുകരണകർത്താവും, "ഒരു യഥാർത്ഥ സ്നേഹിതനെ കണ്ടെത്തുന്നവൻ അനുഗൃഹീതനാകുന്നു" എന്നു വേദപുസ്തകവും സമർത്ഥിക്കുന്നു.

എല്ലാമനുഷ്യരേയുംകുറിച്ച് ഇതു വാസ്തവമെങ്കിൽ കുട്ടികളെ സംബന്ധിച്ച് ഇതു കൂടുതൽ വാസ്തവമാണ്. കളിയിലും കുളിയിലും, ഊണിലും ഉറക്കത്തിലും, പഠനത്തിലും ഉല്ലാസത്തിലും, ദുഃഖത്തിലും സന്തോഷത്തിലും സമവയസ്കനായ ഒരുവനെ സഹചരനായി ലഭിക്കുന്നതിനേക്കാൾ കൂടുതൽ സന്തോഷം എന്തു സംഗതിയിലാണ് നിങ്ങൾക്കുണ്ടാകുന്നത്? എന്നാൽ ഇപ്രകാരമുള്ള നിങ്ങളുടെ സഖി വളരെ ഉത്തമനായ ഒരു വ്യക്തിയാണെങ്കിൽ ഇതിൽപ്പരം വലിയ ഒരു നേട്ടം നിങ്ങൾക്കുണ്ടാകുവാനില്ല. അയാൾ നിങ്ങൾക്കു ബലമേറിയ ഒരു കോട്ടപോലെ നിലകൊള്ളുന്നതാണ്.

എന്നാൽ മനുഷ്യരിൽനിന്നു നിങ്ങൾക്കു ലഭിക്കുവാൻ കഴിയുന്ന സഖാക്കൾ എത്ര നല്ലവരാണെങ്കിലും ന്യൂനതകൾ കൂടാത്തവരായി അവരിൽ ആരും ഉണ്ടാകുകയില്ല. ശാരീരികവും മാനസികവും ആത്മീയവുമായ നിങ്ങളുടെ ആവശ്യങ്ങളിലെല്ലാം നിങ്ങളെ സഹായിക്കുന്നതിനുള്ള സന്മനസ്സും പ്രാപ്തിയും അവർക്കുണ്ടായി എന്നു വരുന്നതല്ല. മാത്രമല്ല നിങ്ങൾക്കുണ്ടാകാവുന്ന അത്യാവശ്യങ്ങളിലും അപകടങ്ങളിലും നിങ്ങളിൽനിന്നു വിട്ടുപിരിയാതെ നിങ്ങളോടുകൂടെ സ്ഥിരമായി നിൽക്കുമെന്ന് ആരെക്കുറിച്ചു നിങ്ങൾക്കുറപ്പുപറയാൻ സാധിക്കും? യാതൊരു മനുഷ്യരെക്കുറിച്ചും അതു പറയുവാൻ സാധിക്കുകയില്ല അത്ര ബലഹീനനും സ്വാർത്ഥപ്രിയനുമാണ് മനുഷ്യൻ എന്നുള്ളതാണ് അതിനു കാരണം. ഇന്നത്തെ പ്രകൃതിയായിരിക്കുകയില്ല നാളെ നാം അവനിൽ ദർശിക്കുന്നത്. ചില സംഗതികളിലെങ്കിലും അവൻ നിങ്ങൾക്കു ദുർമ്മാതൃകയായി എന്നും വരാവുന്നതാണ്.

എങ്കിലും ഈ കുറവുകളും ന്യൂനതകളും കൂടാത്ത ഒരു വ്യക്തിയുണ്ട്. സൗന്ദര്യം അലതല്ലുന്ന കോമളഗാത്രൻ. ജ്ഞാനത്തിന്റെയും അറിവിന്റെയും ഭണ്ഡാഗാരം. പരിശുദ്ധിയുടെ വററാത്ത ഉറവ. എല്ലാ സംഗതികളിലും നിങ്ങളെ സഹായിക്കുന്നതിനു കഴിവുള്ളവൻ. ആരോഗ്യത്തിന്റെയും സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും സൽസ്വഭാവത്തിന്റെയും ദാതാവാണ് അദ്ദേഹം. നിങ്ങളോട് എതിരിടുവാൻ പാഞ്ഞടുക്കുന്ന ഏതു ശത്രുവിനേയും നിഷ്പ്രയാസം പരാജയപ്പെടുത്തുന്നതിനു ശക്തിയുണ്ട് അദ്ദേഹത്തിന്. സ്വാർത്ഥത അശേഷം സ്പർശിച്ചിട്ടില്ല അദ്ദേഹത്തെ. നിസ്വാർത്ഥതയുടെ അവതാരമാണ് അവിടുന്ന്. നിങ്ങളെ സംബന്ധിക്കുന്ന ഏതു സംഗതിയിലും പരിപൂർണ്ണവിശ്വസ്തനായി വർത്തിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. എവിടെയും, ഏതു ഏകാന്തതയിലും അപകടത്തിലും നിങ്ങളെ അദ്ദേഹം വിട്ടുപിരിയുകയില്ല. ആരാണ് ഈ മഹാത്മാവ്? ദൈവവും മനുഷ്യനുമായ ഈശോതന്നെ. ഈ ഈശോയെ കൂട്ടുകാരനായി ലഭിക്കുന്നതിൽ വലിയ ഭാഗ്യം നിങ്ങൾക്കെന്താണുണ്ടാകുക?

ഈശോയോടുള്ള സ്നേഹത്തേയും മൈത്രിയേയുംകുറിച്ച് മിശിഹാനുകരണകർത്താവ് പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്. "സൃഷ്ടവസ്തുക്കളുടെ സ്നേഹം വഞ്ചനയുള്ളതും അസ്ഥിരവുമാകുന്നു. ഈശോയുടേതു വിശ്വസ്തതയുള്ളതും നിലനില്ക്കുന്നതുമാകുന്നു. ഈശോമിശിഹാമാത്രം പ്രത്യേകവിധത്തിൽ സ്നേഹിക്കപ്പെടേണ്ടവനാകുന്നു. അവിടുന്നുമാത്രം മറെറല്ലാസ്നേഹിതന്മാരെക്കാൾ നല്ലവനും വിശ്വസ്തനുമാകുന്നു. ആകയാൽ നമുക്കു സ്നേഹമുള്ള എല്ലാവരിലുംവച്ചു ഈശോമാത്രം നമ്മുടെ പ്രത്യേകസ്നേഹിതനായിരിക്കട്ടെ. ഈശോയെ സ്നേഹിക്കുകയും നിന്റെ സ്നേഹിതനായിവച്ചുകൊള്ളുകയുംചെയ്ക. എല്ലാവരും നിന്നെ ഉപേക്ഷിക്കുമ്പോഴും അവിടുന്നു നിന്നെ ഉപേക്ഷിക്കുകയില്ല. നീ അവസാനത്തിൽ നശിച്ചുപോകുവാൻ സമ്മതിക്കുകയുമില്ല. ഈശോ നിന്റെകൂടെയുള്ള പക്ഷം യാതൊരു ശത്രുവിനും നിന്നെ ഉപദ്രവിക്കുവാൻ കഴികയില്ല. ഈശോയെ കണ്ടെത്തുന്നവൻ "ഒരു നല്ല നിക്ഷേപത്തെ" കണ്ടെത്തുന്നു. ഈശോയെക്കൂടാതെ ജീവിക്കുന്നവൻ മഹാ ദരിദ്രൻ. ഈശോയോടുകൂടിയിരിക്കുന്നവനോ മഹാസമ്പന്നൻ. ഈശോയോടു സംസാരിക്കുവാൻ അറിയുന്നതു ഒരു മഹാ വിദ്യയാകുന്നു. ഈശോയെ നിന്നോടുകൂടെ വച്ചുകൊള്ളുവാൻ അറിയുന്നതു വലിയ ജ്ഞാനവുമത്രേ."

നിങ്ങളിൽ ചിലർ ചോദിച്ചേക്കാം: "ഈശോ സ്വർഗ്ഗത്തിലല്ലേ, അങ്ങയെ എങ്ങനെയാണ് സ്നേഹിതനായി ലഭിക്കുക?" എന്ന്. ഈശോ മനുഷ്യൻമാത്രമല്ല ദൈവംകൂടിയാണെന്നുള്ളതാണ് നിങ്ങളുടെ ചോദ്യത്തിനുള്ള ഉത്തരം. സ്വർഗ്ഗത്തിൽവസിക്കുന്ന ഈശോയ്ക്കു അതുപോലെതന്നെ നമ്മുടെ പക്കലും വസിക്കുവാൻ കഴിയും. മററാർക്കും നമ്മോട് അടുക്കുവാൻ സാധിക്കുന്നതിലും കൂടുതൽ നമ്മോട് അടുത്തിരിക്കുന്നതിനു ഈശോയ്ക്കു സാധിക്കും. ഘനമായ പാപത്താൽ നമ്മുടെ ആത്മാവ് മൃതിയടഞ്ഞിട്ടില്ലെങ്കിൽ നമ്മോടു ഏററവും അടുത്ത്, അതായതു നമ്മുടെ ഹൃദയത്തിൽത്തന്നെ അവിടുന്നു വസിക്കുന്നുണ്ട്. അങ്ങയുടെ സാന്നിദ്ധ്യം പലപ്പോഴും നാം മറന്നുപോകുന്നു എങ്കിലും അവിടുന്നു നമ്മോടുകൂടെയുണ്ട് എന്നുള്ളതു പരമാർത്ഥമാണ്.

ഈശോയുടെ നമ്മോടുകൂടെയുള്ള സഹവാസം നാം മനസ്സിലാക്കണം. അതനുസരിച്ചു പ്രവർത്തിക്കണം. എപ്പിക്ടെററസ് എന്ന ഭൗതികവാദിപോലും മനുഷ്യർ നല്ലവരായിത്തീരുന്നതിനുള്ള മാർഗ്ഗമായി പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണ്: 'ഒരു നല്ല മനുഷ്യനെ നിങ്ങൾ സ്നേഹിക്കുക. അയാളെ നിങ്ങളുടെ കൺമുമ്പാകെ എല്ലായ്പ്പോഴും വച്ചുകൊണ്ടിരിക്കുക. അദ്ദേഹം നിങ്ങളുടെ പ്രവൃത്തികൾ എല്ലാം കണ്ടുകൊണ്ടിരിക്കുന്നതായി സങ്കല്പിച്ചുകൊണ്ട് നിങ്ങളുടെ പ്രവൃത്തികൾ ഓരോന്നും ചെയ്യുക." പ്രിയ കുഞ്ഞുങ്ങളേ, ഈശോ ഒരു സങ്കല്പവ്യക്തിയല്ല. യഥാർത്ഥ ആളാണ്. നല്ലവനാണ്, അല്ല നന്മതന്നെയാണ്. നമ്മോടുകൂടി എല്ലായ്പ്പോഴും സഹവസിക്കുന്നതിനു അതിയായി ആഗ്രഹിക്കുന്നവനാണ്, അതിനു കഴിവുള്ളവനുമാണ്. അദ്ദേഹത്തോടുള്ള സ്നേഹത്തെപ്രതി, അല്ലെങ്കിൽ നിങ്ങൾക്കുണ്ടാകുവാൻ പാടുള്ള നന്മയോർത്തിട്ടെങ്കിലും, അങ്ങയെ—നിങ്ങളുടെ ഓരോരുത്തരുടേയും [illegible]ള്ള ഈശോയെ—നിങ്ങളുടെ പ[illegible]ക്കു ക്ഷണിക്കുക. ശരീരത്തിന്റെ കണ്ണുകൾകൊണ്ടു കാണുന്നതുപോലെ ബോധംകൊണ്ട് അങ്ങയെ നിങ്ങളുടെ സമീപത്തു ദർശിക്കുക. അദ്ദേഹവുമായി സ്നേഹപൂർവ്വം സംസാരിക്കുക. നിങ്ങളുടെ ആവശ്യങ്ങളിൽ അദ്ദേഹത്തോട് സഹായമഭ്യർത്ഥിക്കുക. ആപത്തുകളിൽ അദ്ദേഹത്തെ അഭയംപ്രാപിക്കുക. ദുഃഖങ്ങൾ അങ്ങയോടു തിരുമനസ്സണർത്തിക്കുക. അങ്ങയിൽനിന്നും ആശ്വാസം അന്വേഷിക്കുക. വിജയങ്ങളും നേട്ടങ്ങളും സന്തോഷങ്ങളും അങ്ങയെ അറിയിക്കുക. സംശയങ്ങളിൽ ആലോചന ചോദിക്കുക. ഇങ്ങനെ ലോകത്തിൽ നിങ്ങൾക്കുള്ള ഉററമിത്രങ്ങളോടു നിങ്ങൾ ചെയ്യുന്ന രീതിയിൽ ഈശോയോടും വർത്തിക്കുവാൻ ശ്രമിക്കുക. ഇതു നിങ്ങളുടെ ജീവിതത്തിൽ വലുതായ മാററം ഉളവാക്കും. നിങ്ങൾ ഓരോരുത്തരും ബാലനായ ഈശോയെപ്പോലെ ആയിത്തീരുകയുംചെയ്യും. ഇതിനു ആ സ്നേഹസ്വരൂപൻ നിങ്ങൾക്കോരോരുത്തർക്കും കൃപചെയ്യട്ടെ.

"വിശ്വസ്തമിത്ര സമമായൊരു വസ്തുവിന്നി-
വിശ്വത്തിലില്ല കരുതീടുക ചാരുബുദ്ധേ!
ശശ്വൽപ്രഭാ നിലയഹേമ മഹാദ്രിപോലും
വിശ്വസ്തതയ്ക്കു കിടനില്ക്കുകയില്ലതെല്ലും"

(പ്രസംഗികൻ VI. 15).

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

ഹിന്ദുമഹാസഭയെപ്പററി എന്തറിയാം?

ഉത്തരം

ഈ സംഘടനയ്ക്കു ഏതാണ്ടു അരനൂററാണ്ടുകാലത്തെ പഴക്കമുണ്ട്. ആദ്യത്തെ 25 കൊല്ലക്കാലം പറയത്തക്ക വിജയമൊന്നും കൈവരിക്കാൻ മഹാസഭയ്ക്കു സാധിച്ചില്ല. എന്നാൽ 1930-നുശേഷം, മുസ്ലിംലീഗ് വർദ്ധമാനമായ ശക്തിപ്രാപിച്ചതോടെ ഹിന്ദുമഹാസഭയുടെ പ്രവർത്തനങ്ങൾക്കും മൂർച്ചകൂട്ടുകയുണ്ടായി. "ഇൻഡ്യ ഹിന്ദുക്കൾക്ക്", "അഖണ്ഡഹിന്ദുസ്ഥാൻ" എന്ന മുദ്രാവാക്യങ്ങൾ ഇക്കാലത്താണ് ജന്മമെടുത്തതു. 1940 മുതൽ വൈസ്രോയി മഹാസഭയുടെ പ്രതിനിധികളെ ആലോചനയ്ക്കു വിളിച്ചുതുടങ്ങിയതിനാൽ അതിനു കുറെക്കൂടി നിലയും വിലയും ഉണ്ടായി. 1946-ലെ പ്രൊവിൻഷ്യൽ തിരഞ്ഞെടുപ്പുകളിൽ മഹാസഭയ്ക്കു പരാജയമാണുണ്ടായതു. ഇൻഡ്യയുടെ വിഭജനവും മുസ്ലിംലീഗിന്റെ അന്തർദ്ധാനവുംനിമിത്തം മഹാസഭയുടെ പ്രവർത്തനങ്ങൾ മങ്ങിപ്പോകുന്നതിനു വീണ്ടുമിടയായി.

1948 ൽ മഹാത്മാഗാന്ധി വധിക്കപ്പെട്ടശേഷം ഹിന്ദുമഹാസഭയുടെ വർക്കിംഗ് കമ്മിററി രാഷ്ട്രീയപരിപാടികൾ ഉപേക്ഷിക്കാൻ തീരുമാനംചെയ്തതാണ്. പക്ഷെ അടുത്തകാലത്തു മഹാസഭ വീണ്ടും അവ സ്വീകരിക്കാൻ നിശ്ചയം ചെയ്തിരിക്കുന്നു. 1950 ഒക്ടോബർ 24-ാംനു ഏഴുപോയിൻറുകളടങ്ങിയ രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇൻഡ്യയിൽ ഹൈന്ദവാധിപത്യം സ്ഥാപിക്കുക എന്നതത്രെ മഹാസഭയുടെ ലക്ഷ്യമെന്നു അതിന്റെ ഓർഗനൈസിംഗ് സെക്രട്ടറി മി. വി. ജി. ദേശ്പാൻറ് പ്രഖ്യാപിച്ചിരിക്കുന്നു.

(The World Year Book)

## ഒരു മഹാകവിയുടെ പ്രതിജ്ഞ

ക്രിസ്താബ്ദം എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന പ്രഖ്യാതനായ ഒരു ചൈനീസ് മഹാകവിയാണ് പോചിയി എന്നദ്ദേഹം. ഒരുന്നതപരീക്ഷയിൽ ഒന്നാമനായി വിജയിച്ചശേഷം അദ്ദേഹം ഭാവിപരിപാടി നിർണ്ണയിച്ചുകൊണ്ടുചെയ്ത ചില നിശ്ചയങ്ങളാണ് താഴെ കുറിക്കുന്നതു: "എന്റെ പ്രവർത്തനങ്ങളെല്ലാം നിഷ്കൃഷ്ടമായ ആദർശങ്ങൾക്കനുസരണമായിരിക്കണം. എന്റെ കവനകൃതികളൊക്കെയും അത്യുൽകൃഷ്ട തത്വങ്ങളെ ഉൽബോധിപ്പിക്കുന്നവയായിരിക്കും. നിശ്ചിതസമയങ്ങൾ അദ്ധ്യയനത്തിനായി എന്നും വിനിയോഗിക്കുന്നതാണ്; മടിയായിരിക്കുന്നതിനോ, പഠനം ഉപേക്ഷിക്കുന്നതിനോ, ഒരിക്കലും ഞാൻ അനുവദിക്കുന്നതല്ല. ഭൗതികാഭ്യുന്നതിയെപ്പററി പറകയാണെങ്കിൽ, അതിന്റെ ഗതിവേഗം അനുസരിച്ചു അതു വന്നുചേരട്ടെ, ഞാൻ അതിലേക്കു യത്നപ്പെട്ടതുകൊണ്ടു പ്രയോജനമുണ്ടാകയില്ല. പരീക്ഷയിൽ പ്രഥമസ്ഥാനം എനിക്കു സിദ്ധിച്ചു. തദ്വാരാ ഒരു നല്ല പേരു ഞാൻ സമ്പാദിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ അതേക്കുറിച്ചു ഞാൻ അഹംകരിക്കയോ സ്വയം സംതൃപ്തി പ്രകടിപ്പിക്കയോ ചെയ്യാൻ ന്യായംകാണുന്നില്ല."

## Is Your Place Empty?

THE table is spread
With linen white as snow,
The Host is waiting
To receive His guests,
"Come to me all you who labour and are heavily burdened, and I will refresh you."
Come……All………
Each morning
His invitation is extended.
He waits……
Is your place empty?

—Mary Allshouse.

## Christ—The Master Carpenter

He took the tools of His humble Trade
And joyfully bent to His willing task.
And the yoke that His skilled fingers made
Was as perfect as any would need to ask.
He toiled from dawn till the set of sun,
And His mother's smile was His daily cheer,
And every task that He well begun
Was perfectly finished, year by year.
He left no fresco in ancient place,
No wondrous carving to spell His name.
But to humble duties He set His face
And each fulfilled, that it bear no blame.
His name is writ in the hearts of men,
In living fresco, and vital frame,
In humble lives, wheree'er and when
The Christ life shines, they spell His name.

Julia W. Wolfe.

## Coolidge and America's Needs

When Calvin Coolidge and his genuine down-to-earth American logic were at the helm of these United States, there were some —including many who should have known better—who belittled this great American. In these critical days we would do well to recall some pertinent things which the late President urged as being among our necessities more than a generation ago:

"We do not need more law; we need more religion.

"We do not need more government; we need more culture.

"We do not need more knowledge; we need more character.

"We do not need more intellectual power; we need more moral power.

"We do not need more material development; we need more spiritual development.

"We do not need more of the things that are seen; we need more of the things that are unseen."

T. J. McInerney.

# വിമർശനവീഥി

(2-ാം പേജ് തുടർച്ച)

അതിന്റെ പ്രേരണയാൽ ആ ശിശുവിനെ നശിപ്പിക്കുവാനും, അവനെ പിടികിട്ടുന്നില്ലെന്നു കണ്ടപ്പോൾ അവൻ ഉൾപ്പെട്ടുവാനിടയുള്ള ഒരു കൂട്ടക്കൊല നടത്തുവാനും ഒരു സ്വേച്ഛാധിപതി ശ്രമിക്കുന്നതും സ്വാഭാവികമല്ലയോ? ആ സ്ഥിതിക്കു രണ്ടു രാജ്യത്തു്, രണ്ടു കാലത്തു് അങ്ങനെയൊരു ശിശുവധം നടന്നുവെന്നു കഥനമുണ്ടായാൽ, അവയിൽ ഒന്നു മറേറതിൽനിന്നു പകർത്തിയതാണെന്നു് അനുമിക്കുന്നതു് ഏററവും യുക്തിഹീനമത്രെ. യുക്തിപൂർവ്വം അനുമിക്കണമെങ്കിൽ രണ്ടുവധത്തിന്റേയും പശ്ചാത്തലവും സാഹചര്യങ്ങളും സദൃശങ്ങളായിരിക്കണം. ഇവ കംസന്റെ ശിശുവധത്തിലും ഹേറോദേശിന്റെ ശിശുവധത്തിലും സദൃശങ്ങളാണോ? ഒരിക്കലുമല്ല അവ വ്യത്യസ്തങ്ങളും വിപരീതങ്ങളും ആണെന്നു് രണ്ടു കഥകളിലും ഒന്നു കണ്ണോടിച്ചാൽ സ്പഷ്ടമായി കാണാം.

### ലേഖകൻതന്നെ സമ്മതിക്കുന്നു

രണ്ടു കഥകളിലേയും ഒന്നുരണ്ടു സാദൃശ്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഉദ്യമിക്കുന്ന ലേഖകൻ ആ ഉദ്യമത്തിൽ പരാജിതനാണെന്നു് പരോക്ഷമായി സ്വയം സമ്മതിക്കുന്നതു നോക്കുക. "ഹേറോദേശു രാജാവിനു കംസന്റേയും, ഉണ്ണിമിശിഹാക്കു ശ്രീകൃഷ്ണന്റേയും സ്ഥാനം കല്പിച്ചുകൊണ്ടു്" സാദൃശ്യം കാണാൻ ബദ്ധപ്പെടുന്ന ലേഖകൻ സമ്മതിക്കുന്നു, "കംസനെ കൃഷ്ണൻ നിഗ്രഹിച്ചു, ഹേറോദേശ് സാധാരണപോലെത്തന്നെ മരിച്ചു" എന്നു്. "കിഴക്കുനിന്നുവന്ന ജ്ഞാനികളുടെ സ്ഥാനത്തു് നാരദനോ, അശരീരി വാക്കോ കാണാവുന്നതാണു്" എന്ന പ്രസ്താവവും സാദൃശ്യത്തെയല്ല, പ്രത്യുത വ്യത്യാസത്തേയും വൈപരീത്യത്തേയുമല്ലയോ ചൂണ്ടിക്കാണിക്കുന്നതു്? അശരീരി വാക്കു് കംസൻ കേട്ടതു് കൃഷ്ണൻ ജനിക്കുന്നതിനു് എത്രയോകൊല്ലം മുമ്പു്! ജ്ഞാനികളിൽനിന്നു് ഹേറോദേശ് ക്രിസ്തുജനനം അറിയുന്നതു് ആ സംഭവം നടന്നതിനു ശേഷവുമാണു്. കംസന്റെകാര്യത്തിൽ അശരീരിവാക്കിന്റെ താല്പര്യവും പശ്ചാത്തലവും സാഹചര്യവും, ഹേറോദേശിന്റെകാര്യത്തിൽ ജ്ഞാനികൾ നൽകിയ അറിവിൽനിന്നു് എത്രയോ വ്യത്യസ്തം! "കൃഷ്ണനേയും സ്ഥലം മാററി താമസിപ്പിക്കുന്നു" എന്നു പറഞ്ഞു് ഉണ്ണിമിശിഹാക്കു് സാദൃശ്യം കാണാൻ ലേഖകൻ പണിപ്പെടുന്നതും സാഹസമല്ലയോ? രണ്ടിന്റേയും പശ്ചാത്തലവും സാഹചര്യവും എത്രയോ വിഭിന്നങ്ങളും വിപരീതങ്ങളും! "പശുത്തൊഴുത്തിൽ ജനിച്ച ക്രിസ്തുവിനു്" ലേഖകൻ സാദൃശ്യം കാണുന്നതു് "പശുമാടുകളുടെ മദ്ധ്യത്തിലാണു് ശ്രീകൃഷ്ണന്റെ കുട്ടിക്കാലത്തെ ജീവിതം" എന്നത്രെ. ഇവിടെയും രണ്ടിന്റേയും പശ്ചാത്തലത്തിലും സാഹചര്യത്തിലും എത്രവളരെ വ്യത്യാസം, വൈപരീത്യം! ലേഖകൻ ചൂണ്ടിക്കാണിക്കുവാൻ പണിപ്പെട്ട സാദൃശ്യങ്ങളെപ്പററിയാണു് ഇത്രയും പറഞ്ഞതു്. എന്നാൽ അദ്ദേഹം സ്പർശിക്കാത്ത കാര്യങ്ങളിൽ കിടക്കുന്ന വ്യത്യാസവും വൈപരീത്യവും അനവധിയാണു്. അവയെല്ലാം ലേഖനദൈർഘ്യം ഭയന്നു മാത്രമല്ല, സാധാരണ വായനക്കാരന്റെപോലും വിവേചനാബുദ്ധിക്കു് അവ സ്പഷ്ടങ്ങളായിരിക്കുമെന്നതിനാലും, ഞങ്ങൾ തൽക്കാലം വിട്ടുകളയുന്നു.

### സിദ്ധാന്തങ്ങളിലും വൈപരീത്യം

ഹൈന്ദവ, ബുദ്ധപുരാണങ്ങളിലെ കഥകളും സുവിശേഷഗ്രന്ഥങ്ങളിലെ കഥകളും "തമ്മിലുള്ള സാദൃശ്യങ്ങൾ കേവലം പരസ്പരവിരുദ്ധങ്ങളായ വിശ്വാസസത്യങ്ങളിൽ അധിഷ്ഠിതങ്ങളാണെന്നു് അല്പമാത്രമായ പരിശോധനയിൽ കാണാവുന്നതാണു്", എന്നുള്ള പൗരസ്ത്യശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം പ്രത്യേകിച്ചും, കംസന്റേയും ഹേറോദേശിന്റേയും ശിശുവധകഥകളിൽ യഥാർത്ഥീകരിക്കപ്പെടുന്നുണ്ടു്. കംസനും, വസുദേവനും, ദേവകിയും, ഭക്തജനങ്ങളും ആശ്വാസത്തിനും നീതീകരണത്തിനുംവേണ്ടി പല സന്ദർഭങ്ങളിലും തത്വോപദേശങ്ങൾ ചെയ്യുന്നുണ്ടു്. അവയെല്ലാം ഹൈന്ദവമതവിശ്വാസത്തെ ആധാരമാക്കിയുള്ള തത്വങ്ങളാണു്. ജനനമരണങ്ങൾ ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കുമെന്നും, മുൻജന്മത്തിലെ പുണ്യപാപങ്ങളുടെ ഫലമനുസരിച്ചായിരിക്കും അനന്തരജന്മത്തിലെ സുഖാസുഖങ്ങളെന്നും, ആകയാൽ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഈശ്വരനുപോലും ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധിവിഹിതങ്ങളെന്നു ഗണിച്ചു് സമാധാനപ്പെടുകയാണു് വേണ്ടതെന്നും, സകലതും ഈശ്വരാംശങ്ങളായതുകൊണ്ടു് ഞാനും നീയും എന്ന ഭേദവിചാരത്തിനു സ്ഥാനമേയില്ലെന്നും മററുമുള്ള സിദ്ധാന്തങ്ങളാണു് പുരാണത്തിലെ ശിശുവധകഥനത്തിൽ ആദ്യന്തം വ്യാപിച്ചു കിടക്കുന്നതു്. ഈ സിദ്ധാന്തങ്ങളും, സുവിശേഷത്തിലെ ശിശുവധകഥനത്തിന്റെ പിന്നിലും ഉള്ളിലും കിടക്കുന്ന യഹൂദമതവിശ്വാസതത്വങ്ങളും തമ്മിൽ അജഗജാന്തരമില്ലയോ? ഈ വസ്തുത ലേഖകൻതന്നെ മറെറാരു പ്രകൃതത്തിൽ സമ്മതിക്കുന്നുമുണ്ടു്. "വീണ്ടും വീണ്ടും ജനിക്കുന്നു എന്നും, ഒരു ജന്മത്തിലെ പുണ്യപാപങ്ങളുടെ ഫലം പിന്നത്തെ ജന്മത്തിൽ ഒരുവൻ അനുഭവിക്കുന്നുഎന്നും മററും ഹിന്ദുധർമ്മത്തിലെ മൗലികതത്വങ്ങളിൽ പ്രഥമഗണനീയങ്ങളാകുന്നു. ക്രിസ്തുചരിത്രത്തിൽ അപ്രകാരമൊന്നിനു ശക്തിയോ പ്രസക്തിയോ ഇല്ല."


കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

ഡയറക്ടറന്മാർ

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സർവ്വപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.


### പുരാണങ്ങൾ എഴുതിയ കാലമേതു്?

വിശുദ്ധ മത്തായിയുടെ സുവിശേഷം രചിച്ച കാലം, ചരിത്രപരമായ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവേഷണം നടത്തിയ ഒടുവിലത്തെ, അവിശ്വാസികളുൾപ്പെട്ട, ഹാർണാക്കു മുതലായ സ്വതന്ത്രവിമർശകന്മാരുടെ സുദൃഢമായ അഭിപ്രായത്തിൽ, എ. ഡി. എഴുപതിനു മുമ്പാണു്. എന്നാൽ ഹൈന്ദവപുരാണങ്ങൾ— വിഷ്ണുപുരാണവും ഭാഗവതപുരാണവും—രചിച്ച കാലമേതാണെന്നാണു് പൗരസ്ത്യശാസ്ത്രപണ്ഡിതന്മാരുടെ മിക്കവാറും ഏകകണ്ഠമായ അഭിപ്രായം? കാൽശതാബ്ദക്കാലത്തിലധികം ഹിന്ദുമതവിഷയകമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സത്യാന്വേഷിയായ ഒരു പണ്ഡിതന്റെ വാക്കുകളിൽ ഞങ്ങൾ ഈ ചോദ്യത്തിനു മറുപടി പറയാം:

"ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങൾ പ്രധാനമായി "ശ്രുതികൾ" എന്നും "സ്മൃതികൾ" എന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുകയാണു്. 4 വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവ ശ്രുതികളിൽ ഉൾപ്പെടുന്നു. സ്മൃതികളിലാകട്ടെ പ്രധാനമായി, സൂത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ, പുരാണങ്ങൾ, ആഗമങ്ങൾ, തന്ത്രങ്ങൾ ഇവ ഉൾപ്പെടുന്നു. സ്മൃതിഗണത്തിൽപ്പെട്ട ഈ ഗ്രന്ഥങ്ങളിൽ സൂത്രങ്ങളും ധർമ്മശാസ്ത്രങ്ങളും ക്രിസ്ത്വബ്ദത്തിനു മുമ്പും, ആഗമങ്ങളും തന്ത്രങ്ങളും പുരാണങ്ങളിലധികവും ക്രിസ്ത്വബ്ദത്തിനു പിമ്പും ഉള്ള സുദീർഘമായ കാലദശങ്ങളിൽ എഴുതപ്പെട്ടവയാണു്. ക്രിസ്ത്വബ്ദത്തിനു മുമ്പുള്ള സ്മൃതിഗ്രന്ഥങ്ങളിലൊന്നിലും ശ്രീകൃഷ്ണന്റെ ദൈവത്വത്തെപ്പററി യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. പിൽക്കാലങ്ങളിലുണ്ടായ പുരാണങ്ങളിൽ, വിഷ്ണുപുരാണത്തിലും പത്മപുരാണത്തിലും ഭാഗവതപുരാണത്തിലും മാത്രമേ, കൃഷ്ണന്റെ അവതാരസംബന്ധമായ കഥകൾ നാം കണ്ടുമുട്ടുന്നുള്ളു."

വിഷ്ണുപുരാണത്തിന്റെ രചനകാലം എ. ഡി. 9-ാം ശതാബ്ദമെന്നും, ഭാഗവതപുരാണത്തിന്റേതു് ചിലരുടെ അഭിപ്രായത്തിൽ എ. ഡി. 10-ാം ശതാബ്ദവും, അനേകം ഹിന്ദുപണ്ഡിതന്മാരോടൊത്തു് മഹാ പൗരസ്ത്യശാസ്ത്രജ്ഞനായ കോൾബ്രൂക്കിന്റെ (Colebrooke) അഭിപ്രായത്തിൽ എ. ഡി. 13-ാം ശതാബ്ദമാണെന്നും ഈ പണ്ഡിതൻ പ്രസ്താവിക്കുന്നു. "ശ്രീകൃഷ്ണൻ എന്നൊരു വ്യക്തി യഥാർത്ഥത്തിൽ ഉണ്ടായിരുന്നാൽത്തന്നെ, അദ്ദേഹത്തിന്റേയും അല്ലെങ്കിൽ, അദ്ദേഹത്തിന്റേതെന്നു പറയപ്പെടുന്ന ശ്രീമദ്ഭഗവത്ഗീതയുടേതെങ്കിലും, കാലം ക്രിസ്തുവിനു വളരെ നൂററാണ്ടുകൾക്കുശേഷം മാത്രം എന്നുവരെ, സ്വത്വാഭിമാനരക്ഷാനിഷ്ണാതരായ ക്രിസ്ത്യൻ അസംപ്രേക്ഷ്യകാരികൾ എത്തിച്ചേർന്നിട്ടുണ്ടു്" എന്നു ലേഖകൻ തന്നെ പ്രസ്താവിച്ചിട്ടുള്ളതു് ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണു്.

സംഗതികളുടെ യാഥാർത്ഥ്യം ഇങ്ങനെയിരിക്കെ, "ക്രിസ്തുചരിത്രത്തിൽ ഈ ശിശുമാരണകഥ അടിസ്ഥാനമോ സത്യമോ തീരെ ഇല്ലാത്ത ഒരൊന്നാംതരം ക്ഷുദ്രമായ പ്രക്ഷിപ്തകഥയാണെന്നു നിർവിവാദമാണു്" (അടിവര ഞങ്ങളുടേതു്.) എന്നു് ബഹുജനങ്ങളോടു പ്രഖ്യാപിക്കുവാൻ ശ്രീ പുത്തേഴത്തു രാമമേനോനെപ്പോലുള്ള ഒരാൾ അവലംബിച്ച ധൈര്യം ആരേയാണു ആശ്ചര്യപരതന്ത്രനാക്കാത്തതു്?

### ചമൽക്കാരം ഇല്ലെന്നോ?

ശ്രീകൃഷ്ണചരിത്രത്തിലെ ശിശുമാരണകഥയുടെ "നല്ല ഘടനാവൈചിത്ര്യവും ചമൽക്കാരപുഷ്ടിയും ബൈബിളിലേക്കു കടന്നപ്പോൾ നഷ്ടപ്പെട്ടു" എന്നും ആ കഥ "കേവലം ശുഷ്കമായ ഒരു പേക്കഥയായിത്തീർന്നു" എന്നും ലേഖകൻ പറയുന്നതിനു് ഒരു മറുപടിയേ ഞങ്ങൾക്കു പറയുവാനുള്ളു. സുവിശേഷകഥകളിലെ ചമൽക്കാരം മുഴുവനും അവയുടെ സത്യവത്വത്തിലാണു് അടങ്ങിയിരിക്കുന്നതു്. ആ ചമൽക്കാരം ഹൈന്ദവപുരാണത്തിലെ കഥക്കില്ലെന്നു് ലേഖകൻതന്നെ സമ്മതിക്കുന്നുമുണ്ടു്. "ഹിന്ദുക്കളിൽത്തന്നെ ബുദ്ധിയും ചിന്തയും ഉള്ളവരാരും വിശ്വസിക്കാത്ത ബാലിശമായകഥ" എന്നാണല്ലോ അദ്ദേഹംതന്നെ പുരാണകഥയെ അപലപിക്കുന്നതു്. അപലപനീയമെങ്കിലും, പുരാണകഥയിൽ ലേഖകൻ പ്രശംസിക്കുന്നതരം ചമൽക്കാരം അടങ്ങിയിട്ടുള്ള ചില വ്യാജസുവിശേഷഗ്രന്ഥങ്ങൾ ആദ്യശതകങ്ങളിൽ ഉണ്ടായിട്ടുണ്ടു്. ഉദാഹരണമായി, ശിശുവായ ശ്രീകൃഷ്ണനെ അമ്പാടിയിലേക്കു വസുദേവൻ കൊണ്ടുപോയപ്പോൾ നടന്ന പ്രകൃതിയുടേയും മററും "മഹോത്സവങ്ങൾ" വർണ്ണിച്ചിരിക്കുന്നതുപോലെ, ശിശുവായ ക്രിസ്തുവിനെ ഈജിപ്തിലേക്കു കൊണ്ടുപോയപ്പോൾ ഉണ്ടായ പ്രകൃതിയുടെ മഹോത്സവങ്ങൾ ആ സുവിശേഷങ്ങളിലൊന്നിൽ വർണ്ണിച്ചിട്ടുണ്ടു്. "മരുഭൂമിയിലെ ചില ഭയങ്കരസത്വങ്ങൾ അവയുടെ സ്രഷ്ടാവായ ഉണ്ണിയീശോയുടെ മുമ്പാകെ മുട്ടുകുത്തുന്നതായും, സിംഹവ്യാഘ്രാദിവന്യമൃഗങ്ങൾ അവിടത്തെ ആരാധിക്കുന്നതിനായി മുമ്പോട്ടുവരുന്നതായും, ഉണങ്ങിവരണ്ടുകിടക്കുന്ന മണൽപ്പുറത്തു് അവിടത്തെ പാദസ്പർശമുണ്ടാകുന്നസ്ഥലങ്ങൾ ഉടനടി തൃണഗുല്മലതാദികളാൽ പരിപൂർണ്ണങ്ങളാകുന്നതായും, അവ മനോഹരങ്ങളും സുരഭിലങ്ങളുമായ പുഷ്പങ്ങളെ വഹിക്കുന്നതായും, വൃക്ഷങ്ങൾ അവയുടെ കനികളെ ഈ ദിവ്യപാന്ഥന്മാർക്കു് പ്രദാനംചെയ്യുന്നതിനായി അവയുടെ ശാഖകളെ ചായ്ച്ചുകൊടുക്കുന്നതായും" മററുമാണു് ആ വർണ്ണനകൾ. എന്നാൽ സത്യവത്വമെന്ന സർവ്വപ്രധാനമായ ചമൽക്കാരത്തിന്റെ അഭാവത്താലും വ്യാജസുവിശേഷഗ്രന്ഥങ്ങളിൽ (Ap cryphal Gospels) അടങ്ങിയിരിക്കുന്നതുകൊണ്ടും അവയെ കത്തോലിക്കർ ആദ്യംമുതൽ പരിത്യജിച്ചിരിക്കുന്നു. കത്തോലിക്കർ സുവിശേഷഗ്രന്ഥങ്ങളുടെ സ്വീകരണത്തിനുള്ള ഏക മാനദണ്ഡം അവ യഥാർത്ഥമായ ചരിത്രഗ്രന്ഥങ്ങളാകുന്നു എന്നതാണു്. ചമൽക്കാരത്തിന്റെ കാര്യത്തിൽ അവരുടെ വിലമതിപ്പു് ആംഗ്ലേയ കവിയായ ഡ്രൈഡന്റെ വാക്കുകളിൽ പറയാം:-

പരമാർത്ഥമതിൻവക്ത്രം
വദനാകൃതിയുംതഥാ
അവശ്യം പ്രീതിയുണ്ടാക്കും
ഏകസന്ദർശനാദിഹ.

"Truth has such a face
and such a mien,
As to be loved needs only
to be seen."

——

## പ്രതിമാസ ഗ്രന്ഥക്ലബിനു് ആശീർവാദം

എറണാകുളത്തു ആരംഭിച്ചിരിക്കുന്ന പ്രതിമാസഗ്രന്ഥക്ലബിന്റെ പ്രവർത്തകന്മാർക്കു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് സദയം അയച്ചുകൊടുത്ത ആശീർവ്വാദലേഖനത്തിന്റെ പരിഭാഷയാണു് താഴെ ചേർക്കുന്നതു്:—

നിങ്ങൾ ഒരു കത്തോലിക്കാ പ്രതിമാസഗ്രന്ഥക്ലബ്ബു് സ്ഥാപിക്കുകയാണെന്നറിയുന്നതിൽ നമുക്കു വളരെ സന്തോഷമുണ്ടു്. നേർവഴിക്കുള്ള വളരെ ശ്ലാഘനീയമായ ഒരു പ്രസ്ഥാനമാണിതു് എന്നു പറയുവാൻ നമുക്കൊരു മടിയുമില്ല. ഈ ഉദ്യമം സഫലമാകുന്നപക്ഷം, നമ്മുടെ ചുററും ഇപ്പോൾ ശക്തിമത്തായി നടന്നുപോരുന്ന ദുഷിച്ച പ്രചരണത്തിനു പ്രതിവിധിയായിരിക്കത്തക്കവണ്ണം, തടുക്കാനും കൊടുക്കാനുമുള്ള ശക്തിയേറിയ ആയുധമായിരിക്കും അതു് എന്നു തീർച്ചയാണു്. എതിരാളികളുടെ ക്യാമ്പിലെ അബദ്ധമായ തത്വോപദേശങ്ങളേയും ആദർശവാദങ്ങളേയും തട്ടിനീക്കുന്നതിൽ നമ്മുടെ കത്തോലിക്കരെ അതു ശക്തിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യും.

പ്രസ്ഥാനത്തിനു സകലവിജയവും ആശംസിച്ചുകൊണ്ടു്, കത്തോലിക്കാ പ്രതിമാസഗ്രന്ഥക്ലബിന്റെ പ്രാരംഭപ്രവർത്തകന്മാരെ നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

## പ്രതിമാസഗ്രന്ഥക്ലബ്ബ്, എറണാകുളം

ഡയറക്ടറന്മാർ

1 വെരി റവ. ഫാദർ ഔറേലിയൻ ഒ. സി. ഡി. റെക്ടർ, അപ്പസ്തോലിക്കു് സെമ്മിനരി, ആലുവാ.
2 ശ്രീ ചാക്കോള ലോനപ്പൻ അവുസേപ്പു്, Strotex Perumanoor.
3 ശ്രീ ജെ. അലക്സാണ്ടർ പറമ്പിത്തറ എം. എ. എൽ. ററി., എം. എൽ. എ. ചെയർമൻ, എറണാകുളം മുനിസിപ്പാലിററി.
4 ശ്രീ സേവിയർ എക്സ്. കുണ്ടുകശേരി, പെരുമാനൂർ.
5 റവ. ഫാദർ സി. കെ. മററം. എം. ആർ. എ. എസ്സ്., എഫ്. ആർ. എസ്സ്. എ.
6 ശ്രീ ബി. എം. പീററർ, കൊച്ചിൻ.
7 ശ്രീ എ. സി. എം. അന്ത്രപ്പേർ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 24 | Ernakulam July 11, 1951 | No. 44


(1-ാം പേജ് തുടർച്ച)

അപ്പച്ചൻ നിർബന്ധിച്ചതിനെ അവർ എതിർത്തതിന്റെ ഫലമായിട്ടായിരിക്കാം ഇങ്ങനെ സംഭവിച്ചത്.

ഞങ്ങൾ മുമ്പേപോലെ മെത്തഡിസ്റ്റ് പള്ളിയിൽ പോകുവാൻ തുടങ്ങിയപ്പോഴാണ് ഞങ്ങളുടെ ജീവിതസ്ഥലത്തെ മതാചാരങ്ങളോട് ഞങ്ങളുടെ കുടുംബക്കാർ യോജിക്കുന്നില്ലെന്ന ഞങ്ങളുടെ മനസ്സിലായത്. യൂനിറേറിയൻസ് എന്നാണ് ഞങ്ങൾ അറിയപ്പെട്ടിരുന്നത്—അതായത് പരിശുദ്ധ ത്രിത്വത്തിൽ വിശ്വസിക്കാത്തവർ എന്ന്. ഞങ്ങൾ ഉയിർപ്പും പിറവിയും ആഘോഷിക്കുന്നുണ്ടോ എന്നുപോലും ഞങ്ങളുടെ അയൽക്കാർ സംശയിച്ചു. ഈ കാലത്ത് ഈസ്റ്റർ റാബിററ്, സാന്താക്ലാവൂസ് മുതലായ വിനോദങ്ങൾക്ക് ഞങ്ങളുടെ കുടുംബത്തിൽ പ്രധാനസ്ഥാനം ഉണ്ടായിരുന്നു; ഞങ്ങൾ അവ പൂർണ്ണമായി ആഘോഷിക്കുകയും ചെയ്തിരുന്നു. പക്ഷേ ദിവ്യനാഥന്റെ പിറവിയെപ്പററി അധികമൊന്നും ഞങ്ങൾ കേട്ടിരുന്നില്ല; ഉയിർപ്പിനെപ്പററിയാകട്ടെ യാതൊന്നും തന്നെ കേൾക്കാൻ ഇടവന്നിട്ടില്ല. അവയെല്ലാം ക്രൈസ്തവമല്ലാത്ത അവധിദിവസങ്ങളായിരുന്നു. വേദപാഠക്ലാസുകളിൽ ഞങ്ങൾ ക്രമമായി പോയിരുന്നു. അവിടെ കിട്ടിയിരുന്ന പടങ്ങളും പത്രികകളും ഞങ്ങൾ ശേഖരിച്ചു. ക്ലാസ്സംബന്ധിച്ച പാർട്ടികൾക്കു ഞങ്ങൾ പോകുമായിരുന്നു. പാഠപുസ്തകങ്ങളിൽ ഞങ്ങൾ പഠിച്ചിരുന്ന പാഠങ്ങളെല്ലാന്നും അത്ര കാര്യമായി ഞങ്ങൾ കരുതിയില്ല. ഞങ്ങൾക്കു ക്ലാസിൽ കിട്ടിയ ആശയങ്ങൾ വീട്ടിലെ വിവാദംമൂലം പലപ്പോഴും മാറിയിരുന്നു. ഇതുമൂലം മെത്തഡിസ്റ്റുകാർ പഠിപ്പിക്കുന്നതിനെ ഞങ്ങൾക്കു വിശ്വസിക്കുവാൻ വയ്യാത്തത് എന്തുകൊണ്ടാണെന്നു ഞങ്ങൾ അത്ഭുതപ്പെട്ടു. മാതാപിതാക്കന്മാരെ അനുസരിച്ച് വേദപാഠത്തിനു വന്നിരുന്ന കുട്ടികളോട് എനിക്കു വാസ്തവത്തിൽ അസൂയ തോന്നി. ഈ മാതാപിതാക്കന്മാർ പക്ഷേ ക്ലാസുകളിൽ പഠിപ്പിക്കുന്നതായിരുന്നിരിക്കാം; എങ്ങനെയും ഇവർ ഭക്തകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു.

എന്റെ അപ്പൻ മരിച്ചപ്പോൾ എനിക്കു ഏഴുവയസ്സുണ്ടായിരുന്നു. ബന്ധുജനങ്ങൾ ധരിച്ചിരുന്ന പ്രത്യേകവസ്ത്രങ്ങളെപ്പററി മാത്രം എനിക്ക് ഓർമ്മയുള്ളൂ. മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്സാ കർബാനയോ ഉണ്ടായിരുന്നില്ല. അതു എത്ര മോശമായിട്ടാണ് ഇപ്പോൾ തോന്നുന്നത്.

എനിക്കു പന്ത്രണ്ടു വയസ്സായപ്പോൾ എന്റെ ക്ലാസിലുള്ളവർ മുമ്പലത്തെ കുർബാന സ്വീകരിച്ചു. മററുള്ളവരുടെകൂടെ പോകുന്നതിന് എനിക്കും ആഗ്രഹമുണ്ടായിരുന്നു. അവർ വിശേഷവസ്ത്രം [illegible] മാണു പഠിച്ചു എനിക്കു അതറിഞ്ഞുകൂടായിരുന്നു. "ഏകയും വിശുദ്ധവും ആയ കത്തോലിക്കാസഭയിൽ വിശ്വസിക്കുന്നു" എന്നു ഞാൻ ഓർക്കുന്നു. തങ്ങൾ "കത്തോലിക്കർ" അല്ലെന്ന ബോധമുണ്ടായിരുന്നതുകൊണ്ട് ഈ വ്യാഖ്യാനം വിസ്മരിക്കപ്പെട്ടു. [illegible] സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ

ഞാൻ ഇല്ലെന്നുള്ള കാര്യത്തെപ്പററി ഞാൻ പറഞ്ഞറിഞ്ഞതിനാൽ അവിടത്തെ വൈദികൻ ഒരു ഞായറാഴ്ച വൈകുന്നേരം അമ്മയെ കാണാൻ വന്നു. അവിചാരിതമായിരുന്ന ഈ സന്ദർശനം അവിസ്മരണീയവുമായിരുന്നു. ഇതിനുമുമ്പ് അദ്ദേഹം ഞങ്ങളുടെ വീട്ടിൽ വന്നിട്ടില്ല. അദ്ദേഹം നടന്നുവരുന്നത് മുമ്പിലത്തെ മുറിയുടെ കർട്ടന്റെ ഇടയിൽക്കൂടി ചിലർ കണ്ടു. ചീട്ടുകളിച്ചുകൊണ്ടിരുന്ന അവർ പെട്ടെന്നു കളിനിർത്തി ചീട്ടെല്ലാം മാററിവച്ചു. കാരണം ചീട്ടുകളി അദ്ദേഹത്തിനു ഇഷ്ടമില്ലായിരുന്നു; പോരെങ്കിൽ അതൊരു ഞായറാഴ്ചകൂടി ആയാൽ വലിയ ഉതപ്പായി! ഇതു തെററാണെന്ന് എന്റെ കുടുംബക്കാർ വിചാരിച്ചിരുന്നുവോ എന്ന് വാസ്തവത്തിൽ ഞാൻ സംശയിച്ചു. അതു ശരിയാണെന്ന് അവർ വിചാരിച്ചിരുന്നുവെങ്കിൽ തങ്ങൾക്കു യാതൊരു കാര്യവും ഇല്ലാത്ത ഒരാൾ അവർ കളിക്കുന്നതു കാണുന്നതിൽ അവർ ഇത്ര വിഷമിക്കേണ്ട ആവശ്യമില്ലല്ലോ.

എങ്ങനെയായാലും ആ സന്ദർശനം കേവലം ഉപചാരപരമായ ഒന്നായിരുന്നു. ആ വൈദികന്റെ ഉൽബോധനങ്ങളെ അമ്മ അക്ഷമയായി കേട്ടുകൊണ്ടിരുന്നു. അമ്മയുടെ ആദർശങ്ങളോടു തനിക്കുണ്ടായിരുന്ന അഭിപ്രായവ്യത്യാസത്തെ അദ്ദേ-


FIXED DEPOSITS

2 years 4½%

6 months & above 4%

The Bank of Cochin Ltd

ERNAKULAM

*Branches:*

CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND


ഹം വിവേകപൂർവ്വം വ്യക്തമാക്കി. എന്നെ സംബന്ധിച്ച കാര്യങ്ങൾ അമ്മ പറഞ്ഞുകൊണ്ടിരുന്നതു ഞാൻ കർട്ടന്റെ ഇടയിൽക്കൂടി കേട്ടുകൊണ്ടിരുന്നു. ഞാൻ വളരെ ചെറുപ്പമാണെന്നും എന്റെ മനോഭാവം എന്താണെന്ന് അറിയുവാൻ ഇപ്പോൾ നിവൃത്തിയില്ലെന്നും ഞാൻ വളർന്നുവന്ന് ഏതുസഭയിലെ അംഗത്വം സ്വീകരിക്കുവാനാണ് ആഗ്രഹിക്കുന്നതെന്ന് വ്യക്തമാകുന്നതുവരെ ക്ഷമിച്ചിരിക്കണമെന്നും അമ്മ പറഞ്ഞു. "ലഭയിൽ ചേരുക" എന്നാണ് അവർ ഇതിനെപ്പററി പറഞ്ഞിരുന്നത്. ഇക്കാര്യങ്ങൾ തീരുമാനിക്കുന്നതിനു ഞാൻ പ്രായപൂർത്തിയാകുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ലെന്നും അമ്മയെ ഗ്രഹിപ്പിക്കേണ്ടതു തന്റെ കർത്തവ്യമായി റവ. ബ്രൗൺ കരുതി. അതെല്ലാം വളരെ ഉപചാരപൂർവ്വമാണ് അദ്ദേഹം ചെയ്തത്. പക്ഷേ അവർ ഇതുവരെ സ്വാഭിപ്രായങ്ങളെ മുറുകെപ്പിടിച്ചിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ആശങ്കയായില്ലെന്നും കർട്ടന്റെ പിന്നിൽനിന്നുകൊണ്ടു ഞാൻ ഗ്രഹിച്ചു.

നീണ്ടുനിന്ന ഒരു സുഖക്കേടിനുശേഷം ഞാൻ ഒരു വലിയ സർവ്വകലാശാലയിൽ പ്രവേശിച്ചു. അപ്പോൾ പെട്ടെന്നു ഞാൻ വളർന്നതുപോലെ എനിക്കുതോന്നി. പുരുഷന്മാരും സ്ത്രീകളും എന്നാണ് ഞങ്ങളെ വിളിച്ചിരുന്നത്. ആൺകുട്ടികളും പെൺകുട്ടികളും എന്നല്ല. ഞാൻ കോളെജിൽ പോയതിന്റെ ഉദ്ദേശം എനിക്കു വായിക്കുന്നതിന് ഇഷ്ടമുണ്ടായിരുന്ന ഗ്രന്ഥങ്ങളെപ്പററി കൂടുതൽ വിവരങ്ങൾ ഗ്രഹിക്കുന്നതിനും ഏതെങ്കിലും ഒരു ജീവസന്ധാരണമാർഗ്ഗം പരിശീലിക്കുന്നതിനും മാത്രമായിരുന്നു. വിദ്യാഭ്യാസത്തിന്റെ കൂടുതൽ പ്രായോഗികമായവശങ്ങളെപ്പററിയും വിദ്യാലയത്തിലെ സൗകര്യങ്ങൾ ശരിയായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും എന്റെ കുടുംബാംഗങ്ങൾ അനുസ്യൂതം ശക്തിമത്തായി ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. ഉന്നതവിദ്യാഭ്യാസത്തിൽനിന്നും വലിയ കാര്യങ്ങൾ ഞാൻ ആശിച്ചിരുന്നു. പക്ഷേ ബിരുദധാരിണിയായി പുറത്തുവന്നതോടെ എന്റെ ആദർശങ്ങളിലും തത്ത്വങ്ങളിലും വലിയ മാററങ്ങൾ വന്നുചേർന്നു.

വിദ്യാലയത്തോടു യാത്രപറഞ്ഞ അവസരത്തിൽ ഞാൻ ഒരു ഉച്ചനാസ്തികയാണെന്നു ഞാൻ വിശ്വസിച്ചു. മിക്കവാറും ഞാൻ എന്താണെന്നു തന്നെ ആയിരുന്നു. എന്റെ ആത്മാവിന്റെ കാര്യത്തിൽ ഞാൻ യാതൊരു ശ്രദ്ധയും പതിച്ചില്ല; ആത്മാവില്ലെന്നു ഞാൻ നടിച്ചു എന്റെ കുട്ടിക്കാലത്ത് [illegible]


ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ മകളുടെ കുട്ടിക്ക് സൗഖ്യം കിട്ടിയതിന് നന്ദി.

എന്ന് കുളങ്ങര വർക്കി ചാക്കോ.


പ്പററിയും മതത്തെപ്പററിയും എനിക്ക് വ്യക്തമായ യാതൊരാശയവും ഉണ്ടായിരുന്നില്ല. പക്ഷേ ഇതു കേവലം ജ്ഞാനത്തിന്റെ അഭാവം മാത്രമായിരുന്നു. ഈ അവസരത്തിലാകട്ടെ ദൈവമില്ലെന്നും മതം തെററായ തത്വശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്നും ആയിരുന്നു എന്റെ ഉറച്ച അഭിപ്രായം. വിശ്വാസത്തിലെ തത്വങ്ങളുടെ അസ്തിത്വത്തിനു ശാസ്ത്രീയമായ വ്യാഖ്യാനം നൽകാൻ അപ്രാപ്തരായ പാതിരിമാരും ശുദ്ധഗതിക്കാരുമായ ജനങ്ങൾക്കുമാത്രമേ മതം ഉപകരിക്കൂ എന്നാണ് ഞാൻ വിചാരിച്ചത്.

ബുദ്ധിപരമായി ആദ്യം എനിക്ക് ഒരു വലിയ കലക്കം തട്ടിയതു സമൂഹ്യശാസ്ത്രം സംബന്ധിച്ച പ്രഥമപദ്ധതി പഠിച്ചുകൊണ്ടിരിക്കവേ ആണ്. ചരിത്രത്തിന്റെ വിശാലവ്യാപകവും അതിപുരാതനവുമായ വശങ്ങളെപ്പററി യുവവിദ്യാർത്ഥികളെ ഗ്രഹിപ്പിക്കുകയും തദ്വാരാ സംസ്കാരങ്ങൾക്കു പരസ്പരമുള്ള ബന്ധത്തിന്റെ സ്വഭാവത്തെ അവരെ മനസ്സിലാക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യം. സമൂഹപ്രസ്ഥാനങ്ങളുടെ സൃഷ്ടിക്കെല്ലാം പശ്ചാത്തലങ്ങളുടെയും അടിസ്ഥാനം ഇതായിരുന്നു. സമൂഹ്യശാസ്ത്രത്തിൽ പെട്ടെന്ന് ഞാൻ അത്യധികം ശ്രദ്ധാലുവായി തീർന്നു. ഞങ്ങളുടെ പ്രൊഫസർ അദ്ധ്വാനശീലത്തിന്റെയും ഹൃദയന്നതയുടെയും

യും ശത്രുവായിട്ടാണ് പരിഗണിക്കപ്പെട്ടുപോന്നത്. അദ്ദേഹത്തിന്റെ പ്രതിപാദനരീതി മിക്ക കുട്ടികൾക്കും വളരെ രസാവഹമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും യഹൂദരും ഉണ്ടായിരുന്നു. ഈ പ്രതിപാദനരീതി കുറച്ചുപേർക്ക് ഇഷ്ടമായില്ല. അവരിൽ ചിലരെ രഹസ്യമായും അപൂർവ്വം ചിലരെ പരസ്യമായും അദ്ദേഹം വേദനപ്പെടുത്തി. ക്രിസ്തീയപ്രബോധനങ്ങളെ അധിക്ഷേപിക്കുന്നതിൽ


ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ അമ്മയുടെ സുഖക്കേട് സൗഖ്യമായതിനു ഉപകാരസ്മരണ.

സി. സി. എസ്തപ്പാൻ


അദ്ധ്യാപകരോടു ചോദ്യം ചോദിക്കുകയും നിസ്സ്വരെ പരിഹസിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ക്രിസ്തു ഭൂലോകത്തിൽ ജീവിച്ചിരുന്നു എന്നുള്ളത് ഒരു ചരിത്രവസ്തുത ആയിരിക്കാമെന്നും അവിടുന്ന് അല്പം ബോധിനശക്തി വെളിപ്പെടുത്തിയിരിക്കാമെന്നും ഞങ്ങളുടെ പ്രൊഫസർ സമ്മതിച്ചിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്രിസ്തുനാഥൻ പൊളിപ്പിച്ച ഒരു പരാജയമായിരുന്നു. ഭയങ്കര യഹൂദരെ അദ്ദേഹം പുച്ഛിച്ചിരുന്നു. ഞാൻ പഠിച്ചിരുന്ന ആശയങ്ങൾ വിപരീതമായി അദ്ദേഹത്തിന്റെ മതപരമാ-


വി. അന്തോനീസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.


സ്ത്രത്തിൽ യാതൊന്നും ഇല്ലായിരുന്നു. തന്മൂലം അദ്ദേഹം പറയുന്ന അദ്ദേഹത്തിന്റെ ആശയങ്ങൾ ശരിയും ആയിരിക്കണം എന്നു ഞാൻ തീരുമാനിച്ചു. പല കുട്ടികൾക്കും അദ്ദേഹത്തെ വളരെ കാര്യമായിരുന്നു. അദ്ദേഹം "എന്റെ കണ്ണുകൾ തുറന്നുവെന്ന്" ഞങ്ങളുടെ കുടുംബാംഗങ്ങളെല്ലാപേരും ഞാനും വിചാരിച്ചു. അതിനുമുമ്പ് എന്റെ അഭിപ്രായങ്ങൾ അധികവും വസ്തുക്കളുടെ ആപേക്ഷികതയെ ആധാരമാക്കിയുള്ളവയായിരുന്നു. കൊള്ളിലെ ഇരിപ്പിടസംഭവങ്ങളിലോ സർവ്വരാഷ്ട്രീയവ്യവഹാരങ്ങളിലോ മററു രാഷ്ട്രീയകാര്യങ്ങളിലോ എനിക്കു താല്പര്യമുണ്ടായിരുന്നില്ല.

(തുടരും)

(Translated by A. V. Thomas)

## സൗജന്യ വിതരണ ഫണ്ട്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി, സെന്റ് ആന്റണീസ് കോൺഫറൻസ്, ആനക്കല്ല്, കാഞ്ഞിരപ്പള്ളി — ക. 6—0—0

പി. മത്തായി പഴയേടം, കൊല്ലാതോട്ടിൽ വീട്, വടയാർ വടക്ക് — ക. 6—0—0


പരിഷ്കൃതരീതിയിലുള്ള സ്വർണ്ണാഭരണങ്ങൾക്ക് ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക

സി. കെ. ലോനപ്പൻ & ബ്രദേഴ്സ്

ആഭരണവ്യാപാരം

ബ്രോഡ്‌വെ, ഫോൺ Shop 157 Residence 157 A എറണാകുളം